ഈ നാലവസ്ഥകളിൽ മദ്ധ്യമക്ക് എന്തുകൊണ്ട് പ്രധാന്യമേറുമെന്ന താണ് ഇവിടെ വിഷയം. ഉള്ളിലുള്ള ആശയത്തെ മറ്റുള്ളവർക്ക് വ്യക്തമാക്കി ക്കൊടുക്കാനാണ് ഭാഷ. ആരോടുപറയണം, എന്തുപറയണം, എങ്ങനെ പറ യണം എന്ന അറിവുണ്ടെങ്കിലേ സംഭാഷണം നടക്കൂ. സംസാരിക്കുന്ന ഭാഷ, അതിലെ വാക്കുകൾ, അതിൽ നിറഞ്ഞിരിക്കേണ്ട രസം, ഭാവം ഇതെല്ലാം നൊടിയിടകൊണ്ടു നിശ്ചയിച്ചിട്ടുവേണം, അത് പുറപ്പെടുവിക്കാൻ. ഈ വിപുലമായ തയ്യാറെടുപ്പുനടക്കുന്നത് അനാഹതചക്രത്തിൽ, ജ്ഞാനശ ക്തിയുടെ ഊർജ്ജം വഹിക്കുന്ന മദ്ധ്യമാതലത്തിലാണ്. ഒരാളുടെ ജീവി തത്തെ പൂർണ്ണമായി നിയന്ത്രിക്കുന്നതും നിയന്ത്രിക്കേണ്ടതും മദ്ധ്യമകൊ ണ്ടാണെന്നു സ്പഷ്ടം. ഔചിത്യം, വിവേകം തുടങ്ങിയ ഗുണങ്ങളെല്ലാം ഉണ്ടാകേണ്ടത് മദ്ധ്യമയിലാണ്. ചുരുക്കത്തിൽ മദ്ധ്യമ നന്നായാൽ ശബ്ദം നന്നായി, മദ്ധ്യമയിൽ പിഴച്ചാൽ ജീവിതം പിഴച്ചു. ഇതാണ് മദ്ധ്യമയുടെ പ്രാധാന്യം. ആശയമുണ്ടാകുക, അതു പ്രകടിപ്പിക്കാനുള്ള ജ്ഞാനമുണ്ടാ കുക, പ്രകടിപ്പിക്കുക ഇതിന് സർവ്വ പ്രാധാന്യം കൊടുത്തേതീരൂ. എത്രശ്ര ദ്ധിച്ചാലും വാക്കിൽ പിഴവരാം. അതു മദ്ധ്യമയിൽ വരുന്ന പിഴവു കൊണ്ടാണ്. അത്തരം പിഴവുകൾക്കു പരിഹാരം മദ്ധ്യമയിൽത്തന്നെ ചെയ്യ ണം. അതിനുള്ള രാഗമാണ് മദ്ധ്യമാവതി.

ഇത് ഒരുദാഹരണം കൊണ്ട് വ്യക്തമാക്കാൻ ശ്രമിക്കാം. ഒരാൾക്ക് എന്തെങ്കിലും തരത്തിലുള്ള ജീവിത പരാജയമുണ്ടാകുന്നുവെന്ന് കരുതുക. ജ്യോതിഷി പറയും, കുടുംബദേവതയുടെ മുഷിച്ചിൽ മാറ്റണമെന്ന്. സ്വന്തം കുലദേവത അഥവാ കുടുംബദേവത മുഷിഞ്ഞാൽപ്പിന്നെ മറ്റേതു ദേവത പ്ര സാദിച്ചിട്ടും കാര്യമില്ല, ആദ്യം അവിടെ നീതി വരുത്തിയേതീരൂ. അതു പോലെ മദ്ധ്യമയിൽ കുഴപ്പമുണ്ടായാൽ അതു പരിഹരിച്ചെങ്കിൽ മാത്രമേ എന്തിനും ശാശ്വത പരിഹാരമുണ്ടാകുകയുള്ളു. ഉള്ള ഐശ്വര്യം വർദ്ധി ക്കാനും വന്ന ഐശ്വര്യക്കേടു മാറ്റാനും ആദ്യം കുലദേവത എന്നതുപോലെ ഉള്ള ശരി വിളങ്ങുവാനും ശരികേടുകൾ പരിഹരിക്കാനുംആണ് മദ്ധ്യമാവതി പാടുന്നതും ഇത് ഗായകരുടെയും ശ്രോതാക്കളുടെയും ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഉപാധിയാണ്. ഈ മദ്ധ്യമാവതി സംസ്ക്കാരം ദക്ഷിണഭാരതത്തിലെ ജനപദകലകളിൽപ്പോലും അലിഞ്ഞു ചേർന്നിട്ടുണ്ടെന്നാണ് വളരെ പരിമിതമായ പരിചയം വെച്ചുകൊണ്ട് കരുതു ന്നത്.

വേറിട്ട മലയാളവഴി

ഭാരതത്തിന്റെ പൊതുരീതിയിലും ദക്ഷിണാപഥത്തിന്റെ പ്രത്യേക രീതിയിലും ചേർന്നു പോകുമ്പോഴും സ്വന്തം വ്യക്തിത്വം എടുത്തുകാട്ടാ നുള്ള കേരളീയ വ്യഗ്രതയ്ക്ക് കുറവുവരുന്നില്ല. ഭരതമുനി പറയുന്ന ആന്ദോ ളഗമകമാണ് കേരളത്തിന്റെ സ്വന്തം രീതി. അത് ക്ഷേത്ര നടയിൽ ഇടയ്ക്ക കൊട്ടിപ്പാടുന്ന സോപാന സംഗീതമായി വളർന്നു. ശുദ്ധമായ കണ്ഠം കൊണ്ട് അകാരം പുറപ്പെടുവിച്ച് അതിനെ ആരോഹണാവരോഹണങ്ങളുടെ തരംഗഭംഗിയിൽ നിറയ്ക്കുന്നതാണ് സോപാനമാർഗ്ഗം. അത് എ.ഡി.പതി നേഴാംനൂറ്റാണ്ടായപ്പോഴേക്കും കഥകളി സംഗീതമായി വളർന്നുവികസിച്ചു.

കഥകളി സംഗീതം സമ്പുഷ്ടമായതിനുശേഷമാണ് കർണ്ണാടകസംഗീതത്തിന്റെ സമഗ്രമായ വളർച്ച, അതിനാൽ കർണ്ണാടക സംഗീതത്തിന്റെ ശീലങ്ങൾ സോപാനസംഗീതത്തിൽ കാണണമെന്നില്ല.

ദേവീദേവന്മാരുടെ തിരുമുമ്പിൽ അനുഷ്ഠാനമായി അവതരിപ്പിക്കുന്ന സംഗീതത്തിന് പിഴ വരാൻ സാദ്ധ്യത കുറയും. അവ ചിട്ടപ്രധാനമാകയാൽ വ്യതിചലനസാദ്ധ്യത കുറയും. അഥവാ പോരായ്മകൾ വന്നാൽ ഈശ്വരാനുഗ്രഹംകൊണ്ട് അപ്പപ്പോൾ ദോഷങ്ങൾ നീങ്ങുകയും ചെയ്യും. കഥകളിസംഗീതമാണെങ്കിൽ സന്ധ്യ മയങ്ങുമ്പോളാരംഭിച്ച് അരുണോദയം വരെ രാവുമുഴുവൻ നീണ്ടുനിൽക്കുന്നതാണ്. കഥകളിക്കാർ പ്രഭാതരാഗങ്ങൾ പാടി അവസാനിപ്പിക്കുന്നതിൽ ഔചിത്യം കണ്ടെത്തുന്നു.തേവാരപ്പാട്ടു പാരമ്പര്യത്തെ ഓർമ്മിപ്പിക്കുന്ന പുറനീരയും ഭൂപാളവുമൊക്കെ അവിടെ സ്വീകാര്യമാകുന്നു.

കൊട്ടാരക്കരത്തമ്പുരാന്റെ എട്ടു ദിവസത്തെ കഥകളിൽ സീതാസ്വയംവരം മാത്രമാണ് മദ്ധ്യമാവതി ചെമ്പടിയിൽ കലാശിക്കുന്നത്. നാലു ദിവസം നീര രാഗം ചെമ്പടതാളത്തിൽ പൂർണ്ണമാകുന്നു. കോട്ടയത്തു തമ്പുരാന്റെ കഥകളിൽ മദ്ധ്യമാവതിയേയില്ല. കർമ്മീര വധം ഭൂപാളം- ചെമ്പടയിൽ നിർത്തുന്നു. ഉണ്ണായിവാര്യരുടെ നളചരിതം നാലാം ദിവസം മാത്രമാണ് മദ്ധ്യമാവതിയിൽ തീരുന്നത്. ഒന്നും മൂന്നും ദിവസങ്ങളിൽ പുറനീരയിലാണ്. കുഞ്ചൻ നമ്പ്യാരുടെ എട്ട് കഥകളിൽ ശാകുന്തളം ആറാംദിവസം മാത്രം മദ്ധ്യമാവതി പഞ്ചാരിയിൽ അവസാനിപ്പിച്ചിട്ടുണ്ട്. കാർത്തിക തിരുനാൾ രാമവർമ്മയും അശ്വതിതിരുനാളും ഇരയിമ്മൻ തമ്പിയും മദ്ധ്യമാവതി കൊണ്ട് കഥകൾ ഉപസംഹരിക്കുന്നില്ല. അവരുടെയൊക്കെ കാലം മുതൽ പുറനീരയ്ക്ക് അങ്ങനെയൊരു സ്ഥാനം ഏറിവരുന്നതായി കാണുന്നു. നാഥനാമക്രിയ, മോഹനം, ബലഹരി, പന്തുവരാളി, മലഹരി, ധനാശി എന്നിങ്ങനെ മറ്റു രാഗങ്ങളും മംഗളകരങ്ങളായി മാറുന്നു. എന്നു തന്നെയല്ല കഥകളി അവസാനിപ്പിക്കേണ്ടത് ധനാശി എന്ന നൃത്തവിശേഷത്തോടുകൂടിയായിരിക്കണമെന്ന് നിർബന്ധമുണ്ട്. അതിനാൽ രാഗാലാപനത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമില്ലെന്നും വരുന്നു. നൃത്യ കലയുടെ കാര്യത്തിൽ നൃത്ത രീതി കൊണ്ടാണ് ഉചിതമായ പരിസമാപ്തി കുറിക്കേണ്ടത് എന്നാവാം സങ്കല്പം.

നാമറിയാതെതന്നെ നമ്മിൽ ഊറിക്കൂടിവരുന്ന ശീലങ്ങളാണ് സംസ്കാരം. ഭരതമുനിയുടെ കാലം മുതൽ ഒരു നൃത്തഗീത വാദ്യസംസ്കാരം ഭാരതത്തിനുണ്ട്. ചിലപ്പതികാരം തൊട്ടെങ്കിലും തമിഴകത്തിനും ഒരു കലാപാരമ്പര്യമുണ്ട്. നവദീപത്തിലുണ്ടായ ഗീതഗോവിന്ദവുമായി ബന്ധപ്പെട്ട ഒരു കേരളവഴി വേറെയുണ്ട്. ഇവയെല്ലാം കൂടി സമന്വയിച്ചതാണ് ഇന്നത്തെ കർണ്ണാടക സംഗീതം. വൈദിക താന്ത്രിക പാരമ്പര്യങ്ങൾ ഒത്തുചേർന്നതാണ് ഇന്നത്തെ ആചാരാനുഷ്ഠാനങ്ങൾ. മദ്ധ്യമാവതി സർവ്വമംഗളരാഗമായി പാടിനിർത്താനുള്ള വാസന ആ താന്ത്രിക സംസ്കാരത്തിന്റെ ഫലമാണെന്ന് ഏറെക്കുറെ ഉറപ്പിച്ചുപറയാം.

S R G M P D N S

കേരളത്തിലെ താളങ്ങൾ

N D P M G R S

ഡോ. മനോജ് കുറൂർ

ഉത്തരാധുനിക കവി. പ്രസംഗികൻ. ആധുനിക മലയാള കവിതയിലെ ഫോക്ക് താളങ്ങളിൽ ഡോക്ടറേറ്റ് നേടി. തായമ്പകയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. നിലം പൂത്തു മലർന്ന നാൾ, കോമ, തൃത്താല കേശവൻ, കഥപറയുമ്പോൾ എന്നിവ പ്രധാന കതികളാണ്. 2007 ൽ സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചു.

വിലാസം: അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, എൻ. എസ്. എസ്. ഹിന്ദു കോളേജ്ചങ്ങനാശ്ശേരി

ഭൂമിശാസ്ത്രപരമായി ചെറിയൊരു പ്രദേശമാണെങ്കിലും കേരളത്തിൽ നിരവധി പാരമ്പര്യകലകൾ ഇന്നും പ്രചാരത്തിലുണ്ട്. ഇവയിൽ കഥകളി, കൂടിയാട്ടം, കൃഷ്ണനാട്ടം തുടങ്ങിയവയെ ക്ലാസ്സിക്കൽ കലകൾ എന്നും തെയ്യം, പടയണി, ഗരുഡൻ തൂക്കം, മുടിയേറ്റ്, പൂരക്കളി, കണ്ണിയാർകളി, കുമ്മാട്ടിക്കളി, മാർഗംകളി, ദഫ് മുട്ട്, സംഘക്കളി മുതലായവയെ ഫോക് എന്നുമാണ് വ്യവഹരിക്കാറുള്ളത്. ഇവയിൽ നാടോടിക്കലകളുടെ എണ്ണം തിട്ടപ്പെടുത്താൻപോലും ഇതുവരെ സാധിച്ചിട്ടില്ല. എൺപത്തിരണ്ടു നാടോടി ദൃശ്യകലകളെക്കുറിച്ചുള്ള പ്രാഥമികസൂചനകൾ സമാഹരിച്ച് 1978 -ൽ കേരള സംഗീത നാടക അക്കാദമി പ്രസിദ്ധീകരിച്ച *നാടോടി ദൃശ്യകലാസൂചിക*യുടെ ആമുഖമായി ''പുറത്തു കാണുന്നതിനെക്കാളേറെ മറഞ്ഞു കിടപ്പുണ്ടാകാം'' എന്നു ജി. ശങ്കരപ്പിള്ള അഭിപ്രായപ്പെടുന്നതു നോക്കുക. നാടോടി ദൃശ്യകലകൾ മാത്രമാണ് ആ ഗ്രന്ഥത്തിൽ സമാഹരിക്കപ്പെട്ടതെന്നും ഓർക്കുക. നാടോടി ദൃശ്യ-ശ്രാവ്യകലകളിൽ ഉപയോഗിക്കുന്ന നാടോടിത്താളങ്ങളെ സംബന്ധിച്ചും ഈ അപരിമേയത ഇന്നും നിലനില്ക്കുന്നു.

കേരളത്തിൽ നിലനില്ക്കുന്ന നാടോടിത്താളങ്ങളുടെ പഠനത്തെ സങ്കീർണമാക്കുന്ന ചില ഘടകങ്ങളുണ്ട്. കാരണം ശാസ്ത്രീയതാളപദ്ധതിയുടെ മാനദണ്ഡമുപയോഗിച്ചു നിർവചിക്കപ്പെട്ട പല താളങ്ങളെയും പേരിലും ഘടനയിലും ഓർമ്മിപ്പിക്കുന്ന പല താളങ്ങളും കേരളത്തിലെ നാടോടിക്കലകളിൽ ഇന്നും നിലനില്ക്കുന്നു. *നാട്യശാസ്ത്ര*ത്തിൽ വിശദീകരിക്കുന്ന ചച്ചത്പുടം, ഷട്പിതാപുത്രകം തുടങ്ങിയ താളങ്ങളും *സംഗീതരത്നാകര*ത്തിൽക്കാണുന്ന കാരിക, മല്ലതാളം തുടങ്ങിയ താളങ്ങളും മുപ്പത്തിയഞ്ചു സൂളാദിതാളങ്ങളിലുൾപ്പെടുന്ന ത്രിപുട, ധ്രുവം എന്നിവയും കേരളത്തിലെ നാടോടിക്കലകളിൽ കാണുന്നത് ഉദാഹരണം. മറ്റൊരു തരത്തിൽ കേരളമുൾപ്പെടെയുള്ള ദേശങ്ങളിൽ പല കാലങ്ങളിലായി പ്രചാരത്തിലുണ്ടായിരുന്ന പ്രാദേശികതാളങ്ങളെ ശാസ്ത്രീയസംഗീതപദ്ധതിയുടെ മാനദണ്ഡങ്ങളുപയോഗിച്ചു നിർവചിക്കുന്നതിനും സമാഹരിക്കുന്നതിനുമുള്ള

ശ്രമങ്ങളും ദേശിതാളങ്ങളെ അടിസ്ഥാനമാക്കിയ താളപദ്ധതികളിൽക്കാണുന്നുണ്ട്. *താളചമുത്തിരം* എന്ന പ്രാചീനമായ തമിഴ് താളശാസ്ത്രഗ്രന്ഥത്തിൽ കേരളത്തിൽ ഇന്നും പ്രചാരത്തിലുള്ള മർമ്മതാളം, കുംഭതാളം, ലക്ഷ്മി താളം തുടങ്ങി നിരവധിതാളങ്ങളെക്കുറിച്ചു പരാമർശിക്കുകയും ലക്ഷണം നിർവചിക്കുകയും ചെയ്യുന്നത് ഉദാഹരണം.

ശാസ്ത്രീയതാളപദ്ധതികളിലെ താളങ്ങളും കേരളത്തിലെ നാടോടിത്താളങ്ങളും തമ്മിലുള്ള ഈ ബന്ധത്തിന്റെ തുടർച്ചയാണ് കുഞ്ചൻ നമ്പിയാരുടെ തുള്ളലുകളിലുള്ളത്. അദ്ദേഹത്തിന്റെ *ഹരിണീസ്വയംവരം തുള്ളലിൽ* കാരികതാളം, ലക്ഷ്മിതാളം, കുംഭതാളം, കുണ്ടനാച്ചിതാളം തുടങ്ങിയ പ്രസിദ്ധമായ നാടോടിത്താളങ്ങൾക്ക് ശാസ്ത്രീയമാനദണ്ഡങ്ങളുപയോഗിച്ച് ലക്ഷണം നല്കുകയും അതേ താളങ്ങളെ അടിസ്ഥാനമാക്കിയുള്ള വരികൾ എഴുതുകയും ചെയ്തിട്ടുണ്ട്. കൂടാതെ മർമ്മം, പഞ്ചാരി, ചമ്പട, ചമ്പ, അടന്ത എന്നിങ്ങനെ കേരളത്തിൽ പ്രചാരത്തിലുള്ള മറ്റു താളങ്ങളെ അടിസ്ഥാനമാക്കിയ വരികളും നമ്പിയാരുടെ തുള്ളൽകൃതികളിൽ കാണാം.

മറ്റൊരു പ്രധാനകാര്യം കേരളത്തിലെ നാടോടിക്കലകളിലും ക്ലാസ്സിക്കൽ കലകളിലും ഒരേപോലെ പ്രയോഗമുള്ള ചില താളങ്ങളുടെ സാന്നിധ്യമാണ്. വിവിധനാടോടിക്കലകളിലും കഥകളി, കൃഷ്ണനാട്ടം തുടങ്ങിയ ക്ലാസ്സിക്കൽ കലകളിലും പ്രചാരമുള്ള ഏകം, ചമ്പട, പഞ്ചാരി, ചമ്പ, അടന്ത എന്നിവ ഉദാഹരണം. കൂടാതെ ഗരുഡൻതൂക്കമുൾപ്പെടെയുള്ള കലകളിലു പയോഗിക്കുന്നതും നാടോടിത്താളമെന്നു പ്രസിദ്ധമായതുമായ ലക്ഷ്മി താളം ക്ലാസ്സിക്കൽ കലയായ കൂടിയാട്ടത്തിലും പ്രയോഗത്തിലുണ്ട്. എങ്കിലും ലളിതമായ ഈ താളങ്ങളെ അക്ഷരകാലത്തിന്റെയും മാത്രാസംഖ്യയുടെയും അടിസ്ഥാനത്തിൽ വിവിധകാലങ്ങൾ നിർണയിച്ചു ക്രമപ്പെടുത്തുന്നതിലൂടെ കൂടുതൽ ശൈലീവത്ക്കരിക്കപ്പെട്ട നിലയിലാണ് ക്ലാസ്സിക്കൽ കലകളിൽ ഇവ ഉപയോഗിക്കുന്നത്. അംഗക്രമം, ക്രിയകൾ എന്നിവയിൽ പലപ്പോഴും വ്യത്യാസമില്ലെങ്കിലും താളത്തിന്റെ പ്രയോഗരീതിയിലാണ് ഈ കലകൾ തമ്മിലുള്ള അന്തരം എന്നു കാണാം.

പ്രകൃതിയുടെ ചലനക്രമങ്ങളെ പിന്തുടരുന്നു എന്നതിൽ ആരംഭിക്കുകയും ശബ്ദത്തിന്റെ വിവിധമാതൃകകൾ സൃഷ്ടിച്ചുകൊണ്ട് വിപുലമാക്കുകയും ചെയ്യുകയെന്നതാണ് നാടോടിത്താളങ്ങളിൽക്കാണുന്ന പ്രയോഗരീതി. അത്തരത്തിൽ വാദ്യപ്രയോഗത്തിലും വായ്ത്താരിയിലും സൃഷ്ടിക്കപ്പെടുന്ന വൈചിത്ര്യങ്ങളാണ് ഈ താളങ്ങളുടെ ഘടനയെ നിർണയിക്കുന്നത്.

എസ്. ഗുപ്തൻനായരുടെ *നാൽപ്പതു നാടൻപാട്ടുകൾ* എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ പി. സാംബമൂർത്തി നാടൻപാട്ടുകളുടെ പന്ത്രണ്ടു ലക്ഷണങ്ങൾ പറഞ്ഞിരിക്കുന്നവയിൽ ചിലത് നാടോടിത്താളങ്ങൾക്കും ബാധകമാണ്. ''സംഗീതപദ്ധതി ഋജു''വും ''താളം പ്രകട

വു''മാണ് എന്നതാണ് അതിൽ ഒരു പ്രത്യേകത. ''ഏലേലോ, ഐലസാം തുടങ്ങിയ അർത്ഥമില്ലാത്ത ശബ്ദങ്ങളുടെ ആവർത്തന''മാണ് അദ്ദേഹം കാണുന്ന മറ്റൊരു സവിശേഷത. കൂടാതെ ''ചൊൽക്കെട്ടുകളാൽ താളവട്ടത്തെ സൂചിപ്പിക്കുന്ന സമ്പ്രദായംകൊണ്ട് ചില നാടൻപാട്ടുകളുടെ മട്ടുകൾ ഓർമ്മിക്കാൻ കഴിയുന്നു'' എന്ന സൗകര്യവും പ്രധാനമാണ്.

നാടോടിപ്പാട്ടുകളുടെ വാമൊഴിയിൽത്തന്നെ പ്രകടമായ പ്രത്യേകതകളാണ് സാംബമൂർത്തി ഇവിടെ വിവരിക്കുന്നത്. ഇവ കൂടാതെ വാദ്യപ്രയോഗത്തിൽ പ്രധാനമായിക്കാണുന്ന താളങ്ങളും അവയുടെ ക്രമത്തെ നിർണയിക്കുന്ന വ്യവസ്ഥകളുമുണ്ടെന്ന കാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്. അവയിൽച്ചിലത് ചിലപ്പോൾ പാട്ടുകൾക്ക് അടിസ്ഥാനമാവുകയും മറ്റു ചിലപ്പോൾ വാദ്യം പ്രധാനമായ മേളത്തിൽ മാത്രം ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അത്തരത്തിലുള്ള താളങ്ങളാണ് ഇവിടെ ആദ്യം വിവരിക്കുന്നത്.

താളങ്ങളുടെ വൈവിധ്യം

കേരളത്തിലെ നാടോടിത്താളങ്ങളുടെ വിപുലമായ മണ്ഡലത്തിലേക്കു കടക്കുന്നതിന് ഏറെ സഹായകമാണ് ഏകചൂഴാതി എന്ന പേരിൽ അറിയപ്പെടുന്ന താളപദ്ധതി. ഏകം, രൂപം, ചമ്പട, കാരിക, പഞ്ചാരി, മർമ്മം, കുംഭം എന്നിവയാണ് ഈ പദ്ധതിയിലുള്ള ഏഴു താളങ്ങൾ. മയിൽപ്പീലിത്തൂക്കകലാകാരനായ കുറിച്ചി പി. എസ്. കുമാരനിൽനിന്നാണ് ഏകചൂഴാതിപദ്ധതിയെക്കുറിച്ചുള്ള പ്രാഥമികവിവരങ്ങൾ ലഭിച്ചത്. അവയുടെ സ്വരൂപം നിർണയിക്കുന്നതിന് മറ്റു പല ആവേദകരുടെയും കലാപ്രകടനങ്ങളും അവരുമായുള്ള അഭിമുഖങ്ങളും സഹായകമായിട്ടുണ്ട്.

കർണാടകസംഗീതത്തിൽ താളം പിടിക്കുന്നതിനുപയോഗിക്കുന്നത് ഹസ്തക്രിയകളാകുമ്പോൾ വായ്ത്താരി, ഏതെങ്കിലും വാദ്യത്തിൽ നാദത്തിന്റെ ഏറ്റക്കുറച്ചിൽ, വാദ്യങ്ങളിലുള്ള സ്ഥാനവ്യത്യാസം എന്നിവയാണ് പ്രധാനമായും നാടോടിത്താളങ്ങൾ പ്രയോഗിക്കുന്നതിനുള്ള ക്രിയകൾ. ഇവയാണ് പലപ്പോഴും താളാംഗങ്ങളെ നിർണയിക്കുന്നത്. വാദ്യത്തിലുള്ള പ്രയോഗത്തെ (കൊട്ട്) അടിസ്ഥാനമാക്കി അടി (സശബ്ദക്രിയ), ഇട (നിശ്ശബ്ദക്രിയ) എന്നിവ ഉപയോഗിച്ച് ഈ താളങ്ങൾക്ക് ലക്ഷണം പറയാം. ഒരു സശബ്ദക്രിയയുടെ അത്രതന്നെ സമയമാണ് ഒരു നിശ്ശബ്ദക്രിയയ്ക്കും. ഇത്തരത്തിൽ അടികളുടെ എണ്ണം ക്രമമായി കൂടുന്നതിലൂടെ ലളിതവും ക്രമബദ്ധവുമാണ് ഇതിലെ ആദ്യത്തെ അഞ്ചു താളങ്ങൾ. ആറാമത്തെ താളമായ മർമ്മം ഇതേ പദ്ധതിയിലെ ആദ്യത്തെ നാലു താളങ്ങൾ ചേർന്ന ഒരു താളക്കൂട്ടാണ്. ഏഴാമത്തെ താളം താളഘടനസങ്കീർണമായിത്തുടങ്ങുന്നതിന്റെ സൂചനയും നല്കുന്നു. കലകളിലുപയോഗിക്കുന്ന മറ്റു ധാരാളം താളങ്ങൾ ഇതേ താളങ്ങളുപയോഗിച്ചു നിർമ്മിക്കപ്പെട്ട താളക്കൂട്ടുകളാണെന്നും കാണാം. അത്തരത്തിൽ ഇവ താളങ്ങളെന്നപോലെ താളനിർമ്മാണത്തിനുപയോഗിക്കുന്ന അടിസ്ഥാനഏകകങ്ങളുമാകുന്നു.

ഏകചൂഴാതി താളങ്ങളും കേരളത്തിലെ നാടോടിക്കലകളിൽ പ്രയോഗമുള്ള മറ്റു ചില താളങ്ങളും അടി, ഇട എന്നീ ക്രിയകളും വായ്ത്താരിയും ഉപയോഗിച്ച് വിശദീകരിക്കാം.

1. ഏകതാളം

ഒരു അടി, ഒരു ഇട എന്നാണ് ഏകതാളത്തിനു ലക്ഷണം. 1 X എന്നു താളക്രിയ. ഈ താളം മയിൽപ്പീലിത്തൂക്കം കൂടാതെ ഗരുഡൻതൂക്കം, തായമ്പക, തീയാട്ട്, തെയ്യം, തിടമ്പുനൃത്തം, ജീവതനൃത്തം, കൂടിയാട്ടം, കഥകളി, കൃഷ്ണനാട്ടം എന്നിങ്ങനെമിക്ക കലകളിലും ഉപയോഗിക്കുന്നുണ്ട്. തെയ് X എന്ന് ഇതിനു വായ്ത്താരിരൂപം കല്പിക്കാം.

ഏകതാളം പിടിച്ചിന്ദിശ പാടീട്ട-
ങ്ങുർവ്വശീ നാടകം നിർവ്വഹിച്ചീടണം

എന്ന് *ബാല്യുത്ഭവം ശീതങ്കൻതുള്ളലിൽ* ഏകതാളത്തെ പരാമർശിക്കുന്നു. നൂറ്റെട്ടു താളങ്ങളിൽ ഒരു ദ്രുതം (ഒരു അടി, ഒരു വീച്ച്) എന്നു ലക്ഷണം നല്കിയിരിക്കുന്ന ഏകതാളവുമായി ഈ താളത്തിന് അംഗസാദൃശ്യമുണ്ട്. *സംഗീതരത്നാകരം, ആദിഭരതം, ഭരതാർണവം* എന്നീ ഗ്രന്ഥങ്ങളിൽ ഇതേ ലക്ഷണമുള്ള താളത്തിന് ഏകതാലി എന്നാണ് പേര്. ഏകതാളം സൂളാദിപദ്ധതിയിലും ഉൾപ്പെടുന്നുവെങ്കിലും ലഘുവിന്റെ ജാതിഭേദമനുസരിച്ച് അഞ്ചു വകഭേദങ്ങളുള്ള ആ താളത്തിന് ഘടനാപരമായി വ്യത്യാസമുണ്ട്.

കൂടിയാട്ടത്തിൽ ഏകതാളത്തിനു വകഭേദങ്ങളുണ്ട്. പതിഞ്ഞാട്ടങ്ങൾക്കും ശൃംഗാരപ്രധാനമായ സന്ദർഭങ്ങൾക്കും സാർവത്രികമായുപയോഗിക്കുന്ന ഏകതാളത്തിന്റെ അംഗക്രമം 3 വീശ്, 1 അടി എന്നാണ്. ഒന്നു തൂക്കി ഒന്നടിക്കുക എന്നിങ്ങനെഒരു ലഘു ആയ താളമാണ് രണ്ടാമത്തെ ഏകതാളം. വിദൂഷകന്റെ ഏകതാളം എന്നും ഈ താളത്തെ വ്യവഹരിക്കാറുണ്ട്.

ഇതിൽ ആദ്യത്തെ ഏകതാളത്തിന് സൂളാദിതാളങ്ങളിലെ ചതുരശ്ര ജാതി ഏകവുമായും രണ്ടാമത്തേതിന് ഏകചൂഴാതിയിലെ ഏകതാളവുമായും ഗാഢബന്ധമുണ്ടെന്നു കാണാം.

2. രൂപതാളം

രണ്ട് അടി, ഒരു ഇട എന്ന ലക്ഷണമുള്ള രൂപതാളം മയിൽപ്പീലിത്തൂക്കം, ഗരുഡൻതൂക്കം, തെയ്യം എന്നീ കലകളിൽ പ്രയോഗിക്കുന്നുണ്ട്. 1 2 X എന്നാണ് രൂപതാളത്തിന്റെ താളക്രിയ. തി ത്തെയ് X എന്ന് ഈ താളത്തിന്റെ വായ്ത്താരിരൂപം.

രൂപതാളം പിടിച്ചമ്പിൽ മലഹരി
പാടുക കാമിനീ രംഭേ മടിയാതെ

എന്നു *ബാല്യുദ്ഭവം ശീതങ്കൻതുള്ളലിൽ* ഈ താളം പരാമർശിക്കപ്പെടുന്നു. *താളചമുത്തിരത്തിൽ* രൂപകതാളത്തിന്റെ ലക്ഷണം ദ്രുതം, ലഘു

എന്നാണ്. ആ കൃതിയിൽ ദ്രുതമെന്നാൽ ഒരു അടിയെന്നും ലഘുവെന്നാൽ ഒരടി, ഒരു വീച്ച് എന്നുമാണ് അംഗകല്പനയെന്നതിനാൽ മേല്പറഞ്ഞ രൂപത്തിന് സമാനമാണത്. സൂളാദിതാളപദ്ധതിയിൽ രൂപകതാളം ഉൾപ്പെടുന്നുവെങ്കിലും ലഘുവിന്റെ ജാതിഭേദമനുസരിച്ചു വരുന്ന ഭേദങ്ങളൊന്നും സമാനമായ രൂപത്തിലല്ലാത്തതുകൊണ്ട് വ്യത്യസ്തമായി കണക്കാക്കണം. എന്നാൽ പ്രായോഗികകർണാടകസംഗീതത്തിൽ ചതുരശ്രജാതി രൂപകത്തിന്റെ ദ്രുതം (ഒരടി, ഒരു വീച്ച്), ലഘു (അടിച്ച് മൂന്നു വിരൽ മടക്കൽ) എന്ന ക്രിയയ്ക്കു പകരം രണ്ട് അടി, ഒരു ഇട എന്ന രീതിയിലാണ് താളം പിടിക്കാറുള്ളത് എന്നത് ശ്രദ്ധേയമാണ്. താളങ്ങളിൽ ജാതിവ്യത്യാസം സംഭവിച്ച് ശൈലീവത്കരിക്കപ്പെടുന്നതിനു മുമ്പുള്ള ഒരു ഘട്ടത്തെ ഈ പ്രയോഗരീതി പ്രതിനിധീകരിക്കുന്നു.

3. ചമ്പടതാളം

മൂന്ന് അടി, ഒരു ഇട എന്നു ലക്ഷണമുള്ള ചമ്പടതാളം കഥകളി, കൃഷ്ണനാട്ടം, കൂടിയാട്ടം, ചെണ്ടമേളം. തായമ്പക, തുള്ളൽ, തെയ്യം, തീയാട്ട്, പടയണി, ശാസ്താംപാട്ട്, മാരൻപാട്ട്, ഗരുഡൻതൂക്കം, മയിൽപ്പീലിത്തൂക്കം, മുടിയേറ്റ്, മുടിയെടുപ്പ്, കണ്ണിയാർകളി എന്നീ കലകളിലെല്ലാം സമൃദ്ധമായി ഉപയോഗിക്കുന്നുണ്ട്. ഏകചൂഴാതി താളപദ്ധതിയിൽ 1 2 3 X എന്ന് താളക്രിയയുള്ള ഈ താളത്തിന്റെ വായ്ത്താരിരൂപം ത ിത്തി ത്തെയ് X എന്നാണ്.

കഥകളിയിൽ ചമ്പടതാളത്തിലുള്ള പദങ്ങളുടെ വട്ടംവച്ചുകലാശത്തിനാണ് മേല്പറഞ്ഞ താളഘടനഉപയോഗിക്കുന്നത്. പദം പാടുമ്പോൾ അവയുടെ കാലഭേദമനുസരിച്ച് താളം പിടിക്കുന്ന രീതികളും വ്യത്യസ്തമാകുന്നു. ദ്രുതകാലത്തിലുള്ള പദങ്ങൾക്ക് ഏഴ് അടി, ഒരു ഇട എന്ന രൂപമാണ് ഉപയോഗിക്കുന്നത്. വിളംബ-മധ്യമകാലങ്ങൾക്ക് വേറെ രണ്ടു രൂപങ്ങൾകൂടി പ്രചാരത്തിലുണ്ട്.

മധ്യമകാലത്തിന്:	I x x x I x IIIII x x x II x II x II
വിളംബകാലത്തിന്:	I x x x I x I x I x x x I I I I I x x x I x I x I I x I I x I I

4-2-2 എന്നിങ്ങനെപിരിക്കാവുന്ന എട്ട് അക്ഷരമുള്ള താളമാണ് കൂടിയാട്ടത്തിലെ ചമ്പടയെന്ന് *നാട്യകല്പദ്രുമ*ത്തിൽ കാണുന്നു. മുടിയെടുപ്പ് എന്ന അനുഷ്ഠാനകലാരൂപത്തിലെ താളംചവിട്ടിന് ചമ്പടതാളത്തിന്റെ നാലു കാലത്തിൽ പ്രയോഗമുണ്ട്. എങ്കിലും കാലഭേദമനുസരിച്ച് വേഗതയിലല്ലാതെ താളക്രിയയിൽ വ്യത്യാസം വരുന്നില്ല.

*സംഗീതചന്ദ്രിക*യിൽ ക്രിയ അടിസ്ഥാനമാക്കി താളത്തിന് ഏകപുടം, ദ്വിപുടം, ത്രിപുടം, ചതുഷ്പുടം എന്നീ വിഭാഗങ്ങൾ കല്പിക്കുന്നു. അതിൽ ത്രിപുടതാളങ്ങളിലൊന്നാണ് ഝമ്പട. താളലക്ഷണമനുസരിച്ച് സൂളാദിതാളപദ്ധതിയിലെ ത്രിപുടയെന്ന താളത്തിന്റെ ജാതിഭേദങ്ങൾക്കു

പൊതുവായി ഈ പേരു കല്പിക്കുകയാണ് *സംഗീതചന്ദ്രിക* ചെയ്യുന്നത്. ജാതിഭേദം കല്പിക്കാതെ ഈ താളത്തിന്റെ ലക്ഷണം (ലഘു, ദ്രുതം, ദ്രുതം) മാത്രമെടുത്ത് *താളചമുത്തിര*ത്തിലെ ചമ്പടതാളത്തിന്റെ ലക്ഷണ (ദ്രുതം, ദ്രുതം, ലഘു)വുമായി ചേർത്തുവയ്ക്കുക. താളചമുത്തിരത്തിലെ രീതിശാസ്ത്രമനുസരിച്ച് ആദ്യതാളത്തിന് (ഝമ്പടയ്ക്ക്) തെയ് X തി തി എന്നും രണ്ടാമത്തെ താളത്തിന് (ചമ്പടയ്ക്ക്) തി തി തെയ് X എന്നും രൂപ ങ്ങൾ കിട്ടുന്നു. അംഗക്രമത്തിൽ കാണുന്ന ഈ വ്യത്യാസം സംഭവിച്ചതെങ്ങ നെയെന്ന് *സംഗീതചന്ദ്രിക*യിൽത്തന്നെ പൂർവ്വാചാര്യന്മാരെ വിമർശിക്കുന്ന ഒരു ഭാഗത്തുനിന്നു മനസ്സിലാക്കാം:

"വെങ്കടമഖി മുതലായവർ...താളത്തിന്റെ പൂർവ്വഭാഗം ഏതെന്നും ഉത്തരഭാഗം ഏതെന്നും ഉള്ള വിഷയത്തിൽ ശ്രദ്ധവെക്കാതെ പൂർവ്വോത്തര ഭാഗങ്ങളെ മാറ്റി മറിച്ചു കാണിച്ചു കുഴപ്പം വരുത്തീട്ടുണ്ട്. എങ്ങനെയെന്നാൽ –ചതുരശ്രജാതിയിലെ ഝമ്പടതാളത്തിന്നു ഝോമ്പടമെന്നാണ് വെങ്കടമഖി, പാർശ്വദേവൻ മുതലായവർ സംജ്ഞ കൊടുത്തിരിക്കുന്നത്. ആ താള ത്തിന്റെ സ്വരൂപത്തെ ആദ്യം ഈരണ്ടക്ഷരങ്ങളുള്ള രണ്ടു ദ്രുതങ്ങൾ; പിന്നെ നാലക്ഷരമുള്ള ഒരു ലഘുവും എന്നിങ്ങനെ...വിവരിച്ചിരിക്കുന്നു."

അതായത് *സംഗീതചന്ദ്രിക* ഇക്കാര്യത്തിൽ സമകാലികശാസ്ത്രീ യസമ്പ്രദായത്തെ പിന്തുടർന്നുകൊണ്ടു കല്പിക്കുന്ന രീതിയിൽനിന്നു ഭിന്ന മാണ് പൂർവാചാര്യന്മാരുടെ നിർവചനമെന്നു വരുന്നു. ജാതിഭേദം കല്പി ക്കാതിരുന്നാൽ അവരുടെ ഝോമ്പടനിർവചനങ്ങൾ *താളചമുത്തിര*ത്തിലെ ചമ്പടയുടെയും ഏകചൂഴാതിയിലെ ചമ്പടയുടെയും ഘടനയുമായി യോജി ക്കുന്നതാണെന്നും കാണാം.

4. കാരികതാളം

നാല് അടി, ഒരു ഇട എന്നാണ് കാരികതാളത്തിന്റെ ലക്ഷണം. 1 2 3 4 X എന്നാണ് ഈ താളം പിടിക്കുന്നതിനുള്ള ക്രിയ. ശാസ്താംപാട്ട്, തുള്ളൽ, പടയണി, മയിൽപ്പീലിത്തൂക്കം എന്നീ കലകളിൽ രൂപവൈവിധ്യ ത്തോടെ കാരികതാളം ഉപയോഗിക്കുന്നു. തി തി തി തെയ് X എന്നാണ് ഈ താളത്തിന്റെ വായ്ത്താരി.

കുഞ്ചൻ നമ്പിയാർ *ഹരിണീസ്വയംവരം തുള്ളലിൽ* ഈ താള ത്തിന്റെ ലക്ഷണം വിവരിക്കുന്നു:

ലഘുലഘുലഘുഗുരുയുതകാരികതാളം
ലഘുതരമിതു മാത്രാപഞ്ചകയുക്തം

ലഘു, ലഘു, ലഘു, ഗുരു എന്ന ഈ ലക്ഷണത്തിൽ ലഘുവിന് ഒരു അടി, ഗുരുവിനഒരു അടിയും ഒരു ഇടയും എന്നാണ് അദ്ദേഹം കല്പി ക്കുന്ന മാനദണ്ഡം. *താളചമുത്തിര*ത്തിൽ ദ്രുതം, ദ്രുതം, ദ്രുതം, ലഘു എന്നാണ് കാരികയുടെ ലക്ഷണകല്പന. ദ്രുതത്തിന് ഒരു അടി, ലഘുവിന്

ഒരു അടിയും ഒരു ഇടയും എന്നാണ് ആ കൃതിയിലെ അംഗ-ക്രിയകൾ. ക്ലാസ്സിക്കൽ മാനദണ്ഡമുപയോഗിച്ച് നിർവചിച്ചപ്പോൾ സ്വീകരിച്ച സാങ്കേതികനാമങ്ങളുടെ വ്യത്യാസമൊഴിച്ചാൽ രണ്ടു ലക്ഷണങ്ങളും പ്രതിനിധീകരിക്കുന്നത് ഒരേ താളഘടനയാണെന്നു കാണാം.

നൂറ്റെട്ടു താളങ്ങളിലെ കാരുകതാളത്തിന് കാരിക എന്നു നാമാന്തരമുണ്ട്. ദ്രുതം, ദ്രുതം, ദ്രുതം, ദ്രുതശേഖരം എന്നു ലക്ഷണവും ഒമ്പതു മാത്രയുമാണ് ഈ താളത്തിനു കല്പിച്ചിരിക്കുന്നത്. അതായത് *താളചമുത്തിര*ത്തിലെ ലക്ഷണത്തിൽ അവസാനത്തെ അംഗമായ ലഘു ഇവിടെ ദ്രുതശേഖരമാകുന്നു. പടയണിയിൽ കാരികതാളത്തിന് തക-തി-തി-തി എന്നും തെയ് തിത്തെയ് തിത്തിത്തെയ് എന്നും രണ്ടു രൂപങ്ങൾ കാണുന്നു.

ഇതിൽ രണ്ടാമത്തേതിന് ഒമ്പതു മാത്രയാണ്. സൂക്ഷ്മഭേദങ്ങൾ മാത്രമുള്ള ഈ താളങ്ങൾക്ക് പരസ്പരബന്ധമുണ്ടായിരുന്നിരിക്കാം.

ശാസ്താംപാട്ടിൽ കാരികതാളത്തിന്റെ മറ്റൊരു രൂപം കാണാം.

തിന്തത്തിന്തത്താ തിന്തത്താ തിന്തത്തത്തിന്തത്തിന്തത്തിത്താ എന്നാണ് ഈ താളത്തിന്റെ വായ്ത്താരി. ഇതിന്റെ ഇരട്ടിയിലുള്ള പ്രയോഗത്തിന്റെ വായ്ത്താരി:

തകതികിതത്തിന്തത്താ തകതികിതത്താ തകതികിതാ തികിതാ തികിതാ തകതികിതാ

കാലഭേദമനുസരിച്ച് ഉടുക്ക് എന്ന വാദ്യത്തിൽ കൊട്ടുന്ന ജതിഖണ്ഡങ്ങൾക്കും വ്യത്യാസം വരുന്നു. അടി, ഇട എന്നീ അംഗങ്ങൾ മാത്രമുപയോഗിച്ച് ഈ താളത്തെ നിർണയിക്കാനാവാത്തതിനാൽ ഏകചൂഴാതിയിലെ കാരികയുമായി ഇതിനെതാരതമ്യം ചെയ്യുക ദുഷ്കരമാണ്.

5. പഞ്ചാരിതാളം

അഞ്ച് അടി, ഒരു ഇട എന്നു ലക്ഷണമുള്ള പഞ്ചാരിതാളം ചെണ്ടമേളം, കഥകളി, കൃഷ്ണനാട്ടം, തുള്ളൽ, മുടിയേറ്റ്, മുടിയെടുപ്പ്, തീയാട്ട്, കണ്ണിയാർകളി, തിടമ്പുനൃത്തം, തെയ്യം എന്നീ കലകളിൽ ഉപയോഗിക്കുന്നു. 1 2 3 4 5 X എന്നതാണ് ഈ താളത്തിന്റെ ഘടന. ത ത്തി ന്ത യ്ക്കാം തോം ഓം എന്ന വായ്ത്താരിയാണ് മേളകലാകാരന്മാർ ഉപയോഗിക്കുന്നത്. തത്തിന്തക്കത്തോം X എന്നൊരു വായ്ത്താരിയും പ്രയോഗത്തിലുണ്ട്. പഞ്ചാരിതാളത്തിന് 96, 48, 24, 12, 6 എന്നീ മാത്രകളിൽ യഥാക്രമം ഒന്നു മുതൽ അഞ്ചു വരെ കാലങ്ങൾ കല്പിച്ചു നിർമ്മിച്ച പഞ്ചാരിമേളം ഈ താളത്തിനു സംഭവിച്ച ശൈലീവത്കരണത്തെക്കൂടി പ്രതിനിധീകരിക്കുന്നു.

പഞ്ചാരിയെന്ന പേര് ലഭ്യമായ പ്രാചീനതാളശാസ്ത്രഗ്രന്ഥങ്ങളിൽ കാണുന്നില്ല. തുള്ളലിലെ വൃത്തഘടനയെക്കുറിച്ചു പറയുമ്പോൾ,

"ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ ഇനങ്ങളിൽ പ്രാധാന്യേനഉപയോഗിച്ചിരിക്കുന്ന ഭാഷാവൃത്തങ്ങൾക്കു പുറമേ തന്റെ കാലത്തു പ്രചരിച്ചിരുന്ന നാടൻനൃത്തകലാരൂപങ്ങളിൽ പ്രയോഗിച്ചുപോന്ന കാരിക, പഞ്ചകാരി

ക, മർമ്മം, കുംഭം, ലക്ഷ്മി, കുണ്ടനാച്ചി തുടങ്ങിയ സങ്കീർണതാളവൃത്ത ങ്ങളും നമ്പ്യാർ സുലഭമായി കൈകാര്യം ചെയ്തിട്ടുണ്ട്''

എന്നു പി. കെ. ശിവശങ്കരപ്പിള്ള ചൂണ്ടിക്കാണിക്കുന്നു. പക്ഷേ അദ്ദേഹം അനുബന്ധമായി നല്കിയിട്ടുള്ള താളഗീതാനുക്രമണികയിൽ പഞ്ചകാരികയെന്ന പേര് ഉപയോഗിക്കുന്നില്ല. പഞ്ചാരി എന്നാണ് ഇതിനു പകരം കാണുന്ന താളനാമം. ചില ആട്ടക്കഥാഗ്രന്ഥങ്ങളിൽ പഞ്ചകാരിക, പഞ്ചാരി എന്നീ രണ്ടു പേരുകളും ഉപയോഗിച്ചിട്ടുണ്ട്. *ബാല്യുത്ഭവം ശീത ങ്കൻ തുള്ളലിൽ* രാഗതാളങ്ങളെക്കുറിച്ചു പരാമർശിക്കുന്ന ഭാഗത്ത്,

ചമ്പതാളം പിടിച്ചിത്തിരി പാടീട്ടു
പഞ്ചപദത്തിൽ ചുവടും ചവിട്ടണം

എന്നു കാണാം. ഇവിടെ പഞ്ചപദം എന്നു പറയുന്നത് പഞ്ചാരിയെ ക്കുറിച്ചാവാം. ഭരതമുനിയുടെ *നാട്യശാസ്ത്ര*ത്തിൽ ഷട്പിതാപുത്രകം, പഞ്ചപാണി എന്നിങ്ങനെനാമാന്തരമുള്ള താളത്തിന്റെയും പഞ്ചാരിതാളത്തി ന്റെയും മാത്രാസംഖ്യ ആറ് ആണ്. പഞ്ചകാരികൈ എന്നൊരു താളം *താളച മുത്തിര*ത്തിൽ കാണുന്നുവെങ്കിലും അതിന് ഇരുപത്തിയൊന്നര മാത്രയുള്ള സങ്കീർണമായ ഘടനയാണുള്ളത്. എന്നാൽ അതിലെ ആദ്യത്തെ അഞ്ച് അംഗങ്ങൾ (I O O O O) മാത്രമെടുത്താൽ I x I I I I എന്ന ഘടനലഭിക്കും. പഞ്ചാരിതാളത്തെ പൂർവാപരക്രമം വ്യത്യാസപ്പെടുത്തി ഈ രൂപത്തിലും വ്യവഹരിക്കാറുണ്ട്. കലാമണ്ഡലം പത്മനാഭൻ നായരുടെ *കഥകളിവേഷ* ത്തിൽ പഞ്ചാരിതാളത്തെ തോം x ന്ത ത്തി ന്ത ക്ക തോം എന്നു രേഖപ്പെടു ത്തുന്നത് ഉദാഹരണം. താളം ആവർത്തിക്കുമ്പോൾ ഇതിലെ ആദ്യത്തെയും അവസാനത്തെയും തോം ഒരേ അംഗം തന്നെ.

നാല് അടി, ഒരു ഇട എന്ന ലക്ഷണമുള്ള കാരികതാളത്തിൽ ഒരു അടികൂടി ചേർത്താൽ അഞ്ച് അടി, ഒരു ഇട എന്ന പഞ്ചാരിതാളം ലഭിക്കു ന്നു. പഞ്ചകാരികയുടെ കേരളീയരൂപം ഇങ്ങനെയുണ്ടായതാവാം. സമാന മായ രൂപനിഷ്പത്തി അഞ്ചടന്ത എന്ന താളത്തിനു കാണാം. നാല് അടി വീതമുള്ള അടന്തയുടെ ഖണ്ഡങ്ങളെ അഞ്ച് അടി വീതമാക്കുമ്പോഴാണ് അഞ്ചടന്തതാളം ലഭിക്കുന്നത്. സമാനമായ താളനിർമ്മാണപ്രക്രിയയിലൂടെ ലഭിച്ച പഞ്ചകാരികയുടെ നാമഭേദമാകാം പഞ്ചാരി എന്നത്.

പഞ്ചാരിതാളം കിരാതം തുള്ളലിലെ സപ്തതാളമാലികയിൽ ഉൾപ്പെടുന്നു. ഈ താളത്തിന്റെ അക്ഷരകാലവിന്യാസത്തിനു സമാനമാണ് പ്രസ്തുതതാളത്തിലുള്ള വരികളിലെയും അക്ഷരവിന്യാസം. ഉദാഹരണം:

വിജയകരം വിപുലതരം
വിശിഖവരം വിമതഹരം

പ്രസിദ്ധമായ ഈ താളത്തിന് *ഹരിണീസ്വയംവരം തുള്ളലിൽ* ലക്ഷണം കാണുന്നില്ല. എന്നാൽ പഞ്ചാരിയുടെ ഓരോ അക്ഷരകാല ത്തിലും നാലു മാത്ര വീതമുള്ള ചതരശ്രഗതിയായി ചൊല്ലാവുന്ന രീതിയിൽ

അക്ഷരങ്ങൾ സന്നിവേശിപ്പിച്ച ഒരു ഘടന*ഹരിണീസ്വയംവര*ത്തിലുണ്ട്. ഉദാഹരണം:

മദ്ദള/താളമി/ടയ്ക്കക/ളൊത്തുട/നെത്തുകിൽ/ഞാൻ

വിദ്യക/ളൊക്കെയു/മിന്നിഹ/വിരവിലെ/ടുത്തീ/ടാം

വർണ-മാത്രാഘടനയിലൂടെ കാലവ്യത്യാസവും താളഗതിയും സൂചിപ്പിക്കുന്നു എന്നതാണ് ഈ താളശില്പത്തിന്റെ സവിശേഷത.

കാസർഗോഡ് ജില്ലയിലെ യക്ഷഗാനത്തിൽ പഞ്ചാരിതാളത്തിനു സമാനഘടനയുള്ള ഒരു താളമുണ്ട്. I x I I I I (തോം x തത്തിന്തക്ക എന്നു വായ്ത്താരി) എന്ന അംഗക്രമമുള്ള ആ താളത്തിന് രൂപകം എന്നാണു പേർ പറയുന്നത്. കർണാടകസംഗീതത്തിന്റെ സ്വാധീനമാവാം ഈ പേരിന് അടിസ്ഥാനം. വിവിധദേശിതാളങ്ങളെ ശാസ്ത്രീയസംഗീതത്തിന്റെ മാനദണ്ഡമുപയോഗിച്ച് പുനർനിർണയിക്കുന്നതിനുദാഹരണമാവാം ഈ നാമകല്പന. കഥകളിയിലെ പഞ്ചാരിയും ഇത്തരത്തിൽ അക്ഷരകാലത്തെ മാത്രം അടിസ്ഥാനമാക്കി രൂപകമായി പരാമർശിക്കപ്പെടാറുണ്ട്. കഥകളിയിലെ താളങ്ങളെ കർണാടകസംഗീതജ്ഞരെക്കൊണ്ട് പരിശോധിപ്പിച്ചപ്പോൾ പഞ്ചാരി രൂപകതാളമാണെന്ന് അവർ നിർണയിച്ചുവെന്ന് വി. മാധവൻ നായരുടെ *കേരള സംഗീതം* എന്ന കൃതിയിൽ കാണുന്നത് ഒരു ഉദാഹരണം മാത്രമാണ്. അക്ഷരകാലം, മാത്രാസംഖ്യ എന്നിവയ്ക്കു പുറമേ അംഗം, ക്രിയ തുടങ്ങിയ ഇതര താളഘടകങ്ങൾകൂടി പരിഗണിക്കുമ്പോൾ ഇത്തരത്തിലുള്ള സമീകരണങ്ങൾക്കു പ്രസക്തിയില്ലെന്നു കാണാം.

6. മർമ്മതാളം

ഒരു അടി, ഒരു ഇട, രണ്ട് അടി, ഒരു ഇട, മൂന്ന് അടി, ഒരു ഇട, നാല് അടി, ഒരു ഇട (1 X 1 2 X 1 2 3 X 1 2 3 4 X) എന്നാണ് മർമ്മതാളത്തിന്റെ ഘടന. ഏകചൂഴാതിയിലെ ആദ്യത്തെ നാലു താളങ്ങളായ ഏകം, രൂപം, ചമ്പട, കാരിക എന്നീ നാലു താളങ്ങൾ ചേർന്നതാണ് മർമ്മം. അത്തരത്തിൽ ഒരു താളക്കൂട്ടു കൂടിയായ ഈ താളം മയിൽപ്പീലിത്തൂക്കം, പടയണി, തുള്ളൽ, ശാസ്താംപാട്ട്, തെയ്യം, ജീവതനൃത്തം എന്നീ കലകളിൽ ഉപയോഗിക്കുന്നു. ശാസ്താംപാട്ട്, ജീവതനൃത്തം എന്നിവ അവതരിപ്പിക്കുന്ന കലാകാരന്മാർ വർമ്മതാളം എന്നാണ് ഈ താളത്തെ വ്യവഹരിക്കുന്നത്. തെയ് x തി തെയ് x തി തി തെയ് x തി തി തി തെയ് x എന്നതാണ് മർമ്മതാളത്തിന്റെ വായ്ത്താരി. പടയണിയിൽ പ്രയോഗിക്കുന്ന വായ്ത്താരികൾ കടമ്മനിട്ട വാസുദേവൻ പിള്ള സംഗ്രഹിക്കുന്നു:

വായ്പ്പാഠം

1. തെയ്യം തിത്തെയ്യം തിത്തിത്തെയ്യം തിത്തിത്തിത്തെയ്യം
2. തെയ്യം തത്തെയ്യം തത്തത്തെയ്യുമതത്തത്തിത്തെയ്
3. തെയ് തിത്തെയ് തിത്തിത്തെയ് തിത്തിത്തിത്തെയ്
4. ഒന്നേ ഒന്നേരണ്ടേ ഒന്നേരണ്ടേമൂന്നേ ഒന്നേരണ്ടേമൂന്നേനാലേ

ഇതിൽ നാലാം വായ്പാഠം താളക്രിയയിലെ അടികളുടെ സംഖ്യയാണ്. ഇതിൽ അക്കങ്ങളുടെ ഒരോ ഖണ്ഡത്തിന്റെയും താളക്രിയയ്ക്കിടയ്ക്ക് ഓരോ നിശ്ശബ്ദക്രിയ (ഇട) കൂടി വരുന്നുണ്ട്.

ഹരിണീസ്വയംവരം തുള്ളലിൽ മർമ്മതാളത്തിന്റെ ലക്ഷണം നല്കിയിട്ടില്ലെങ്കിലും പ്രസ്തുതതാളത്തിലുൾപ്പെടുന്ന വരികളിൽ താളനാമം പരാമർശിക്കുന്നു:

നിർമ്മലാംഗി നിന്നുടെ വിരുതുക-
ളിന്നു ഫലിക്കണമെങ്കിൽ
മർമ്മതാളമിങ്ങനെവിരവൊടു
നിന്നു പ്രയോഗിച്ചാലും

ഈ താളത്തിന്റെ ലക്ഷണം തുള്ളൽകൃതികളിൽനിന്നു ലഭ്യമല്ലെങ്കിലും പി. കെ. ശിവശങ്കരപ്പിള്ള സംശോധനം നിർവഹിച്ച *കുഞ്ചൻ നമ്പിയാരുടെ തുള്ളൽക്കഥകളിൽ* മർമ്മതാളത്തിലുള്ള വരികൾക്ക് ആ താളത്തിന്റെ പേര് താളം സൂചിപ്പിക്കുന്ന തലക്കെട്ടായി നല്കുന്നുണ്ട്. തുള്ളൽക്കളരിയിൽനിന്നു ലഭിച്ച വായ്പാഠം, നീണ്ടൂർ തുള്ളൽക്കളരിയിലെ ഗുരുനാഥൻ സി. എസ്. നീലകണ്ഠപ്പിള്ളയുടെ സഹായത്തോടെ നിർണയിക്കപ്പെട്ട രാഗതാളങ്ങൾ എന്നിവയാണ് പ്രസ്തുതകൃതിയിലുപയോഗിച്ചതെന്ന് ആമുഖത്തിൽ പറയുന്നു.

ബാല്യുത്ഭവം ശീതങ്കൻ തുള്ളലിൽ,
വർണ്ണതാളത്തിൽ കവിതകൾ കെട്ടണം
കുംഭതാളത്തിലെന്നാകിലുമാമെടോ

എന്നീ വരികളിൽക്കാണുന്ന വർണ്ണതാളം എന്ന പേര് പി. കെ. ശിവശങ്കരൻ പിള്ള മർമ്മതാളം എന്നു സംസ്കരിക്കുന്നു.

"മർമ്മതാളത്തിൽ കവിതകൾ കെട്ടണം എന്നതാണു ശുദ്ധപാഠം, വർണതാളത്തിൽ എന്നു മുദ്രിതപുസ്തകങ്ങളിൽ കാണുന്നത് അപപാഠം"

എന്ന് അദ്ദേഹം വിശദീകരിക്കുകയും ചെയ്യുന്നു. താളചമുത്തിരത്തിൽ വന്മതാളം എന്ന താളത്തിന് പലവകൈത്താളങ്കൾ, കണ്ടതാളങ്കൾ എന്നീ തലക്കെട്ടുകൾക്കു കീഴിൽ രണ്ടു വ്യത്യസ്തലക്ഷണങ്ങൾ നല്കിയിട്ടുണ്ട്.

1. ലഘുവിരാമം, ലഘു, ലഘു, ലഘുവിരാമം, ലഘു, ലഘു, ലഘുവിരാമം, ലഘു, ലഘുവിരാമം - പലവകൈതാളങ്കൾ.

2. ലഘു, ദ്രുതം, ലഘു, ദ്രുതം, ദ്രുതം, ലഘു, ദ്രുതം, ദ്രുതം, ദ്രുതം, ലഘു - കണ്ടതാളങ്ങൾ.

ഇതിൽ രണ്ടാമത്തെ ഭേദത്തെ പ്രസ്തുതകൃതിയിലെ രീതിശാസ്ത്ര(ലഘു-ഒരു അടി, ഒരു ഇട; ദ്രുതം-ഒരു അടി)മുപയോഗിച്ചു നിർണയിച്ചാൽ

I x I I x I I I x I I I I x

എന്ന മർമ്മതാളത്തിന്റെ ഘടനതന്നെ ലഭിക്കുന്നു. ശാസ്താം പാട്ടിൽ വർമ്മതാളം എന്നും എണ്ണിക്കെ എന്നും പേരുകളുള്ള താളത്തിനു രണ്ടു രൂപങ്ങളുള്ളതിൽ ഒന്നിന് ഇതേ ഘടനതന്നെ. രണ്ടാമത്തെ രൂപം:

I I x I I I x I I I I x I x.

അതായത് പല രൂപഭേദങ്ങളും മർമ്മതാളം, വമ്മതാളം, വർമ്മതാളം എന്നിങ്ങനെനാമാന്തരങ്ങളുമുള്ള ഈ താളത്തിന്റെ മറ്റൊരു പേരാവാം ശിവ ശങ്കരപ്പിള്ള അപപാഠമായി കല്പിക്കുന്ന വർണ്ണതാളം. *സംഗീതരത്നാകര* ത്തിൽ ത്ര്യശ്രവർണം, ചതുരശ്രവർണം, മിശ്രവർണം എന്നു മൂന്നു വകഭേദ മുള്ള വർണതാളത്തെത്തന്നെ സൂചിപ്പിക്കുന്നതുമാവാം. അതേ പേരിൽ മറ്റൊരു നാടോടിത്താളമുണ്ടാവുന്നതിനുള്ള സാധ്യതയുമുണ്ട്. മർമ്മതാളവു മായി ബന്ധിപ്പിക്കാനായില്ലെങ്കിൽത്തന്നെ അപപാഠമായി ഇതിനെകാണേ ണ്ടതില്ല.

7. കുംഭതാളം

ഏഴു താളങ്ങളുള്ള ഏകചൂഴാതിതാളപദ്ധതിയിലെ അവസാനത്തെ താളമാണ് കുംഭതാളം. ഇതുവരെയുള്ള ആറുതാളങ്ങൾ ക്രമബദ്ധമായി വികസിക്കുന്ന ഒരു താളനിർമ്മാണപ്രക്രിയയുടെ വികാസം സൂചിപ്പിക്കുന്നു വെങ്കിൽ അതിൽനിന്ന് അല്പം വ്യത്യസ്തമാണ് ഈ താളത്തിന്റെ ഘടന. താളപദ്ധതി സങ്കീർണമാകുന്നതിന്റെ ചില സൂചനകൾ കുംഭതാളത്തിന്റെ ഘടനയിൽ കാണാം. അതുകൊണ്ടുതന്നെ കൃത്യമായ മാത്രാക്രമംകൊണ്ടു ശൈലീവത്കരിക്കപ്പെടാത്ത നാടോടിക്കലകളിൽ ഈ താളത്തിന് ധാരാളം പാഠഭേദങ്ങളുണ്ട്.

ശാസ്താംപാട്ടിലും മയിൽപ്പീലിത്തൂക്കത്തിലുമുള്ള കുംഭതാള ത്തിന്റെ ഘടന:

I I I I 1/2 I x I I 1/2 I x I x I x I I x

എന്നാണ്. ഇതിനൊരു പാഠഭേദവുമുണ്ട്:

I I I I 1/2 I x I I 1/2 I x I x I x I I I x

I ചിഹ്നം കൊണ്ടു സൂചിപ്പിച്ചിരിക്കുന്ന അടികൾക്കു ശേഷമുള്ള ഇട യുടെ പകുതിസമയമേ 1/2 ചിഹ്നം നല്കിയിട്ടുള്ള അടികൾക്കുള്ളു. ഈ താളത്തിന്റെ മേല്പ്പറഞ്ഞരൂപങ്ങളുടെ വായ്ത്താരി യഥാക്രമം,

തി തി തി തി തിതെയ് x തി തി തിതെയ് x തെയ് x തെയ് x തി തെയ് x എന്നും

തി തി തി തി തിതെയ് x തി തി തിതെയ് x തെയ് x തെയ് x തി തി തെയ് x എന്നുമാണ്.

കുഞ്ചൻ നമ്പിയാരുടെ *ഹരിണീസ്വയംവരം തുള്ളലി*ൽ ഈ താള ത്തിനു നല്കിയിട്ടുള്ള ലക്ഷണത്തിന് പ്രസിദ്ധീകൃതമായ വിവിധഗ്രന്ഥങ്ങ ളിൽ പാഠഭേദം കാണുന്നു. *കുഞ്ചൻ നമ്പ്യാരുടെ അറുപതു തുള്ളൽക്കഥക ളി*ൽ കാണുന്ന പാഠം:

ലഘുലഘുലഘുലഘുലഘുകളും ദ്രുതയുഗളവും

ലഘുമൂന്നു ദ്രുതദ്വയവും
ലഘുഗുരുഗുരുലഘുലഘുകളും ലഘുലഘുലഘു
അതുമൂന്നുമശബ്ദമിദം.

ഇത് ചിഹ്നസങ്കേതത്തിലാക്കുമ്പോൾ I I I I IOOIIIOOI88II(III) എന്നു കിട്ടുന്നു. വലയത്തിനുള്ളിലെ ചിഹ്നങ്ങൾ അശബ്ദക്രിയയെ കുറിക്കുന്നു. ഇതനുസരിച്ച് കുംഭതാളത്തിന് ഇരുപതു മാത്രയാണ്. നമ്പിയാർ കൃതികളുടെ സംശോധിതസംസ്കരണം നിർവഹിച്ച പി. കെ. ശിവശങ്കരപ്പിള്ളയുടെ പാഠം:

ലഘുലഘുലഘുലഘുലഘുക്കളും ദ്രുതയുഗളവും
ലഘുമൂന്നു ദ്രുതദ്വയവും
ലഘുഗുരുഗുരുലഘുലഘുക്കളും ലഘുലഘുവതും
ലഘുമൂന്നുമശബ്ദമിദം.

ഇതനുസരിച്ച് I I I I IOOIIIOOI88IIII(III) എന്നോ അശബ്ദക്രിയയായി കല്പിച്ചിരിക്കുന്ന ലഘുക്കൾ അതിനുമുമ്പുതന്നെ സൂചിപ്പിച്ചിരിക്കുന്ന ലഘുക്കളാണെന്നു കല്പിക്കുന്നപക്ഷം I I I I IOO IIIOOI88I(III) എന്നോ ലക്ഷണം ലഭിക്കുന്നു.

*താളചമുത്തിര*ത്തിൽ പലവകൈത്താളങ്ങൾ, കണ്ടതാളങ്ങൾ എന്നീ വിഭാഗങ്ങളിൽ കുമ്പതാളത്തിന്റെ രണ്ടു വ്യത്യസ്തലക്ഷണങ്ങൾ നല്കിയിരിക്കുന്നു. പലവകൈത്താളങ്ങളിലെ ലക്ഷണം:

I I I I IOOIIOOI'III (‘I- ലഘുവിരാമം)

കണ്ടതാളങ്ങളിലെ ലക്ഷണം:

OOOOOOIIOOIIIOS

ഈ രണ്ടു ലക്ഷണവും തമ്മിൽ വ്യത്യാസമുള്ളതുപോലെതന്നെ *ഹരിണീസ്വയംവര*ത്തിലെ പാഠങ്ങളുമായും ഭിന്നത പുലർത്തുന്നു.

അയ്യപ്പപ്പണിക്കർ കുംഭതാളത്തിനു നല്കുന്ന വായ്ത്താരി:

തക്കതിക്കതകതകത്ധോം തകതകധോം
അഡിഡീങ്കണഡീങ്കണതെയ് തിത്താ.

വി. എസ്. ശർമ്മ തുള്ളൽക്കാർ നല്കിയ ഒരു വായ്ത്താരി ഉദ്ധരിക്കുന്നു:

തിത്തിതിത്തിതിതൈ
തൈ തൈ തിത്തൈ
തൈ തൈ തിത്തിതൈ

*കേരളീയ മേളകല*യുടെ അവതാരികയിൽ ഡി. അപ്പുക്കുട്ടൻ നായർ കുംഭതാളത്തിന്റെ വായ്ത്താരി നല്കിയിരിക്കുന്നത് ഇങ്ങനെയാണ്:

ധിത്തിത്തിത്തിത്തിതെയ് തെയ്
ധിത്തിതെയ് തെയ് തെയ് ധിത്തെയ്

കുംഭതാളത്തിന് കടമ്മനിട്ട വാസുദേവൻ പിള്ള നല്കുന്ന

വായ്ത്താരിക്ക് മേല്പറഞ്ഞ രൂപങ്ങളുമായി വ്യത്യാസമുണ്ട്:

തിക്കിതകി-തികിതാ-തകതികിതാ-

തക തികിതത്തക തോം തോം.

ഒരേ പേരു പങ്കുവയ്ക്കുമ്പോൾത്തന്നെ ഈ രൂപങ്ങളോരോന്നും തമ്മിൽ സൂക്ഷ്മമായെങ്കിലുമുള്ള വ്യത്യാസങ്ങൾ സാംസ്കാരികമായി പ്രധാനമാണ്. *താളചമുത്തിരം*, *ഹരിണീസ്വയംവരം* എന്നീ ഗ്രന്ഥങ്ങളുടെ രചയിതാക്കൾ വ്യത്യസ്തദേശകാലങ്ങളിൽ ജീവിച്ചവരാണല്ലൊ. പ്രാദേശികമായി നിലനിന്നിരുന്ന നിരവധി നാടോടിതാളഭേദങ്ങളിൽ തങ്ങൾക്കു പരിചയമുള്ളതിനെശൈലീവത്ക്കരിക്കാനുള്ള ശ്രമമാവാം വിവിധഗ്രന്ഥങ്ങളിൽക്കാണുന്ന ഭിന്നരൂപങ്ങൾക്കു കാരണം. ദേശ-കാലവ്യത്യാസംകൊണ്ടു വന്ന പരിണാമവുമാവാം. ഗ്രന്ഥങ്ങളിലെ ലക്ഷണമനുസരിച്ച് അടികളും ഇടകളും നിർണയിക്കുമ്പോൾ പ്രയോഗത്തിൽ അത്യന്തം സൂക്ഷ്മത വേണ്ട സങ്കീർണമായ ഒരു താളമാണിതെന്നു കാണാം. ഗുരു എന്ന താളാംഗത്തിന്റെയും അശബ്ദക്രിയയുടെയും സാന്നിധ്യം ഈ സങ്കീർണതയെ കുറിക്കുന്നു. കാലം, ദേശം, കലാരൂപം, പ്രയോഗരീതി എന്നിവയിലുള്ള വൈവിധ്യവും അവയിൽത്തന്നെ തലമുറകളിലൂടെ പകരുമ്പോൾ സംഭവിക്കുന്ന പരിണാമവുമെല്ലാം ഈ താളത്തിന്റെ വിവിധരൂപങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

"ത്ര്യശ്രജാതി ത്രിപുടതന്നെയാണു കുംഭതാള്"മെന്നും "അതിന് ഏഴ് അക്ഷരകാലവും I O O എന്ന ചിഹ്നവുമാണുള്ളതെന്നും താളസമുദ്രാദിഗ്രന്ഥങ്ങളെ അനുസരിച്ചു പറയാം" എന്നു വി. എസ്. ശർമ്മ അഭിപ്രായപ്പെടുന്നു. *താളസമുദ്ര*ത്തിൽ ഇതു സമർത്ഥിക്കാൻ പര്യാപ്തമായ ലക്ഷണം കാണുന്നില്ല. മേല്പറഞ്ഞ പാഠങ്ങളിൽനിന്നെല്ലാം സാരമായി വ്യത്യാസമുള്ളതാണ് അദ്ദേഹം നല്കിയിരിക്കുന്ന ഈ പാഠം. വി. എസ്. ശർമ്മതന്നെ ഈ താളത്തിനു നിർദ്ദേശിക്കുന്ന മാത്രകൾ ഇരുപത് ആണ്. മാത്രാസംഖ്യയും അക്ഷരകാലസംഖ്യയും അംഗവ്യവസ്ഥയും യതിയുമെല്ലാം ഭിന്നമായ കുംഭതാളത്തെ ഇക്കാര്യങ്ങളിൽ മാത്രമല്ല, പദ്ധതിയിൽപ്പോലും വ്യത്യസ്തമായ മറ്റൊരു താളവുമായി സമീകരിക്കുന്നത് യുക്തിരഹിതമാണ്.

ഏകചൂഴാതിതാളപദ്ധതിയിൽ കുംഭമൊഴികെയുള്ള താളങ്ങളെ താളനിർമ്മാണത്തിനുള്ള ഏകകങ്ങളായും ഉപയോഗിക്കാറുണ്ട്. ഇങ്ങനെനിർമ്മിച്ചതെന്നു കണക്കാക്കാവുന്ന പല താളങ്ങളും കേരളത്തിലെ കലകളിലുണ്ട്. രൂപഞ്ചമ്പട, മർമ്മംപഞ്ചാരി തുടങ്ങിയ താളങ്ങൾ ഉദാഹരണം.

8. അടന്തതാളം

പടയണി, തുള്ളൽ, കഥകളി, ചെണ്ടമേളം, ശാസ്താംപാട്ട്, തിടമ്പുനൃത്തം, ജീവതനൃത്തം, കൂടിയാട്ടം, കൃഷ്ണനാട്ടം എന്നിങ്ങനെകേരള

ത്തിലെ വിവിധകലാരൂപങ്ങളിൽ രൂപവൈവിധ്യത്തോടെ ഉപയോഗിക്കുന്ന താളമാണ് അടന്ത. നാല് അടി, ഒരു ഇട, നാല് അടി, ഒരു ഇട, ഒരു അടി, ഒരു ഇട (1 2 3 4 X 1 2 3 4 X 1 X 1 X) എന്നാണ് അടന്തതാളത്തിന്റെ പ്രസിദ്ധമായ ലക്ഷണം.

അംഗജരൂപീയടന്ത പിടിച്ചു നീ-
യാനന്ദഭൈരവി പാടിയാടീടുക

എന്നു പരാമർശിക്കുന്ന കുഞ്ചൻ നമ്പിയാർ *കിരാതം തുള്ളലിൽ* ഈ താളത്തിന്റെ ഘടനയിലുള്ള വരികൾ രചിച്ചിട്ടുണ്ട്.

ത വ വ ര X വ ര ബ ലം X കൊ X ണ്ടും X
ഉ രു ത രം X ശ ര ബ ലം X കൊ X ണ്ടും X
പു നര വൻ X ക ര ബ ലം X കൊ X ണ്ടും X
ഘ നത രം X ഹ രി ബ ലം X കൊ X ണ്ടും X

അടന്തതാളത്തിന്റെ കൂടിയാട്ടത്തിലുള്ള പ്രയോഗരൂപത്തിന് മാണി മാധവച്ചാക്യാർ നല്കുന്ന ലക്ഷണവും സമാനമാണ്:

"നാലുകൊട്ടി ഒന്നുവിട്ട് പിന്നേയും നാലുകൊട്ടി ഒന്നുവിട്ട് പിന്നെ ഒന്നുകൊട്ടി ഒന്നുവിട്ട് പിന്നെ ഒന്നുകൊട്ടി ഒന്നു വിടുക."

കഥകളിയിൽ അടന്തതാളത്തിന് വിവിധകാലങ്ങളിൽ പ്രയോഗമുണ്ട്.

ഒന്നാം കാലം: I X X X I X I X I X X X I X X X I I I I I X X X I X I X I X X X I X X X I I I I I X X X I X I X I I X I I X I I

രണ്ടാം കാലം: I X X X I X I X IIIII X X X I X I X IIIII X X X IIXIIXII

മൂന്നാം കാലം: I I I I X I I I I I X II X III X

ജീവതനൃത്തം, തുള്ളൽ എന്നീ കലകളിൽ അടന്തതാളം പിടിക്കുന്നത് കഥകളിയിലെ മൂന്നാം കാലത്തിന്റെ പ്രയോഗരീതിക്കു സമാനമായാണ്.

സാമാന്യവ്യവഹാരത്തിൽ അട്ടതാളം, അടതാളം, അടന്തതാളം എന്നിവ ഒന്നാണെന്നു പറയുന്ന *സംഗീതചന്ദ്രിക* താളപദ്ധതികൾ തമ്മിലുള്ള വ്യത്യാസം കാര്യമാക്കുന്നില്ല. അടന്തതാളത്തിന് *താളചമുത്തിര*ത്തിൽ കാണുന്ന ലക്ഷണം ഭിന്നമാണ്. I O O I എന്നാണ് ആ കൃതിയിൽക്കാണുന്ന ലക്ഷണം. തെയ് X തി തി തെയ് X എന്ന് ഇതിനു വായ്ത്താരിരൂപം കല്പിക്കാം. ഇതു മേല്പ്പറഞ്ഞ അടന്തയിൽനിന്നു ഭിന്നമാണെന്നു വ്യക്തമാണ്. പടയണിയിൽ അടന്ത എന്ന പേരുചേർന്ന വിവിധതാളങ്ങൾ പ്രയോഗത്തിലുണ്ട്.

9. അഞ്ചടന്ത

അഞ്ച് അടി, ഒരു ഇട, അഞ്ച് അടി, ഒരു ഇട, ഒരു അടി, ഒരു ഇട, ഒരു അടി, ഒരു ഇട എന്ന ഘടനയുള്ള അഞ്ചടന്ത എന്നൊരു താളം ചെണ്ടമേള

ത്തിന് ഉപയോഗിക്കുന്നുണ്ട്. ഈ പേരിന്റെ നിഷ്പത്തിയിൽ അടന്തതാള ത്തോടുള്ള ബന്ധത്തെക്കുറിച്ച് *കേരളീയ മേളകല*യിൽ ഇങ്ങനെപറയുന്നു:

“നാലടി, ഒരു വീച്ച്, നാലടി, ഒരു വീച്ച്, ഒരടി, ഒരു വീച്ച്, ഒരടി, ഒരു വീച്ച് ഇങ്ങനെപതിന്നാലക്ഷരകാലം തികയുന്നതാണല്ലോ അടന്തതാളം. ഇതിൽ ആദ്യത്തെ നാലടികൾ അഞ്ചടികൾ വീതമാക്കിയാൽ അഞ്ചടന്ത യുടെ ശരിയായ രൂപമായി.”

എങ്കിലും ഈ കൃതിയിൽ, ഒരു താളവട്ടത്തിൽ പതിനാറക്ഷരം വരു ന്നതിനാൽ ചമ്പടതാളത്തിന്റെ പ്രത്യേകരീതിയിലുള്ള ആവിഷ്കരണമാണ് ഈ താളമെന്നു പറയുന്നതിൽ സൂക്ഷ്മക്കുറവുണ്ട്. അക്ഷരകാലസമാനത യെക്കാൾ പ്രാധാന്യം അംഗഘടനയ്ക്കുണ്ടെന്ന സൂചനഅഞ്ചടന്ത എന്ന പേരിൽത്തന്നെ അടങ്ങിയിട്ടുണ്ടല്ലോ.

കഥകളിയിൽ കത്തിവേഷത്തിന്റെ തിരനോട്ടത്തിനിടയ്ക്ക് ഈ രൂപ ത്തിൽ താളം പിടിക്കുന്നുണ്ട്. തത്തിന്തത്തത്തൈത്തെ X തത്തിന്തത്തത്തൈത്തെ X തൈതെ X തൈതെ X എന്നാണ് അഞ്ചടന്തതാളത്തിന്റെ വായ്ത്താരി.

10. ചമ്പതാളം

ചമ്പതാളമെന്ന പൊതുപ്പേരുണ്ടെങ്കിലും വിവിധരൂപങ്ങളാണ് പല കലകളിലും ഈ താളത്തിനുള്ളത്. കഥകളി, ചെണ്ടമേളം, യക്ഷഗാനം, കൂടി യാട്ടം, പടയണി, കണ്ണിയാർകളി, കൃഷ്ണനാട്ടം എന്നീ കലകളിൽ ഈ താളം പ്രയോഗിക്കുന്നു. നാല് അടി, ഒരു ഇട, രണ്ട് അടി, ഒരു ഇട, ഒരു അടി, ഒരു ഇട (1 2 3 4 X 1 2 X 1 X) എന്നാണ് ചെണ്ടമേളം, കഥകളി, തുള്ളൽ എന്നീ കലകളിൽ ഈ താളത്തിന്റെ ഘടന. ത ത്തി ന്ത ത്താ X തീ തീ X തെയ് X എന്നാണ് ചമ്പതാളത്തിന്റെ പ്രസിദ്ധമായ വായ്ത്താരി.

യക്ഷഗാനത്തിൽ ചമ്പതാളത്തിന്റെ ഘടനഅഞ്ച് അടി, ഒരു ഇട, മൂന്ന് അടി, ഒരു ഇട എന്നാണ്. അങ്ങനെ1 2 3 4 5 X 1 X 1 2 3 X എന്നാണ് ആ കലയിലെ പ്രയോഗരീതിയെങ്കിലും മാത്രാസംഖ്യ പത്തുതന്നെയാണ്. പടയ ണിയിൽ ഈ പേരുള്ള താളം ഒരു അടി, ഒരു ഇട, രണ്ട് അടി, ഒരു ഇട, മൂന്ന് അടി, ഒരു ഇട എന്ന രൂപത്തിലാണ്. തെയ് X തിത്തെയ് X തിത്തിത്തിത്തെയ് X എന്നാണ് പടയണിയിലെ വായ്ത്താരി.

കുഞ്ചൻ നമ്പിയാരുടെ *കിരാതം തുള്ളലിൽ* ചമ്പതാളത്തിന്റെ ഘടനഅക്ഷരക്രമത്തിലൂടെ സൂചിപ്പിക്കുന്ന കുറച്ചു വരികളുണ്ട്:

ക ര ബ ലം X ത ടി X ക്കും X
കു രു ബ ലം X മു ടി X ക്കും X
സു ര കു ലം X പു കഴ് X ത്തും X
വ ര ബ ലം X കു രു X ത്തും X

കടമ്മനിട്ട വാസുദേവൻപിള്ള ഇതേ വരികളെ പടയണിയിലെ ചമ്പ യോടും ഘടിപ്പിക്കുന്നു:

ക ര X ബ ലം X ത ടി ക്കും X

കു രു X ബ ലം X മു ടി ക്കും X
സു ര X കു ലം X പു കഴ് ത്തും X
വ ര X ബ ലം X കു രു ത്തും X

കൂടിയാട്ടത്തിലെ താളങ്ങൾ വിവരിക്കുമ്പോൾ മാണി മാധവ ചാക്യാർ ഝമ്പതാളത്തെ ഖണ്ഡചാപ്പുമായി സമീകരിക്കുന്നതു കാണാം. “മാത്ര പത്ത് അക്ഷരത്തിൽ പകുതി- അഞ്ചക്ഷരകാലം” എന്നാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനം.

ചമ്പതാളത്തെ ഖണ്ഡചാപ്പുമായും സൂളാദി താളപദ്ധതിയിലെ മിശ്രജാതി ഝമ്പ എന്ന താളവുമായും സമീകരിക്കാനുള്ള പ്രവണത സാധാരണമാണ്. എന്നാൽ അംഗക്രമത്തിലും ക്രിയയിലും രൂപഭേദമുള്ള താളങ്ങളെ വ്യത്യസ്തമായിത്തന്നെ പരിഗണിക്കുന്നതാവും താളപഠനത്തിലെ വസ്തുനിഷ്ഠമായ മാർഗം.

11. കുണ്ടനാച്ചി

കുണ്ടനാച്ചി എന്ന് *ഹരിണീസ്വയംവരം തുള്ളലി*ൽ വ്യവഹരിക്കപ്പെടുന്ന ഈ താളത്തിന് കൊണ്ടനാച്ചി, കുണ്ടളാച്ചി എന്നിങ്ങനെപ്രാദേശികമായ നാമാന്തരങ്ങളുണ്ട്.

“കുണ്ടനാച്ചി ഇപ്പോൾ നടപ്പില്ലാത്ത ഒരു താളമാകുന്നു” എന്നു പറയുന്ന എൽ. എസ്. രാജഗോപാലൻ തുടരുന്നു:

“ഞാൻ പല തുള്ളൽക്കാരോടും കഥകളിക്കാരോടും ചോദിച്ചതിൽ, ഈ താളം ഇപ്പോൾ നടപ്പുള്ളതായി അറിയുന്നില്ല. കുണ്ടനാച്ചിതാളം നമുക്ക് നഷ്ടപ്പെട്ടത് ഖേദകരം തന്നെ.”

എന്നാൽ കായംകുളം, കരുനാഗപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽ അവതരിപ്പിക്കാറുള്ള ചെണ്ടമേളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പ്രചാരത്തിലുള്ള ഗരുഡൻ തൂക്കം, ഹരിപ്പാട്, മാവേലിക്കര തുടങ്ങിയ പ്രദേശങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ജീവതനൃത്തം എന്നീ കലകളിൽ ഈ താളം ഇന്നും പ്രയോഗിക്കപ്പെടുന്നുണ്ട്. “ചെണ്ടകൊട്ടുമീവക കണ്ടതാളം” എന്നു കുഞ്ചൻ നമ്പിയാർ ഈ താളത്തെക്കുറിച്ചു പറയുന്നതിന് തെക്കൻ രീതിയിലുള്ള ചെണ്ടമേളവുമായി അദ്ദേഹത്തിനുള്ള പരിചയമാവാം കാരണം. മേളപ്രധാനമായ ഈ താളത്തിന് ചെണ്ടമേളക്കാർ ഉപയോഗിക്കുന്ന വായ്ത്താരി:

ത ധിം X ധിം X ത ധിം X ധിം X ധിം X ത ധിം X ധിം X ത ധിം X ധ X ത്താ X

എന്നാണ്. ഈ താളത്തെ അടിസ്ഥാനമാക്കി ചെണ്ടയിൽ അടിസ്ഥാനതാളഗതിയെയെയും കാലത്തെയും നിർണയിക്കുന്ന ‘നില’ കൊട്ടുന്നത്,

ത ഢി ഢിം ത ക്കേ/ ത ഢ ിഢിം ത ക്കേ ത ക്കേ/ ത ഢി ഢിം ത ക്കേ/ ത ഢി ഢിം ത ക്കേ ത ക്കേ എന്നാണ്.

ജീവതനൃത്തത്തിൽ ഈ താളത്തിന്റെ പതികാലരൂപംവരെ പ്രയോഗത്തിലുണ്ട്. അതിലും താളഘടനയ്ക്കു വ്യത്യാസമില്ല. ജീവതനൃത്തത്തിലെ താളഘടന:

1 2 X 1 X 1 2 X 1 X 1 X 1 2 X 1 X 1 2 X *1 2* (ഇതിൽ അവസാനത്തെ രണ്ട് അടിക്ക് (*12*) പതുക്കെയാണ് താളം പിടിക്കുക.

അയ്യപ്പപ്പണിക്കർ നല്കുന്ന തകത്തെയ് തകതിത്തെയ് എന്ന വായ്ത്താരി ഇതേ താളത്തിന്റെ ദ്രുതകാലരൂപമാണ്. *ഹരിണീസ്വയംവരം തുള്ളലി*ൽ ഈ താളത്തിനു നല്കുന്ന ലക്ഷണം:

സദ്രുതാ ലഘുദ്വയി സദ്രുതാ ലഘുത്രയി പിമ്പഥ
സദ്രുതാ ലഘുദ്വയി പിന്നെ
സദ്രുതം പ്ലുതം പുനരിത്തരം സ്വരൂപമതാകിന
വസ്തുതാനിതെന്നറിയേണം

അപ്പോൾ ദ്രുതം, രണ്ടു ലഘു, ദ്രുതം, മൂന്നു ലഘു, ദ്രുതം, രണ്ടു ലഘു, ദ്രുതം, പ്ലുതം എന്ന അംഗഘടനയുള്ള താളമാണിതെന്നു കിട്ടുന്നു. ശാസ്ത്രീയസംഗീതപദ്ധതിയുടെ രീതിയിലുള്ള ഈ ലക്ഷണകല്പനയിൽ ദ്രുതത്തിന് അര മാത്ര, ലഘുവിന് ഒരു മാത്ര, പ്ലുതത്തിനു മൂന്നു മാത്ര എന്നിങ്ങനെയാണ് മാത്രാവ്യവസ്ഥ. അപ്പോൾ താളത്തിന്റെ മാത്രാസംഖ്യ:

1/2 + 1 + 1 + 1/2 + 1 + 1 + 1 + 1/2 + 1 + 1 + 1/2 + 3 = 12

പന്തിരണ്ടു മാത്രയിതിന്ന് എന്നു കുഞ്ചൻ നമ്പിയാർതന്നെ മാത്രാസംഖ്യയും നല്കുന്നുണ്ട്. ഈ ലക്ഷണകല്പനകുണ്ടനാച്ചിയുടെ ഇന്നു നിലവിലുള്ള ഘടനയുമായി പൊരുത്തപ്പെടുന്നുണ്ട്.

ദ ല ല ദ ല ല ല ദ ല ല ദ പ
ത ധിം X ധിം X ത ധിം X ധിം X ധിം X ത ധിം X ധിം X ത ധിം X ധ X ത്താ X
(ദ- ദ്രുതം, ല- ലഘു, പ-പ്ലുതം)

2 1/2 + 3 1/2 + 2 1/2 + 3 1/2 എന്നിങ്ങനെമാത്രാവിന്യാസത്തിൽക്കാണുന്ന ക്രമം നിലകൊട്ടുന്ന വായ്ത്താരിയിലുമുണ്ട്. നിലകൊട്ടുന്നതുകൂടി ചേർത്തു പരിഗണിച്ചാൽ തക്കിട്ടേതക്കേ (5), തക്കിട്ടേതക്കേതക്കേ (7) എന്നിങ്ങനെഖണ്ഡം, മിശ്രം എന്നിവയുടെ ഒന്നിടവിട്ടുള്ള ആവർത്തനമാണ് ഈ താളത്തിന്റെ ഘടനയിലുള്ളതെന്നു കാണാം.

കൊണ്ടെയനാച്ചി എന്ന ഒരു താളത്തിന്റെ ലക്ഷണം *താളചമുത്തിര*ത്തിൽ കാണുന്നുണ്ട്. ദ്രുതം, ലഘു, പ്ലുതം എന്നീ അംഗങ്ങളുപയോഗിച്ചുള്ള ഇതിലെ ലക്ഷണകല്പന'ദ്രുതം, അഞ്ചു ലഘു, ദ്രുതം, മൂന്നു ലഘു, പ്ലുതം' എന്നിങ്ങനെപതിനൊന്നു മാത്ര വരുന്ന തരത്തിലാണ്. താളനാമം, ഒരുദ്രുതം, ലഘുക്കൾ എന്നിങ്ങനെയുള്ള ആവർത്തനം, പ്ലുതത്തിൽ അവസാനിക്കൽ എന്നീ കാര്യങ്ങളിൽ ഈ താളത്തിനും കേരളത്തിൽ പ്രചാരമുള്ള രൂപത്തിനും തമ്മിൽ സമാനതയുണ്ട്. എങ്കിലും താളഘടനയിലും മാത്രാസംഖ്യയിലുമുള്ള വ്യത്യാസവും അവഗണിക്കാനാവില്ല.

രാമപാണിവാദന്റെ അപ്രകാശിതമായ *താളപ്രസ്താര*ത്തിൽനിന്ന് ഘണ്ടാരവം എന്ന ഒരു താളത്തിന്റെ ലക്ഷണം കുണ്ടനാച്ചിയുടേതെന്നു പറഞ്ഞ് വി. എസ്. ശർമ്മ ഉദ്ധരിക്കുന്നു:

ദ്രുതോ ലഘുദ്വയം ഗശ്ച ലത്രയം ച തതോദ്രുതഃ
ലഘുദ്വയം പ്ലുതഞ്ച താളേ ഘണ്ടാരവാഭിധേ

ദ്രുതം, ലഘു, ലഘു, ഗുരു, ലഘു, ലഘു, ലഘു, ദ്രുതം, ലഘു, ലഘു, പ്ലുതം എന്ന ലക്ഷണത്തോടുകൂടിയ താളമാണ് ഘണ്ടാരവം. താളത്തിന്റെ ഏകദേശഘടനയിലുള്ള സമാനത വി. എസ്. ശർമ്മയുടെ അഭിപ്രായത്തിനു ബലം നല്കുന്നു. എന്നാൽ *ഹരിണീസ്വയംവര*ത്തിലെ ലക്ഷണവുമായി ഇതിനുള്ള വ്യത്യാസങ്ങളും പരിഗണിക്കേണ്ടതുണ്ട്.

1. ഘണ്ടാരവം എന്ന പേര്
2. ദ്രുതത്തിനും ലഘുദ്വയത്തിനും ശേഷംവരുന്ന ദ്രുതത്തിന്റെ സ്ഥാനത്ത് ഗുരു.
3. അന്ത്യത്തിലെ പ്ലുതത്തിനു മുമ്പുള്ള ദ്രുതം ഈ ലക്ഷണത്തിലില്ല.
4. താളത്തിന് ആകെ പതിമൂന്നു മാത്രകൾ വരുന്നു.

ഈ താളത്തെ കുണ്ടനാച്ചിയായി കണക്കാക്കിയാൽ *താളചമുത്തിരം*, *ഹരിണീസ്വയംവരം*, *താളപ്രസ്താരം* എന്നീ ഗ്രന്ഥങ്ങളിലെ ലക്ഷണങ്ങളോരോന്നും ഒരേ താളത്തിന്റെ രൂപഭേദങ്ങളായി കരുതേണ്ടിവരും.

ഈ താളത്തിന് പതിനൊന്നു മാത്രകളാണ് തുള്ളൽക്കാർ കല്പിക്കുന്നതെന്നും അവർ നല്കുന്ന ക്രമം '01111011112' എന്നിങ്ങനെയാണെന്നും വി. എസ്. ശർമ്മ പറയുന്നു. മാത്രാസംഖ്യയിൽ പൂർണമായും അംഗക്രമത്തിൽ ഏകദേശമായും *താളചമുത്തിര*ത്തിലെ ലക്ഷണത്തോടു സമാനമാണ് ഈ ക്രമമെന്നു കാണാം. മാത്രയിലും അംഗക്രമത്തിലും താളനിർവചനവും പ്രയോഗവും തമ്മിലുള്ള ചേർച്ച ഏറ്റവുമധികം കാണുന്നത് കുഞ്ചൻ നമ്പിയാർ നല്കുന്ന ലക്ഷണവും ചെണ്ടമേളത്തിലെ താളരീതിയും തമ്മിലാണ്.

കുണ്ടനാച്ചിതാളത്തിന്റെ ഇതര സാംസ്കാരികബന്ധങ്ങളെക്കുറിച്ച് സൂചനതരുവാൻ പര്യാപ്തമാണ് 'അംഭോജനാഭ' എന്ന സ്വാതി തിരുനാളിന്റെ കൃതിയെക്കുറിച്ചുള്ള ലീലാ ഓംചേരിയുടെ പ്രസ്താവന:

"എന്റെ നോട്ടുബുക്കിലുള്ളതിനു പുറമേ ഈ രചനതിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലെ ഒരോലക്കെട്ടിലും എനിക്കു കാണുവാൻ സാധിച്ചു. ഓലയിൽ മുഖാരി രാഗമെന്നും കുണ്ടനാച്ചിതാളമെന്നുമാണ് എഴുതിയിട്ടുള്ളത്. എന്റെ നോട്ടിൽ ഖണ്ഡച്ചാപ്പെന്നും... കുണ്ടനാച്ചിതാളം പരിഷ്ക്കരിക്കപ്പെട്ടപ്പോൾ ഖണ്ഡചാപ്പായതാണോ എന്നറിയില്ല."

നാടോടിത്താളപദ്ധതിയും കർണാടകസംഗീതപദ്ധതിയും തമ്മിലുള്ള കൊടുക്കൽവാങ്ങലുകൾ വിശദപഠനമർഹിക്കുന്നു. കുണ്ടനാച്ചി ഖണ്ഡചാപ്പാകുന്നതിലെ സാംസ്കാരികപരിണാമവും ശ്രദ്ധിക്കേണ്ടതുണ്ട്. കർണാടകസംഗീതത്തിലെ കേരളീയരായ വാഗ്ഗേയകാരന്മാരുടെ കൃതികളിൽ താളങ്ങളെ അടന്ത, ചമ്പട എന്നിങ്ങനെകേരളത്തിലെ ഇതരകലകളിലു പയോഗിക്കുന്ന രീതിയിൽത്തന്നെ നിർദ്ദേശിക്കുന്നതു കാണാം. ലീലാ

ഓംചേരിയുടെ കൃതികളിലുദ്ധരിച്ചിരിക്കുന്ന സ്വാതിതിരുനാൾകൃതികളുടെ ലിസ്റ്റ് ഉദാഹരണം. അങ്ങനെഈ താളങ്ങൾ സവിശേഷമായ ചില സാംസ്കാരികപ്രശ്നങ്ങളും ഉയർത്തുന്നുണ്ട്.

12. ലക്ഷ്മിതാളം

വളരെ പ്രചാരമുള്ള വായ്ത്താരിത്താളങ്ങളിലൊന്നാണ് ലക്ഷ്മിതാളം. മയിൽപ്പീലിത്തൂക്കം, ഗരുഡൻതൂക്കം, പടയണി, ശാസ്താംപാട്ട്, വേട്ടേക്കരൻപാട്ട്, തെക്കൻ ചെണ്ടമേളം, ജീവതനൃത്തം, കൂടിയാട്ടം, തുള്ളൽ എന്നീ കലകളിൽ ഈ താളം പ്രയോഗത്തിലുണ്ട്. കുഞ്ചൻ നമ്പിയാരുടെ *ഹരിണീസ്വയംവരം തുള്ളലി*ൽ ലക്ഷ്മിതാളത്തിന്റെ ലക്ഷണവും *ഹരിണീസ്വയംവരം*, *കിരാതം* എന്നീ തുള്ളൽകൃതികളിൽ ഈ താളത്തിന്റെ ലക്ഷണത്തിനൊത്ത വരികളുമുണ്ട്. *ഹരിണീസ്വയംവര*ത്തിലെ ലക്ഷണം:

രണ്ടു ലഘു ഗുരു രണ്ടു ദ്രുതം ലഘു
ഗുരുവും ലഘുവും ലഘു ദ്രുതദ്വന്ദ്വം
സലഘുദ്രുതലഘു മൂന്നു ദ്രുതം ലഘു
രണ്ടതിനഗ്രേ ലഘുത്രയാശബ്ദം

ശാസ്ത്രീയതാളപദ്ധതിയുടെ രീതിശാസ്ത്രമുപയോഗിച്ച് താളലക്ഷണം നൽകുന്നതിനാണ് കുഞ്ചൻ നമ്പിയാരുടെ ശ്രമം. രണ്ടു ലഘു ഗുരു- ലഘു, ലഘു, ഗുരു. രണ്ടു ദ്രുതം ലഘു- ദ്രുതം, ദ്രുതം, ലഘു. ഗുരുവും ലഘുവും- ഗുരു, ലഘു. ലഘു ദ്രുതദ്വന്ദ്വം- ലഘു, ദ്രുതം, ദ്രുതം. സലഘുദ്രുതലഘു- ലഘു, ദ്രുതം, ലഘു. മൂന്നു ദ്രുതം- ദ്രുതം, ദ്രുതം, ദ്രുതം, ലഘു രണ്ട്- ലഘു, ലഘു. അതിനഗ്രേ ലഘുത്രയാശബ്ദം- ലഘു, ലഘു, ലഘു (മൂന്നും അശബ്ദം അഥവാ നിശ്ശബ്ദം)

ലഘു, ലഘു, ഗുരു, ദ്രുതം, ദ്രുതം, ലഘു, ഗുരു, ലഘു, ലഘു, ദ്രുതം, ദ്രുതം, ലഘു, ദ്രുതം, ലഘു, ദ്രുതം, ദ്രുതം, ദ്രുതം, ലഘു, ലഘു, ലഘു, ലഘു, ലഘു എന്നാണ് ലക്ഷണം. ഇതിൽ അവസാനത്തെ മൂന്നു ലഘു അശബ്ദമാണ്; അഥവാ നിശ്ശബ്ദക്രിയയാണ്.

ഇതിന്റെ മാത്രാസംഖ്യ: 2 (രണ്ടു ലഘു) + 2 (ഗുരു) + 1 (രണ്ടു ദ്രുതം) + 1 (ലഘു) + 2 (ഗുരു) + 2 (രണ്ടു ലഘു) + 1 (രണ്ടു ദ്രുതം) + 1 (ലഘു) + 1/2 (ദ്രുതം) + 1 (ലഘു) + 1 1/2 (മൂന്നു ദ്രുതം) + 2 (രണ്ടു ലഘു) + 3 (മൂന്നു ലഘു- അശബ്ദം) = 20

അങ്ങനെആകെ ഇരുപതു മാത്രകൾ. കുഞ്ചൻ നമ്പിയാർ നൽകിയ ലക്ഷണമനുസരിച്ച് ലക്ഷ്മിതാളത്തിന് എൺപതു മാത്ര വരുന്നുവെന്ന് വി. എസ്. ശർമ്മ പറയുന്നു. ലഘു- ഒരു മാത്ര, ഗുരു- രണ്ടു മാത്ര എന്ന മാനദണ്ഡമുപയോഗിച്ച് സംഗീതശാസ്ത്രത്തെയും വൃത്തശാസ്ത്രത്തെയും സമന്വയിപ്പിച്ച ഒരു മാനദണ്ഡമുപയോഗിച്ചാണ് കുഞ്ചൻ നമ്പിയാർ ലക്ഷണം നിർവഹിച്ചിരിക്കുന്നത്. അപ്പോൾ വൃത്തശാസ്ത്രത്തിൽ പ്രചാരമില്ലെങ്കിലും സംഗീതശാസ്ത്രത്തിൽ ലഘുവിന്റെ പകുതിയായി കണക്കാക്കപ്പെടുന്ന

ദ്രുതത്തിന് അര മാത്രയും കല്പിക്കുന്നത് സ്വാഭാവികം. കുണ്ടനാച്ചി, കുംഭം തുടങ്ങിയ താളങ്ങളുടെ ലക്ഷണം കല്പിക്കുന്നതിനും ഇതേ മാനദണ്ഡ മാണ് കുഞ്ചൻ നമ്പിയാർ സ്വീകരിച്ചിരിക്കുന്നത്. ''ഇരുപതു മാത്രകളിതിനു ണ്ടാം'' എന്ന് ലക്ഷ്മിതാളനിർവചനത്തോടനുബന്ധിച്ച് കവിതന്നെ വ്യക്ത മാക്കിയിട്ടുണ്ട്.

ലക്ഷ്മിതാളത്തെപ്പറ്റി *താളചമുത്തിര*ത്തിൽ പരാമർശമുണ്ടെങ്കിലും താളലക്ഷണം കാണുന്നില്ല.

ഈ വായ്ത്താരിത്താളത്തിന്റെ ലഭ്യമായ വായ്ത്താരികളിൽ ചെറിയ വ്യത്യാസമുണ്ടെങ്കിലും താളത്തിന്റെ അംഗക്രമത്തെയും മാത്രാസം ഖ്യയെയും അതു ബാധിക്കുന്നില്ല. ചില വായ്ത്താരികൾ.

1. തുള്ളൽക്കാർ നല്കുന്ന വായ്ത്താരിയായി *കേരളീയ മേളകല*യിൽ കാണുന്ന രൂപം:

തിത്തിത്തൈ ധികിതത്തൈ
ധിത്തൈ ധികിത്തൈ
ധിതൈത ധികിതത്തൈ

2. പടയണിയിൽ ഉപയോഗിക്കുന്ന രൂപമായി *പടേനിയുടെ ജീവതാളം* എന്ന ഗ്രന്ഥത്തിൽ കാണുന്നത്:

തിത്തിത്തെയ് – തികിതിത്തെയ്
തിത്തെയ് – തികിതെയ്
കിതെയ്ത തകതിത്താം

3. അയ്യപ്പപ്പണിക്കരുടെ 'വായ്ത്താരിവൃത്തങ്ങൾ' എന്ന ലേഖനത്തിലുള്ള വായ്ത്താരി:

തിത്തിത്തെയ് തിമൃതത്തെയ്
തിത്തെയ് തിമൃതെയ്
തിതെക്ക തിമൃതത്തെയ്

4. കൂടിയാട്ടത്തിലുപയോഗിക്കുന്ന ലക്ഷ്മിതാളത്തെക്കുറിക്കാൻ ഈ താളത്തെ അടിസ്ഥാനമാക്കിയുള്ള ഒരു നാടോടിച്ചൊല്ലാണ് നല്കിയിരിക്കു ന്നത്:

''മുക്കുറ്റീ തിരുതാളീ കാടേ പടലേ പറിച്ചു കഴുകിത്താ''

5. ശാസ്താംപാട്ടുകലാകാരനായ എം. എൻ. ഭാസ്കരൻ നായരിൽനിന്നു ലഭിച്ച വായ്ത്താരി:

തിത്തിത്തെയ് തികിതത്തെയ്
തിത്തെയ് തികിതെയ്
തിതെയ്ത തികിതത്തെയ്

ജീവതനൃത്തത്തിലും താളഘടനഇതുതന്നെ. എന്നാൽ ഈ താള ത്തിനു കൊച്ചുലക്ഷ്മി എന്നൊരു പേരുകൂടി അതവതരിപ്പിക്കുന്ന കലാകാര ന്മാർ പറയാറുണ്ട്.[157]

ഇവയിൽ അക്ഷരങ്ങളിലുള്ള വ്യത്യാസം താളഘടനയെ ബാധിക്കുന്നില്ല. കുഞ്ചൻ നമ്പിയാർ നല്കിയ ലക്ഷണം വായ്ത്താരിയിൽ ആരോപിക്കുമ്പോൾ:

ല ല ഗ ദ്രുദ്രുല ഗ

തി ത്തി ത്തെയ് x തികിത ത്തെയ് x

ല ല ദ്രുദ്രു ല

തി ത്തെയ് തികിതെയ്

ദ്രു ല ദ്രു ദ്രുദ്രുല ല ലലല

തിതെയ് തതികിത ത്തെയ് x x x

വായ്ത്താരിത്താളങ്ങളുടെ പ്രത്യേകതകൾ പ്രകടിപ്പിക്കുന്നതിനൊപ്പം കേരളത്തിലെ പല കലകളിലെയും വാദ്യപ്രയോഗത്തിലെ സവിശേഷമായ ഒരു രീതിയെ അനുസ്മരിപ്പിക്കുന്ന ഘടനാപരമായ ഒരു പ്രത്യേകത കൂടി ഈ താളത്തിനുണ്ട്. ലക്ഷ്മിതാളത്തിലെ 'തിത്തിത്തെയ്' എന്ന ഖണ്ഡവും അതിനെത്തുടർന്നുള്ള 'തികിതത്തെയ്' എന്ന ഖണ്ഡവും തമ്മിലുള്ള വ്യത്യാസം 'തിത്തിത്തെയ്' ലെ ആദ്യഗുരു 'തികിതത്തെയ്' യിൽ രണ്ടു ലഘുവാകുന്നു എന്നതു മാത്രമാണ്. തുടർന്നുള്ള 'തിത്തെയ്', ' തികിതെയ്' എന്നീ ഖണ്ഡങ്ങൾക്കും ഇതേ സ്വഭാവംതന്നെ. തായമ്പക, കേളി തുടങ്ങിയ കലകളിൽ ചെണ്ടയിലും മദ്ദളത്തിലും കൊട്ടുന്ന എണ്ണങ്ങൾക്ക് ഈ രീതിയാണ്. അവിടെ ഒരെണ്ണത്തെത്തന്നെ എണ്ണം, മറിയെണ്ണം എന്നു രണ്ടു സമാന്തരഭാഗമായി തിരിക്കുന്നു. ഉദാഹരണത്തിന് ചെണ്ടയിൽ 'ണക്കിക്കാം' എന്നാണ് എണ്ണമെങ്കിൽ അതിന്റെ മറിയെണ്ണമായി 'ണക്കിണകാം' എന്നുവരുന്നു. എണ്ണം 'തക്കിട' എന്നാണെങ്കിൽ മറിയെണ്ണം 'തരികിട' എന്നാകും. ഇങ്ങനെഎണ്ണവും മറിയെണ്ണവും സമാന്തരമായി വിന്യസിച്ചിട്ടാണ് കൊട്ടിക്കൂർപ്പിക്കൽ അഥവാ ഏറ്റിച്ചുരുക്കൽ എന്ന സങ്കേതമുപയോഗിച്ച് അവ വിസ്തരിക്കുന്നത്.

കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ വാദ്യത്തിലെ എണ്ണത്തിനു പകരം 'ശുംഭശുനകവരശുംഭാം' എന്നും മറിയെണ്ണത്തിനു പകരം 'ശുനകശുനകവരശുനകാം' എന്നും ഉദാഹരണങ്ങൾ നല്കിക്കൊണ്ട് ഏറ്റിച്ചുരുക്കലിന്റെ സമ്പ്രദായം ലളിതമായി വിശദീകരിക്കുന്നുണ്ട്. എണ്ണത്തിലെ 'ശുംഭ' എന്ന ഭാഗം മറിയെണ്ണത്തിൽ 'ശുനക' എന്നാകുമ്പോൾ മാത്രാസംഖ്യക്കു വ്യത്യാസം വരാതെതന്നെ ഒരു ഗുരുവക്ഷരത്തിനു പകരം രണ്ടു ലഘുവക്ഷരം വരുന്നതു കാണാം.

ഈ പ്രത്യേകത ലക്ഷ്മിതാളത്തെ കേരളത്തിലെ ഇതരകലാസങ്കേതങ്ങളുമായി ബന്ധിപ്പിക്കുന്ന സാംസ്കാരികസൂചകം കൂടിയാണ്.

ധാരാളം താളങ്ങൾ പ്രാദേശികമായ വ്യത്യസ്തതകളോടെ കേരളത്തിലെ എണ്ണമറ്റ കലകളിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. സൗന്ദര്യശാസ്ത്രപരമെന്നപോലെ സാംസ്കാരികവുമായ ഒരു വിഷയമാണിത്. ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായി വിഭജിക്കപ്പെട്ട ദേശങ്ങൾ തമ്മിലുള്ള സാംസ്കാരികവിനിമയത്തെപ്പറ്റി ഇനിയും ഏറെ പഠനങ്ങളുണ്ടാവേണ്ടതുണ്ട്.

ശൃംഗാരം, കഥകളിയിൽ - ചില ആട്ടങ്ങളിലൂടെ

ഡോ ഇ എൻ നാരായണൻ

കഥകളി വേഷം കലാകാരൻ - എഴുത്തുകാരൻ സംസ്കൃതം വ്യാകരണം, സംസ്കൃത സാഹിത്യം എന്നിവ ഗവേഷണത്തിലെ പ്രത്യേക വിഷയങ്ങൾ.

വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃതവിഭാഗം
എസ്. ബി കോളജ്, ചങ്ങനാശ്ശേരി

ഇമെയിൽ: ennsbc@yahoo.co.in

ശൃംഗേ ഋച്ഛതി (കൊടുമുടിയിൽ അഥവാ ഉച്ചസ്ഥാനത്ത് ഗമിക്കുന്നത്) എന്ന അർഥത്തിൽ നിഷ്പാദിപ്പിക്കാവുന്ന ശൃംഗാരശബ്ദത്തിന് അനുഭവത്തിലും ഈ നില തന്നെയാണുള്ളത്. ജീവിതരതിയുള്ളവന് രതിസ്ഥായിയായ ശൃംഗാരത്തെ ഉപേക്ഷിക്കാനാവില്ല. ജീവന്മുക്തൻ പോലും മോക്ഷത്തിൽ രമിക്കുന്നു. അങ്ങനെവ്യാഖ്യാനിച്ചാൽ ശാന്തത്തിലും രതി തന്നെയാണ് സ്ഥായി. ലൗകികവിരതി കൊണ്ട് അരതിയുണ്ടാകുന്നില്ല. ശൃംഗാരത്തിന്റെ വിവിധ അവസ്ഥകളുണ്ട്. രതിയുടെ പല അവസ്ഥാവിശേഷങ്ങൾ പരിഗണിച്ചാണ് വ്യത്യസ്ത രസങ്ങളായി വാത്സല്യത്തെയും ഭക്തിയെയുമൊക്കെ രസമായി കണക്കാക്കാതിരുന്നത്. ആസ്വാദനത്തെത്തന്നെ ശൃംഗാരത്തിന്റെ പര്യായമായി കണ്ട ഭോജൻ ശൃംഗാരമേവ രസനാദ് രസമാമനാമഃ എന്ന് ഉദ്ഘോഷിച്ചു. (ശൃംഗാരം തന്നെയാണ് രസന, ആസ്വാദനവ്യാപാരം, എന്ന കാരണത്താൽ അതിനെയാണ് രസം എന്ന് കരുതേണ്ടത്.) ശൃംഗാരത്തെ ശാസ്ത്രകാരന്മാർ സംയോഗം, വിപ്രയോഗം എന്നിങ്ങനെരണ്ടായി തിരിച്ചു. അതിൽ വിപ്രലംഭത്തെ അഥവാ വിപ്രയോഗത്തെ അഭിലാഷം, വിരഹം, ഈർഷ്യ, പ്രവാസം, ശാപം എന്നീ കാരണങ്ങളെ അടിസ്ഥാനമാക്കി വിണ്ടും അഞ്ചായി വിഭജിച്ചിട്ടുണ്ട്. ഇവയിൽ വിപ്രയോഗത്തിനാണ് തീവ്രത.

അഭിനയകലയായ കഥകളിയിൽ പല സന്ദർഭങ്ങളിലായി ഇവയെ കണ്ടെത്താൻ സാധിച്ചേക്കും. കലാകാരന്റെ സ്വാതന്ത്ര്യമനുസരിച്ച് ഇത്തരം സന്ദർഭങ്ങളെ പോഷിപ്പിക്കാൻ മറ്റു കാവ്യങ്ങളിൽ നിന്നൊക്കെ കടമെടുക്കാം. ഇങ്ങനെകവിയെഴുതിയ കാവ്യത്തെ നടൻ ഒരുപക്ഷേ വർണനാവൈപുല്യംകൊണ്ട് ഒരു മഹാകാവ്യമാക്കി മാറ്റാറുണ്ട്. കാവ്യാന്തരങ്ങളിൽ നിന്നെടുക്കുന്നത് ഒരു ദോഷമല്ല. പ്രബന്ധം രചിക്കുമ്പോൾ ഇത്തരം പ്രവണതകൾ കാണാറുണ്ട്. മേല്പുത്തൂരിന്റെ പ്രബന്ധങ്ങളിൽ വേണീസംഹാരം നാടകത്തിലെ ശ്ലോകങ്ങൾ ചേർത്തിരിക്കുന്നതു കാണാം. അതുപോലെ സന്ദർഭത്തിലെ ഭാവമനുസരിച്ച് നടനും മറ്റു സന്ദർഭങ്ങൾ ചേർക്കാം.

കഥകളിയിലെ ശൃംഗാരസന്ദർഭങ്ങളിലെ ചില കൂട്ടിച്ചേർക്കലുകൾ ആണ് ഇവിടെ പ്രതിപാദിക്കുന്നത്.

1.രുക്മാംഗദചരിതം- സംയോഗശൃംഗാരം.

രുക്മാംഗദൻ മോഹിനിയിൽ മോഹിതനായി അവളുടെ വ്യവസ്ഥയിലടിയറവു പണിഞ്ഞ് ഭാര്യയായി സ്വീകരിച്ച ശേഷം അവളുടെ സൗന്ദര്യം വർണിക്കുന്നു. സൗന്ദര്യവർണനയ്ക്കായി നിരവധി ശ്ലോകങ്ങൾ തിരഞ്ഞെടുക്കാം. സൗന്ദര്യം സുകുമാരതാ എന്ന ശ്ലോകത്തെ ആസ്പദമാക്കിയുള്ള ആട്ടപ്രകാരമാണ് ഇവിടെ അവതരിപ്പിക്കുന്നത്. കുലശേഖരന്റെ സുഭദ്രാധനഞ്ജയം നാടകത്തിലെ ശ്ലോകമാണിത്. കൂടിയാട്ടത്തിൽ വിസ്തരിച്ചാടുന്ന ഭാഗമാണിത്. ഇവിടെ രുക്മാംഗദചരിതത്തിലെ പ്രകൃതമനുസരിച്ച് എങ്ങനെഉപയോഗിക്കാം എന്ന ഒരു വിചാരം കൂടിയാണിത്.

സൗന്ദര്യം സുകുമാരതാ മധുരതാ കാന്തിർമനോഹാരിതാ
ശ്രീമത്താ മഹിമേതി സർഗവിഭവാൻ നിശ്ശേഷനാരീഗുണാൻ
ഏതസ്യാമുപയുജ്യ ദുർവ്വിധതയാ ദീനഃ പരാമാത്മഭൂഃ
സ്രഷ്ടും വാഞ്ഛതി ചേത് കരോതി പുനരപ്യത്രൈവ ഭിക്ഷാടനം

ആട്ടത്തിനു വട്ടം തട്ടുമ്പോൾ മോഹിനിയെ ആകെ നോക്കി- അഹോ ഇവൾ ബ്രഹ്മാവിന്റെ ഇതിന് മുമ്പില്ലാത്ത (അപൂർവ്വ) സൃഷ്ടി തന്നെ. പണ്ട് ബ്രഹ്മാവ് പ്രപഞ്ചത്തിൽ ഏറ്റവും സുന്ദരിയായ ഒരുവളെ സൃഷ്ടിക്കാൻ നിശ്ചയിച്ചു രൂപം സങ്കല്പിച്ച് സൃഷ്ടിക്കുന്നു. എന്നിട്ട് അതിൽ ചേർക്കാനായി **ഏഴു ഗുണങ്ങളെ** സ്മരിച്ചു. **ഏഴു പാത്രങ്ങൾ** ചുറ്റും നിരത്തി വച്ച് ഓരോന്നായി സ്മരിച്ച് പാത്രങ്ങളിൽ നിക്ഷേപിക്കുന്നു. ആദ്യം **സൗന്ദര്യം** (സംയുതമുഷ്ടിമുദ്ര) ഒരു പാത്രത്തിൽ നിറക്കുന്നു. പാത്രം എടുത്ത് **രൂപത്തിൽ. അഭിഷേകം ചെയ്യുന്നു(ഒഴിക്കുന്നു)**. രണ്ടാമത് **സുകുമാരത**(ശോഭനം, കുമാരം, മൃദുത്വം എന്നീ മുദ്രകൾ) മനസ്സിൽ കല്പിച്ച് പാത്രത്തിൽ വച്ച് പാത്രമെടുത്ത് **രൂപത്തിൽ പൊത്തുന്നു**. മൂന്നാമത് **മധുരത** (പതാകസംയുതം) സങ്കല്പിച്ച് പാത്രത്തിലാക്കി പാത്രമെടുത്ത് **രൂപത്തിൽ സേചനം ചെയ്യുന്നു(തളിക്കുന്നു)**. നാലാമത് **കാന്തി** (ശോഭ എന്ന മുദ്ര) സങ്കല്പിച്ച് പാത്രത്തിലാക്കി **രൂപത്തിൽ ലേപനം ചെയ്യുന്നു(പുരട്ടുന്നു)**. അഞ്ചാമത് **മനോഹാരിത**(മനസ്സിലേക്ക് വലിക്കുക എന്ന മുദ്ര) സങ്കല്പിച്ച് പാത്രത്തിലക്കി പാത്രം കയ്യിലെടുത്ത് **തൂലിക കൊണ്ട് പൂശുന്നു.** ആറാമത് **ശ്രീമത്താ** (ഐശ്വര്യം എന്ന മുദ്ര) സങ്കല്പിച്ച് പാത്രത്തിലാക്കി പാത്രം മുമ്പിൽ വച്ച് **രൂപത്തെ പാത്രത്തിൽ മജ്ജനം ചെയ്യുന്നു(മുക്കുന്നു).** ഏഴാമത് **മഹിമ** സങ്കല്പിച്ച് പനിനീർപാത്രത്തിലാക്കി **കുടയുന്നു.** ഓരോന്നു കഴിയുമ്പോഴും പാത്രം കമഴ്ത്തി വയ്ക്കുന്നു. സൃഷ്ടി കഴിഞ്ഞ് രൂപമാകെ നോക്കി സൗന്ദര്യത്തിൽ തന്റെ സൃഷ്ടിയെക്കുറിച്ച് അഭിമാനിക്കുന്നു. ഇപ്രകാരം സൃഷ്ടിച്ചു. പിന്നീട് അല്പകാലത്തിനു ശേഷം ആലോചിക്കുന്നു. ഇതു പോലെ മറ്റൊരു സൃഷ്ടി നടത്തണം. **പാത്രങ്ങൾ മലത്തി നോക്കുന്നു. തട്ടി, വടിച്ച്, സൂക്ഷിച്ചു നോക്കിയിട്ടും അല്പം പോലും ഈ ഗുണങ്ങൾ കിട്ടാനില്ല.** ഇനി എന്തു ചെയ്യും. ഇവളോടു യാചിക്കുക തന്നെ. ഈ ഗുണങ്ങളുടെ അല്പം അംശമെങ്കിലും തരണേ ഞാൻ അനേകം സൃഷ്ടികൾ നടത്താം. ഇങ്ങനെബ്രഹ്മാവിനോട് യാചിക്കേണ്ടി വരും.

ഈ ആട്ടത്തിൽ സൗന്ദര്യാദികൾ ഏഴും ഏഴു തരത്തിൽ രൂപത്തിൽ ചേർക്കുന്നു. ചിലതൊക്കെ നേരത്തെ നിലവിലുള്ളതും ചിലതൊക്കെ

(പൂശുക, മജ്ജനം ചെയ്യുക, പനിനീർ പാത്രത്തിലാക്കി കുടയുക) സ്വകീയഭാവനയിൽ സൃഷ്ടിച്ചതാണ്. ഏഴു തരമാക്കാൻ സ്വീകരിച്ച വഴികളാണിത്.

ഇത്രയും വിശിഷ്ടയായ നായികയെ സ്വന്തമാക്കിയ നായകന്റെ അഭിമാനം, സംയോഗശൃംഗാരത്തെ പുഷ്ടമാക്കുന്നു.

2.കീചകവധം - അഭിലാഷവിപ്രലംഭം.

ഇത് ശൃംഗാരം എന്ന് പറയാൻ വയ്യ. ശൃംഗാരാഭാസമാണ്. അനുചിതവിഭാവാലംബനമായ ശൃംഗാരം. അല്ലെങ്കിൽ ഏകനിഷ്ഠമായ ശൃംഗാരം. അതിനാലിത് വിപ്രലംഭശൃംഗാരാഭാസമാണ്. ഈ ശ്ലോകം അലങ്കാരശേഖരം എന്ന ഗ്രന്ഥത്തിൽ കാണപ്പെടുന്നു.

1.കിമിന്ദുഃ കിം പദ്മം കിമു മുകുരബിംബം കിമു മുഖം
കിമബ്ജേ കിം മീനൗ കിമു മദനബാണൗ കിമു ദൃശൗ
ഖഗൗ വാ ഗുച്ഛൗ വാ <u>ഹരിമണിഘടൗ</u> വാ കിമു കുചൗ(കനകകലശൗ)
തഡിദ്വാ താരാ വാ <u>മരതകലതാ</u> വാ കിമബലാ (കനകലതികാ)

ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് പ്രബന്ധലേഖകൻ സന്ദർഭത്തിനു വേണ്ടി വരുത്തിയ പാഠഭേദമാണ്. കറുത്ത നിറമുള്ള പാഞ്ചാലിയ്ക്ക് കനകകലശം പോലെ കുചങ്ങളും കനകലതികപോലെയുള്ള രൂപവും ഉചിതമല്ല. അതിനാൽ ഇന്ദ്രനീലരത്നം പതിപ്പിച്ച കുടങ്ങളും -ഹരിമണിഘടൗ-, മരതകവള്ളി -മരതകലതാ-യുമാക്കി മാറ്റി.

ആട്ടപ്രകാരം- (തിരശ്ശീല താഴ്ത്തുന്നതോടെ മാലിനിയെ കാണുന്നതോടെ ത്രിപുടവട്ടം തുടങ്ങുന്നു. ഒരു താളവട്ടം പുരികമിളക്കി സൗന്ദര്യം നടിച്ച് മുദ്ര ആരംഭിക്കുന്നു.) ഇതാ കാണുന്നത് എന്താണ് (ആലോചിച്ച്) ചന്ദ്രൻ ആണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) ചന്ദ്രന് കളങ്കമുണ്ട്. അതിനാൽ ചന്ദ്രൻ അല്ല. (വീണ്ടും നോക്കി) താമരയാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) താമര ചെളിയിൽ വിടരുന്നു. അതിനാൽ താമരയല്ല. (വീണ്ടും നോക്കി) കണ്ണാടി ബിംബമാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) കണ്ണാടിബിംബം യഥാർഥമല്ല. അതിനാൽ കണ്ണാടിബിംബമല്ല. (വീണ്ടും നോക്കി) പിന്നെയെന്താണ് (നോക്കി മനസ്സിലായതായി നടിച്ച് ഇരുവശത്തേയ്ക്കും ഉലഞ്ഞ്) ഇത് ഒരു മുഖമാണ്. (വീണ്ടും നോക്കി മാറിമാറി കണ്ട്) ഇവ എന്താണ് (ആലോചിച്ച്) താമരയിതളുകളാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) ഇവയിൽ മനോഹരമായ രണ്ട് ഗോളങ്ങളുണ്ട്. അതിനാൽ താമരയിതളുകൾ അല്ല. (വീണ്ടും നോക്കി) മത്സ്യങ്ങളാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) മത്സ്യങ്ങൾ ജലത്തിൽ വസിക്കുന്നു. അതിനാൽ മത്സ്യങ്ങളല്ല. (വീണ്ടും നോക്കി) കാമദേവന്റെ അമ്പുകളാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്)ഇവ കാമദേവന്റെ അമ്പുകളേക്കാൾ തീക്ഷ്ണമായി മനസ്സിൽ തറക്കുന്നു. അതിനാൽ കാമദേവന്റെ അമ്പുകളല്ല. (വീണ്ടും നോക്കി) പിന്നെയെന്താണ് (നോക്കി മനസ്സിലായതായി നടിച്ച് ഇരുവശത്തേയ്ക്കും ഉലഞ്ഞ്) ഇവ കണ്ണുകളാണ്. (വീണ്ടും നോക്കി മാറിമാറി കണ്ട്) ഇവ എന്താണ് (ആലോചിച്ച്) ചക്രവാകപക്ഷികളാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്)

ചക്രവാകപക്ഷികൾക്ക് വിരഹമുണ്ട്. അതിനാൽ ചക്രവാകപക്ഷികളല്ല. (വീണ്ടും നോക്കി) പൂങ്കുലകളാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) പൂങ്കുലകളിൽ വണ്ടുകൾ പറന്നിരിക്കും. അതിനാൽ പൂങ്കുലകളല്ല. (വീണ്ടും നോക്കി) ഇന്ദ്രനീലരത്നം പതിപ്പിച്ച കുടങ്ങളാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) ഇവയിൽ അമൃത് നിറഞ്ഞ് തുളുമ്പുന്നുവോ എന്നു തോന്നും. അതിനാൽ ഇന്ദ്രനീലരത്നം പതിപ്പിച്ച കുടങ്ങല്ല. (വീണ്ടും നോക്കി) പിന്നെയെന്താണ് (നോക്കി മനസ്സിലായതായി നടിച്ച് ഇരുവശത്തേയ്ക്കും ഉലഞ്ഞ്) ഇവ കുചങ്ങളാണ്. (വീണ്ടും നോക്കി) ഈ കാണുന്നതെന്താണ് (ആലോചിച്ച്) മിന്നൽപ്പിണരാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) മിന്നൽപ്പിണർ പെട്ടെന്ന് മറയും. അതിനാൽ മിന്നൽപ്പിണരല്ല. (വീണ്ടും നോക്കി) നക്ഷത്രമാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) നക്ഷത്രം ആകാശത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ നക്ഷത്രമല്ല. (വീണ്ടും നോക്കി) മരതകവള്ളിയാണോ (ആലോചിച്ച് അല്ല എന്നു നടിച്ച്) മരതകരത്നത്തിന് മൃദുത്വമില്ല. അതിനാൽ മരതകവള്ളിയല്ല. (വീണ്ടും നോക്കി) പിന്നെയെന്താണ് (നോക്കി മനസ്സിലായതായി നടിച്ച് ഇരുവശത്തേയ്ക്കും ഉലഞ്ഞ്) ഇത് ഒരു സുന്ദരിയാണ്.

2പങ്കജഗന്ധിസുഗന്ധവഹോയ-
മന്തികമേതി, കുതോ? വനിതായാഃ.
സുന്ദരരൂപമിദം ച ഭഗിന്യാഃ
ശാസനമാവഹതീതി വിശങ്കേ. (പ്രബന്ധലേഖകൻ)

(ഗന്ധം നടിച്ച്) ഇവിടെയെല്ലാം താമരപ്പൂവിന്റെ ഗന്ധം പരക്കുന്നു. ഇവളാരാണ് (സൂക്ഷിച്ചു നോക്കി മനസ്സിലാകുന്നു. അതോടെ മേളം തൃപുട രണ്ടാംകാലമാകുന്നു. സന്തോഷത്തോടെ ഉലഞ്ഞ്.)മനസ്സിലായി. എന്റെ സഹോദരിയുടെ ദാസിയായ മാലിനി തന്നെ. (വീണ്ടും ആഗ്രഹത്തോടെ നോക്കി ആലോചിച്ച്)

3.ലഭതേ കഥമിമാമേവം കിം വാമുഷ്യാഃ ഹിതം ഭവേത്.
കഥഞ്ചിന്മധുരൈർവാക്യൈഃ സ്വാന്തം സ്വാധീനമാപ്നുയാത്.
(പ്രബന്ധലേഖകൻ)

ഇനി ഇവളെ ലഭിക്കാൻ ഉപായമെന്ത് (ആലോചിച്ചുറയ്ക്കുന്നു. മേളം തൃപുട മൂന്നാം കാലം). ആ, ഉണ്ട്. ഇനി അവളുടെ സമീപത്തു ചെന്ന് നല്ല വാക്കു പറഞ്ഞ് സ്വാധീനിക്കുക തന്നെ. (മാലിനിയിൽ ദൃഷ്ടിയൂന്നി ശക്തിയായ കാമവികാരം നടിച്ചു കൊണ്ട് നാലാമിരട്ടി മേളത്തോടൊപ്പം സാവധാനത്തിൽ തിരശ്ശീല പൊക്കുക.)

കളരിയിൽ ചൊല്ലിയാടിക്കുന്ന ഈ ആട്ടത്തിന് സാധാരണയായി **സൗന്ദര്യാദ്യൈഃ സമസ്തൈഃ .** എന്നശ്ലോകമോ **നേദം മുഖം .** എന്ന ശ്ലോകമോ ആണ് സ്വീകരിക്കാറുള്ളത്. ഈ ശ്ലോകവും ചിലപ്പോൾ പതിവുണ്ട്. ഇപ്പോൾ സാധാരണയായി ആടിവരുന്നത് ശ്ലോകത്തിന്റെ പദാർഥം അഭിനയിച്ചുപോകുന്ന സംപ്രദായത്തിലാണ്. പക്ഷേ ഇതിലോരോ

സംശയങ്ങളാണ് ഉപപാദിച്ചിട്ടുള്ളത്. സംശയനിവൃത്തി വരുത്തിയതിനു ശേഷം ഒന്നിൽ നിന്ന് അടുത്തതിലേക്ക് കടക്കുന്ന രീതി ഇവിടെ അവലംബിച്ചിരിക്കുന്നു. ആദ്യ ശ്ലോകത്തിൽ ഒരു സുന്ദരിയാണെന്ന തീരുമാനത്തിലെത്തുന്നു. രണ്ടാം ശ്ലോകത്തിൽ മാലിനിയാണെന്നും. മൂന്നാമത്തെ ശ്ലോകത്തിൽ ലാഭോപായം ഉറപ്പിക്കുന്നു. അഭിലാഷത്തിന്റെ ഗതിയാണിത്. ലഭിച്ചാൽ അത് സംയോഗശൃംഗാരമായി പരിണമിക്കും. ഇനിയോ നിൻ ത്രപയൊന്നേ . (നളചരിതം 2-ാം ദിവസം) എന്ന അവസ്ഥയിൽ പോലും സംയോഗശൃംഗാരമായില്ല. രസഗംഗാധരത്തിലെ

ശയിതാ സവിധേപ്യനീശ്വരാ സഫലീകർത്തുമഹോ മനോരഥാൻ
ദയിതാ ദയിതാനനാംബുജം ദരമീലന്നയനാ നിരീക്ഷതേ.
(രസഗംഗാധരം)

(അടുത്തു കിടന്നിട്ടു പോലും ആഗ്രഹങ്ങളെ സഫലീകരിക്കാൻ കഴിയാതെ ദയിത ദയിതന്റെ മുഖാംബുജം കണ്ണുപകുതി അടച്ചുകൊണ്ടു നോക്കുന്നു.)എന്ന ശ്ലോകം ഇവിടെ സ്മർതവ്യമാണ്. രസഗംഗാധരകാരൻ ഇതിനെസംഭോഗശൃംഗാരമായി കണക്കാക്കുന്നെങ്കിലും ലജ്ജ സംഭോഗത്തിന് പ്രതിബന്ധകമായി നിൽക്കുന്നു.

ഏകനിഷ്ഠമായതിനാൽ പ്രതിനായകന്റെ ഈ ശൃംഗാരാഭിലാഷവിപ്രലംഭം ദുരന്തമായി അതായത് പ്രതിനായകനിഷ്ഠമായ കരുണത്തിൽ കലാശിക്കുന്നു. ഇത് നാടകവിരോധിയല്ല. നായകനിഷ്ഠമായ കരുണത്തിലാണ് വിരോധം.

3.നളചരിതം 3-ാംദിവസം - വെളുത്ത നളൻ -വിരഹവിപ്രലംഭം
ഈ ശ്ലോകങ്ങൾക്കാധാരം കലാമണ്ഡലം വാസുപിഷാരടി എഴുതിയ രംഗനൈഷധമാണ്. **ഉണ്ടീടാൻ ഫലമുണ്ട്** എന്ന ഒരു ശ്ലോകം നിലനിലുണ്ടെന്നു കേൾക്കുന്നു. മൂന്നാമത്തെ ശ്ലോകം കാളിദാസന്റെ മേഘദൂതത്തിലേതാണ്.

1. ദാഹം തീർക്കും നദീ നീരൊ,ഴുകുമമൃതമാം, മാതൃഭാവേനനല്കും
സ്വാദേറും വൃക്ഷശാഖാസുലഭഫലഭരം തീർക്കുമേറും വിശപ്പും
ക്ഷീണം തീർക്കാം, ശയിക്കാം ശിലകളിലനിശം, ദാരു ചർമ്മം ധരിക്കാം
നിത്യാനന്ദം വസിക്കാം വനമിഹ ഭവനം നാഗരം ഭീകരം മേ
(പ്രബന്ധലേഖകൻ)

2.പാടും പൂങ്കിളി മംഗളം വരവിനായ്, പൂക്കൾ പൊഴിക്കും മരം
വീശും പൂങ്കുല ചാമരം, കൊടികളായ് പാറും തളിർജാലവും
വാഴാം രാജസുഖങ്ങളോടെ,യരചൻ ഞാനീ, വനം രാജ്യവും
ശൂന്യം ജീവനമീവനത്തി, ലരികിൽ നീയില്ല ജീവേശ്വരി
(പ്രബന്ധലേഖകൻ)

3.ശ്യാമാസ്വങ്ഗം ചകിതഹരിണീപ്രേക്ഷണേ ദൃഷ്ടിപാതം
ഗണ്ഡച്ഛായം ശശിനി ശിഖിനാം ബർഹഭാരേഷു കേശാൻ
ഉത്പശ്യാമി പ്രതനുഷു നദീവീചിഷു ഭ്രൂവിലാസാൻ
ഹന്തൈകസ്ഥം ക്വചിദപി നതേ ഭീരു സാദൃശ്യമസ്തി.

(മേഘസന്ദേശം)

(വള്ളികളിൽ ശരീരം, പേടിച്ചരണ്ട പേടമാൻമിഴികളിൽ നോട്ടം, ചന്ദ്രനിൽ കവിൾത്തടത്തിന്റെ ഛായ, മയിൽപ്പീലികളിൽ മുടി, നദിയുടെ ചെറു ഓളങ്ങളിൽ പുരികക്കൊടിയുടെ വിലാസങ്ങൾ എന്നിവ കാണുന്നു. പക്ഷേ ഇതെല്ലാം ഒരുമിച്ചു ചേർന്ന് നിനക്കു തുല്യമായി എവിടെയും കാണുന്നില്ല.)

4.പന്ത്രണ്ടായ് സൂര്യനൊന്നിച്ചുയരുമിതു കൊടും കാട്ടുതീയായ്, മരങ്ങൾ
വീഴും, കത്തിപ്പിളർന്നാ ദിശകളലറിടും ഘോഷവും, ജീവജാലം
ജീവിക്കാനാശയേറുന്നവരെയനിലനങ്ങാശ്വശിക്കും, നഭസ്സിൽ
പക്ഷം കത്തിക്കരിഞ്ഞാപ്പറവകളെരിയുന്നീ വനം ഭസ്മമാകും.

(പ്രബന്ധലേഖകൻ)

ഇവിടെ വനത്തിലെ ജീവിതവുമായി പൊരുത്തപ്പെടാൻ, വിരഹത്തെ മറക്കാൻ ശ്രമിക്കുന്ന നളൻ ജീവിതസൗകര്യങ്ങൾ വനത്തിൽ കണ്ടെത്തുമ്പോഴും ഉള്ളിലെ വിരഹം പൊന്തിവരുന്നു. രണ്ടാം ശ്ലോകത്തിലവസാനം ഈനിലയിലെത്തി മൂന്നാം ശ്ലോകത്തിൽ തന്റെ സ്ഥായിയായ വിപ്രലംഭരതിയിൽ മുഴുകുന്നു. സമാഗമത്തിനുള്ള കാരണം കാർകോടകദർശനത്തിൽ തുടങ്ങുന്നു. പുനസ്സമാഗമസാധ്യതയിലാണ് വിപ്രലംഭം. അത്യന്തവിരഹത്തിൽ കരുണമെന്ന് ശാസ്ത്രം.

4.നളചരിതം നാലാം ദിവസം -ബാഹുകൻ-വിരഹവിപ്രലംഭം

വിരഹവിപ്രലംഭത്തിന്റെ മറ്റൊരു അവസ്ഥയാണിവിടെ. തനിക്ക് നഷ്ടപ്പെട്ട പ്രിയതമ മറ്റൊരാളുടെയാകാൻ പോകുമ്പോളുണ്ടാകുന്ന നായകന്റെ അവസ്ഥ. നഷ്ടമായാൽ പുനസ്സമാഗമത്തിനു സാധ്യതയില്ലാത്തതിനാൽ ഇതു കരുണമാണോ എന്നു സംശയമുണ്ടായേക്കാം. പക്ഷേ മരണത്തിൽ പോലും പുനരുജ്ജീവനസംഭാവനയിൽ വിപ്രലംഭമാണ്. കാദംബരിയിൽ മഹാശ്വേതയുടെ കഥ ഉദാഹരിക്കാം. വിപ്രലംഭത്തെ ഉച്ചകോടിയിൽ എത്തിച്ച് സംയോഗം സാധ്യമാക്കുമ്പോൾ അനുഭവം വളരെയുണ്ട്. ഇവിടെ അപഥിഷു മതിഗതി അവൾക്കില്ല എന്ന മനോഭാവം ഉള്ള ബാഹുകന് രണ്ടാം വിവാഹത്തെക്കുറിച്ച് സംശയമാണ്, സ്ഥിരീകരണമല്ല. വിവാഹഘോഷങ്ങൾ കാണുന്നില്ല, ഋതുപർണന്റെ മ്ളാനത തുടങ്ങിയ പല കാരണങ്ങളാൽ ഈ സംശയം വീണ്ടും നിലനിൽക്കുന്നു. ഈ നിലയിലാണ് ഇവിടെ ആട്ടത്തിന്റെ ക്രമീകരണം. നിലവിലുള്ള ആട്ടങ്ങളോടൊപ്പം സ്വകീയമായ ചെറിയ ആശയങ്ങൾ (ശ്ലോകങ്ങൾ 4,5,6) ചേർത്തുകൊണ്ട് ക്രമീകരിച്ചിരിക്കുന്നു. ശ്ലോകങ്ങളുടെ അർഥം മിക്കവാറും ആട്ടത്തിലുള്ളതുകൊണ്ട് പ്രത്യേകിച്ചു ചേർത്തിട്ടില്ല.

1. വിവാഹഘോഷണാ നാത്ര നബ്രൂയുരനൃതം ദ്വിജാഃ
കിം ഗൂഢം തനയാം ദദ്യാദയോധ്യാപതയേ നൃപഃ (പ്രബന്ധലേഖകൻ)

(സ്വഗതം)രണ്ടാം സ്വയംവരവാർത്തയുമായി ഇവിടെ വന്നപ്പോൾ ആഘോഷങ്ങളൊന്നും കാണാനില്ല. ബ്രാഹ്മണർ അസത്യം പറയില്ല. ഇനി രാജാവ് രഹസ്യമായി തന്റെ പുത്രിയെ ഋതുപർണന്റെ കയ്യിൽ ഏൽപ്പിക്കാനാണോ ഉദ്ദേശം? ആരറിഞ്ഞു?

2.പാചകാ ഇത ആയാന്തി പചനീയഭൃതാ ഹി ഭോഃ

യാതായാതാസ്മി പാകായ ശാലാം രാജ്ഞേചിരാദഹം.

(പ്രബന്ധലേഖകൻ)

(യൂയം യാത- നിങ്ങൾ പോകൂ, അഹം ആയാതാസ്മി(ലുട്) ഞാൻ വരും, രാജ്ഞേ അചിരാദ്- രാജാവിനായി അധികം വൈകാതെ)

(പാചകക്കാർ വരുന്നതായി നടിച്ച്) എന്ത്? ഋതുപർണനുള്ള ഭക്ഷണം തയ്യാറാക്കണമെന്നോ? ശരി. സാമഗ്രികൾ ഒരുക്കിക്കൊള്ളൂ. ഞാൻ പാചകശാലയിൽ എത്തിക്കൊള്ളാം.(അവരെ പറഞ്ഞയച്ച് പാചകശാലയിലേക്ക് പോകുന്നു)

3. ജലം ദേഹി ചിരം ദേവ, ജലധേരധിപോ വരം

വരുണോ വരണേ ഭൈമ്യാസ്ത്വമദാസ്തമനുസ്മര. (പ്രബന്ധലേഖകൻ)

(ഭൈമ്യാഃ വരണേ വരുണഃ ത്വം വരം അദാഃ, തം അനുസ്മര- ഭൈമിയുമായുള്ള വിവാഹത്തിൽ വരുണനായ അങ്ങ് വരം തന്നു. അത് ഓർക്കൂ.)

(സാമഗ്രികൾ ഓരോന്നായിക്കണ്ട് പാത്രങ്ങൾ അടുപ്പിൽ കയറ്റുന്നു. വീണ്ടും നോക്കുമ്പോൾ) വെള്ളമില്ല. എന്തു ചെയ്യും? സാരമില്ല. എനിക്ക് വരുണന്റെ അനുഗ്രഹമുണ്ടല്ലോ. (വരുണനെസ്മരിച്ച്) അല്ലയോ, വരുണദേവ, എനിക്ക് പാചകത്തിനാവശ്യമായ ജലം ഈ പാത്രങ്ങളിൽ നിറച്ചാലും. (പ്രാർഥിക്കുന്നു. ജലം നിറയുന്നതായിക്കണ്ട് മതി എന്നപേക്ഷിക്കുന്നു)

4.അലം പൂർണമിദം പാത്രം പശ്യേദം ഹൃദയം ചിരം.

ദഹന്തം കൃപയാ സിഞ്ച രസബിന്ദു കൃപാംബുധേ. (പ്രബന്ധലേഖകൻ)

അല്ലയോ വരുണദേവ, പാത്രങ്ങളിൽ ജലം നിറച്ചു. എന്റെ മനസ്സിലേക്ക് ഒന്നു നോക്കൂ. വളരെക്കാലമായി എരിഞ്ഞു കൊണ്ടിരിക്കുന്ന ഈ മനസ്സിൽ കരുണയുടെ ഒരു ജലബിന്ദുവെങ്കിലും വർഷിക്കുമോ? (നെടുവീർപ്പോടെ, വീണ്ടും നോക്കി)

5.ജ്വലയ ജ്വലനൈധോ മേ ഹൃദോ നിർവർതയ പ്രഭോ

ജ്വാലാം ച കേവലാമേകാം യദി തേ കരുണാ ഹൃദി. (പ്രബന്ധലേഖകൻ)

(ജ്വലന, ഏധഃ ജ്വലയ - അഗ്നേ, വിറകു കത്തിയ്ക്കൂ.)

കത്തിക്കാനുള്ള വിറകില്ല. സാരമില്ല. അഗ്നിദേവനോടപേക്ഷിക്കാം. അല്ലയോ അഗ്നിദേവ, പാചകം ചെയ്യാൻ അഗ്നിയെ ജ്വലിപ്പിച്ചാലും. (പ്രാർഥിച്ച്, അഗ്നി കത്തുന്നതായി നടിച്ച്, മതി എന്നപേക്ഷിക്കുന്നു) അല്ലയോ അഗ്നിദേവ, വളരെക്കാലമായി എന്റെ മനസ്സിനെഎരിച്ചുകൊണ്ടിരിക്കുന്ന അങ്ങ് ഒരു നാളമെങ്കിലും പിൻവലിക്കുമോ?

6.ആതിദേയാഃ ദയാ വോ ന? യൂയം കൃതവരൈരിമം

കരൈരകരുണൈരേവ ഹഥ, ഹന്ത ഹതാ വയം. (പ്രബന്ധലേഖകൻ)

(യൂയം ഹഥ- നിങ്ങൾ കൊല്ലുന്നു.)

ഇല്ല. അല്ലയോ ദേവന്മാരേ, നിങ്ങൾ കരുണയില്ലാത്തവരാണ്. അനുഗ്രഹിച്ച കൈ കൊണ്ടു തന്നെ നിങ്ങൾ നിഗ്രഹിക്കുന്നു. (പാചകത്തിൽ ഏർപ്പെടുന്നു. കേശിനി മറഞ്ഞുനിന്ന് കാണുന്നു) (പാകമാവാൻ കാത്തിരുന്ന് സ്വഗതം)

7.പുരാമർത്ത്യപരീക്ഷാണാം പാരം ഗാമീ വിദർഭജാം

ഉപയേമേധുനാ സാക്ഷീ തസ്യാഃ പരകരഗ്രഹേ. (പ്രബന്ധലേഖകൻ)

8. അശ്വപ്ലുതഞ്ചാംബുദഗർജനഞ്ച **സ്ത്രീണാഞ്ച ചിത്തം** പുരുഷസ്യ ഭാഗ്യം. അവർഷണം ചാപ്യതിവർഷണഞ്ച **ദേവോ നജാനാതി** കുതോ മനുഷ്യഃ. (പ്രസിദ്ധമായ സുഭാഷിതം)

പണ്ട് ദേവന്മാരുടെ പരീക്ഷണങ്ങളെ മറികടന്ന് ദമയന്തിയെ പാണിഗ്രഹണം ചെയ്യാനെത്തിയ ഞാൻ ഇന്ന് ദമയന്തി മറ്റൊരാളെ വരിക്കുന്നതിന് സാക്ഷിയാകാനെത്തിയിരിക്കുന്നു. സ്ത്രീമനസ്സിനെഈശ്വരനു പോലുമറിയില്ല, എന്തായാലും എന്റെ തലയിലെഴുത്തു തന്നെ.

9.പക്വമന്നാദികം ദേയം നൃപായ രസികായ ച.

കിമസ്യ വദനം മ്ളാനമോദനായ നരോചതേ. (പ്രബന്ധലേഖകൻ)

10.ബുഭുക്ഷാ നഹി തസ്യേതി ഭുക്തശിഷ്ടം തു നീയതാം

ഇതി നിർദിശ്യ രഥം പ്രാപ്യ ഹരീൻ പര്യലാലയത്. (പ്രബന്ധലേഖകൻ)

(ഗന്ധം നടിച്ച്, ചോറും കറികളുമെടുത്ത് ഋതുപർണസന്നിധിയിലേക്ക് യാത്രയാകുന്നു. ഋതുപർണനെകണ്ട് ഭക്ഷണം വിളമ്പുന്നു. ശ്രദ്ധിച്ച്) ഇദ്ദേഹത്തിന്റെ മുഖം വാടിയതെന്താണ്? (ചോദിക്കുന്നു) ഭക്ഷണം നന്നായില്ലേ? (ഉവ്വ്, പക്ഷേ വിശപ്പില്ല എന്ന മറുപടി കേട്ട്, ഇലയെടുക്കാൻ ഒരാളോട് നർദേശിച്ച്, രഥത്തിലേക്ക് മടങ്ങുന്നു.

11. തൃണം ഭുങ്ക്ഷ്വ സഖേ, ജാനേ**ഹൃദയം തേശ്വ** സന്തതം.

നഭുങ്ക്ഷേ, ഭജസേ ദുഃഖം മാമനു, ത്വം ഹി മേ സുഹൃത്.

(പ്രബന്ധലേഖകൻ)

കുതിരക്ക് പുല്ലിട്ടു കൊടുത്ത്) കുതിര തിന്നുന്നില്ല. നീ എന്റെ ദുഃഖത്തിൽ പങ്കു ചേരുകയാണോ? അശ്വഹൃദയം അറിയാവുന്ന എന്റെ ഹൃദയം നീ മനസ്സിലാക്കുന്നോ? (കുതിരയെ തലോടി)

12.മ്ലിഷ്ടാനി കുസുമാന്യത്രോദ്ഗിരന്തി കരലാളനൈഃ.

ഏവം ജീവസുമം ജാതു വികസേദചിരേണ മേ (പ്രബന്ധലേഖകൻ)

രഥത്തിലെ പൂക്കൾ മങ്ങിയതായിക്കണ്ട്) ഇതുപോലെ എന്റെ ജീവിതപുഷ്പവും വാടിയിരിക്കുന്നു. അത് എന്നെങ്കിലും വിടരുമോ? (അറിയാതെ പൂക്കൾ തൊടുമ്പോൾ വിരിയുന്നു. വീണ്ടും പൂക്കൾ തിരുമ്മി വിരിയിക്കുന്നു. കേശിനി കാണുന്നു.) ഇതുപോലെ എന്നെങ്കിലും എന്റെ ജീവിതപുഷ്പവും വിടർന്നേക്കാം. (രഥത്തിൽ ഇരിക്കുന്നു)

ഈ ജീവിതാഭിലാഷരതിയാണ് പുനസ്സമാഗമസാധ്യതയും അതിലൂടെ സംയോഗവും സൃഷ്ടിക്കുന്നത്. രതി നിലനിൽക്കുമ്പോഴേ വിപ്രലംഭം അതായത് വിരഹം ശൃംഗാരമാകുകയുള്ളൂ.

ശൃംഗാരത്തിന്റെ വളരെ കുറച്ച് സിദ്ധാന്തങ്ങളും അവയുടെ ചില

പ്രായോഗികവശങ്ങളും ഒന്നു പരുശോധിച്ചു പോകുക മാത്രമാണ് ഇവിടെ ചെയ്തിരിക്കുന്നത്. വിശദമായ പഠനത്തിനു വിധേയമാക്കുന്നവർക്കു ആട്ടക്കഥാസാഹിത്യവും അതിന്റെ ആട്ടപ്രകാരവും ആഘോഷിക്കാവുന്ന ഒരു മേഖലയാണ്. കുതുകികൾക്കും പ്രയത്നശീലർക്കും ഈ വിഷയം സമർപ്പിക്കുന്നു.

രാഗവും ഭാവവും കഥകളിസംഗീതത്തിൽ

സി.എം.ഡി നമ്പൂതിരിപ്പാട്

ജനനം: 1937 ജൂലായ് 16, മാതാപിതാക്കൾ: നീലി അന്തർജനം, സി.എം.സി.നാരായണൻ നമ്പൂതിരിപ്പാട്
കഥകളിയും കർണാടകസംഗീതവുമായി ബന്ധപ്പെട്ട ലേഖനങ്ങളുംെ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചാപ്പുതാളവും മുറിയടന്തയും എന്ന ലേഖനം സമകാലിക സംഗീതത്തിൽ (2009) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കലാമണ്ഡലം പത്മനാഭൻ നായർ ട്രസ്റ്റിന്റെ 2011 ലെ ശ്രീ വലയാധാരി കഥകളി പുരസ്കാരം ലഭിച്ചു.
വിലാസം : ചെറമംഗലത്ത് മന, ഒല്ലൂക്കര, തൃശ്ശൂർ 680 655

വർഷങ്ങൾക്കുമുമ്പ് (1975 ജനുവരി മാസം) തൃശ്ശൂർ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധ കർണാടക സംഗീതജ്ഞനായിരുന്ന പുതുക്കോട് കൃഷ്ണമൂർത്തിയും കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരിയും കൂടി സംഗീതസമന്വയം അവതരിപ്പിക്കുകയുണ്ടായി. ശ്രീരാഗത്തിലുള്ള എന്തരോമഹാനുഭാവുലു എന്ന പ്രസിദ്ധമായ ത്യാഗരാജകൃതി കൃഷ്ണമൂർത്തി പാടിയതിനുശേഷം കുചേലവൃത്തത്തിലെ 'അജിതാഹരേ' എന്ന പദം എമ്പ്രാന്തിരി പാടിയപ്പോൾ നിലക്കാത്ത കയ്യടിയായിരുന്നു. സംഗീതജ്ഞാനത്തിലും പ്രശസ്തിയിലും പുതുക്കോട് കൃഷ്ണമൂർത്തിയുമായി അന്ന് യുവാവായിരുന്ന എമ്പ്രാന്തിരിയെ താരതമ്യം ചെയ്യാൻ പറ്റില്ല. എന്നിട്ടും കൂടുതൽ കയ്യടി നേടാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് എന്താണ്? രണ്ടുകാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും . ഒന്ന് അവിടെ ക്കൂടിയവരിൽ ഭൂരിഭാഗം കഥകളി ആസ്വാദകരായിരുന്നു. രണ്ട്, കുചേലന്റെ കൃഷ്ണനോടുള്ള ഭക്തിയുടെ ഭാവം ഉൾക്കൊള്ളാൻ, കഥകളി അവതരിപ്പിക്കാതെത്തന്നെ, ആസ്വാദകർക്ക് കഴിഞ്ഞു. ഈ സംഭവത്തിൽ നിന്ന് കർണാകസംഗീതവും കഥകളിസംഗീതവും തമ്മിലുള്ള പ്രകടമായ വ്യത്യാസം മനസ്സിലാക്കാൻ കഴിയും. അരങ്ങത്ത് അഭിനയിക്കുന്ന നടന്റെ പ്രകടനത്തെ സംഗീതം സഹായിച്ചുവെങ്കിൽ അതാണ് ആസ്വാദകൻ ഇഷ്ടപ്പെടുന്നത്, അല്ലെങ്കിൽ ഇഷ്ടപ്പെടേണ്ടത്. നേരെമറിച്ച്, സംഗീതത്തിൽ മാത്രമാണ് ഒരാസ്വാദകൻ കൂടുതൽ താൽപര്യം കാണിക്കുന്നതെങ്കിൽ, ഒരുപക്ഷെ അന്നു പാടിയ കർണാടക സംഗീത കീർത്തനമായിരിക്കും ഇഷ്ടപ്പെട്ടിരിക്കുക.

ഇതിനും എത്രയോ കാലം മുമ്പ്, ആകാശവാണി തിരുവനന്തപുരം നിലയം അവതരിപ്പിച്ച കഥകളിപ്പദങ്ങളും ഇതോടൊപ്പം ഓർമ്മിക്കാവുന്നതാണ്. കഥകളിപ്പദങ്ങൾ, വയലിനും മൃദംഗവും മറ്റുമായി കർണാടക സംഗീതജ്ഞരെക്കൊണ്ട് കുറക്കാലം പ്രക്ഷേപണം ചെയ്യുകയുണ്ടായി. കഥകളി സംഗീതം ഇഷ്ടപ്പെടുന്നവർക്കോ കർണാടക സംഗീതാസ്വാദകർക്കോ ഈ

പരിപാടി പഥ്യമായില്ല. ഒടുവിൽ ഇത് നിർത്തലാക്കി.

അപ്പോൾ ഒരു കാര്യം : കഥകളി സംഗീതം അതിന്റെ സമ്പ്രദായത്തിൽ പാടേണ്ടതാണ്. എന്താണ് കഥകളിയുടെ സമ്പ്രദായം? കർണാടക സംഗീത കച്ചേരികളിൽ നിന്ന് കഥകളിസംഗീതത്തിനുള്ള വ്യത്യാസമെന്താണ് ? പരിമിതികളെന്തെല്ലാമാണ്? ധർമ്മങ്ങളെന്താണ്? രാഗശുദ്ധിയാണോ അതോ ഭാവമാണോ കഥകളിപ്പദങ്ങൾക്ക് പ്രധാനം ? ഈ ദിശകളിൽക്കൂടിയുള്ള ഒരന്വേഷണമാണ് ഈ കുറിപ്പ്.

കർണാടകസംഗീതം ഒരു സംഗീതപദ്ധതിയാണെന്നും കഥകളിസംഗീതം നടന്റെ അഭിനയവുമായി ബന്ധപ്പെട്ടതാണെന്നും ഉള്ള തിരിച്ചറിവാണ് ആദ്യം വേണ്ടത്. അഭിനയത്തെ പോഷിപ്പിക്കുന്ന അല്ലെങ്കിൽ സഹായിക്കുന്ന ഘടകങ്ങളാണ് സംഗീതവും മേളവും ആഹാര്യവും മറ്റും. അഭിനയത്തിനാണ് അല്ലെങ്കിൽ നടനാണ് സംഗീതത്തിനേക്കാൾ അല്ലെങ്കിൽ ഗായകനേക്കാൾ പ്രാധാന്യം. അരങ്ങ് നിയന്ത്രിക്കേണ്ടത് പൊന്നാനി ഭാഗവതരാണ് എന്ന് പറയാറുണ്ടെങ്കിലും അത് പ്രാധാന്യം മുൻനിർത്തിയല്ല. പല കാരണങ്ങൾകൊണ്ടും അത് അദ്ദേഹത്തിന്റെ ചുമതലയാണ് എന്നേ വിവക്ഷയുള്ളൂ. പാട്ടും മേളവും ഒട്ടും അപ്രധാനമല്ല. എന്നാൽ ഒരു കഥ കളിക്കുകയാണ് അരങ്ങിൽ. അതുകൊണ്ട് സംഗീതവും മേളവും വിട്ടുമാറാൻ പറ്റാത്ത ഘടകങ്ങളാണെങ്കിലും കളിക്കു തന്നെയാണ് പ്രാധാന്യം. കർണാടക കഥകളി സംഗീത ശാഖകൾ തമ്മിലുള്ള ഈ വ്യത്യാസം വളരെ പ്രാധാനപ്പെട്ടതാണ്.

എന്നാൽ കഥകളി കാണാൻ പോകുന്നതിനു പകരം സംഗീതം കേൾക്കാൻ പോവുക എന്ന ഒരു സ്ഥിതിവിശേഷം, താൽകാലിക പ്രതിഭാസം എന്ന നിലയിൽ, ഒരു കാലത്തുണ്ടായിരുന്നു. പ്രശസ്തരായിരുന്ന ഉണ്ണിത്താൻ സഹോദരന്മാരുടേയോ വെങ്കിടകൃഷ്ണഭാഗവതരുടേയോ നീലകണ്ഠൻ നമ്പീശന്റെയോ ചേർത്തല കുട്ടപ്പക്കുറുപ്പിന്റെയോ നെന്മാറ മാധവമേനോന്റെയോ സ്വർണ്ണത്ത് മാണി എമ്പ്രാന്തിരിയുടെ അരങ്ങുകളിലല്ല ഈ മാറ്റം ഉണ്ടായത്. നമ്പീശനാശാന്റെ ശിഷ്യന്മാരായിരുന്ന ഉണ്ണികൃഷ്ണക്കുറുപ്പ്, ശങ്കരൻ എമ്പ്രാന്തിരി, ഹൈദരാലി, വെണ്മണി ഹരിദാസ് എന്നീ നാൽവർസംഘത്തിന്റെ പ്രതാപ കാലത്തായിരുന്നു അത്. അവരിൽത്തന്നെ അഗ്രഗണ്യൻ എമ്പ്രാന്തിരിയായിരുന്നു താനും. കഥകളിയിൽ നടന്മാരോടൊപ്പമോ അല്ലെങ്കിൽ അവരേക്കാളോ പ്രാധാന്യം ഗായകർക്കുണ്ടെന്ന് കഥകളിരംഗത്ത് സ്ഥാപിച്ചെടുത്ത, ഏറ്റവും ജനപ്രിയത നേടിയ കലാകാരൻ തീർച്ചയായും എമ്പ്രാന്തിരിയായിരുന്നു. ജനപ്രിയതയിൽ പത്മശ്രീ കലാമണ്ഡലം ഗോപിയാശാനെ മാത്രമെ സമശീർഷനായി കണക്കാക്കാൻ കഴിയൂ. എമ്പ്രാന്തിരിക്കു ലഭിച്ച ഈ ജനപ്രിയത കഥകളി സംഗീതത്തിൽ പരീക്ഷണങ്ങൾ നടത്താൻ മറ്റു ഗായകർക്ക് പ്രചോദനമായി. അനിയന്ത്രിതമായ രീതിയിൽ രാഗമാറ്റം എന്ന പ്രിതിഭാസം ഉടലെടുത്തതായിരുന്നു പ്രധാനമായത്. കഥകളിയുടെ ചരിത്രത്തിൽ ഒട്ടും പുതിയതല്ല ആട്ടക്കഥാകാരൻ നിർദ്ദേശിച്ച രാഗതാളങ്ങൾ അരങ്ങു പരിചയത്തിന്റെ വെളിച്ചത്തിൽ മാറ്റങ്ങൾ വരുത്തുക എന്നത്. കർണാടക സംഗീതവുമായുള്ള ബന്ധം മൂലം വെങ്കിടകൃഷ്ണഭാഗവതരും അങ്ങനെ ചെയ്തിട്ടുണ്ട്: പ്രത്യേകിച്ചും നളചരിതം, രുഗ്മാംഗദചരിതം മുതലായ കഥകളിൽ. കഥകളിയിൽ

അത്ര സാധാരണമല്ലാത്ത ചില രാഗങ്ങൾ (ചാരുകേശി, കമാസ്, ചെഞ്ചുരുട്ടി, കാപി, ദർബാർ തുടങ്ങിയവ ഉദാഹരണം)ഉൾപ്പെടുത്താനും അദ്ദേഹം ശ്രമിച്ചിരുന്നു. ആദ്യമായി കഥകളി സംഗീതം ഭാവപ്രധാനമായത്, മദ്ധ്യകേരളത്തിലെങ്കിലും, ഭാഗവതരുടെ കാലത്തായിരുന്നു. ഇതൊക്കെയായിട്ടും എമ്പ്രാന്തിരിക്കു ലഭിച്ച ജനപ്രിയത അദ്ദേഹത്തിന് അപ്രാപ്യമായത് അന്നത്തെ പൊതുവായ പ്രാദേശിക പരിമിതികൾ മൂലമായിരിക്കണം. അനിയന്ത്രിതമായ രീതിയിൽ, കർണാടകസംഗീതവുമായോ കൃതികളുമായോ അത്ര അടുപ്പമില്ലാത്തവർ പോലും, വെറും കേട്ടു കേൾവിയിലൂടെ, സ്വായത്തമാക്കിയ രാഗങ്ങൾ പ്രയോഗിക്കാൻ തുടങ്ങിയപ്പോഴാണ് വാസ്തവത്തിൽ കഥകളിപ്പദങ്ങളുടെ രാഗങ്ങളിൽ കലർപ്പുണ്ടാകുന്നു എന്ന പരാതി ഉയർന്നത്. രാഗങ്ങളുടെ സ്വരങ്ങൾ രേഖപ്പെടുത്തിവെച്ചതു വായിച്ചുനോക്കി മനസ്സിലാക്കാൻ പറ്റുമെങ്കിലും ചില സൂക്ഷ്മപ്രയോഗങ്ങൾ മറ്റുള്ളവർ പാടുന്നതു ശ്രദ്ധിച്ചു കേട്ടു മനസ്സിലാക്കി പ്രയോഗിച്ചാൽ മാത്രമെ അതതു രാഗത്തിന്റെ ചൈതന്യം വരികയുള്ളുവെന്നും അതല്ലെങ്കിൽ മറ്റു രാഗങ്ങളുടെ ഛായ -സമാനഛായ- ഉണ്ടാകുമെന്നും ഉള്ള വി എസ് എൻ ന്റെ നിരീക്ഷണം(സിദ്ധി സാധന സംഗീതം-പേജ് 128) ഇവിടെ ശ്രദ്ധേയമാകുന്നു. പുർവികല്യാണിയും പന്തുവരാളിയും തമ്മിലും ഷൺമുഖപ്രിയയും ജോൺപുരിയും തമ്മിലും വരാളിയും അസാവേരിയും തമ്മിലും നാഥനാമക്രിയയും മായാമാളവഗൗളയും തമ്മിലും പുന്നാഗവരാളിയും സിന്ധുഭൈരവിയും തമ്മിലും മറ്റും മറ്റും സാമ്യം തോന്നുന്നത് ഇതുകൊണ്ടായിരിക്കണം. ഇവയിൽ മിക്കവയും പഴയ രാഗങ്ങളല്ലെന്നും സമീപകാലങ്ങളിലായി ഉൾപ്പെടുത്തിയവയാണെന്നും ഓർക്കണം. ഇങ്ങനെ കലർപ്പ് വരുന്നതിൽ തെറ്റൊന്നുമില്ല എന്നും

കഥകളിയിൽ ഭാവം വരാൻ രാഗമിശ്രണം ആകാമെന്നും എല്ലാകഥകളി ഗായകരും അങ്ങനെ ചെയ്യാറുണ്ടെന്നുമാണ് ഉണ്ണികൃഷ്ണക്കുറുപ്പിന്റെ അഭിപ്രായം. (കലയാമി സുമതേ- പേജ് 130)

ഒരു ജന്യരാഗത്തിൽ, ചിലപ്പോൾ അതിന്റെ ജനകരാഗത്തിൽ നിന്ന് ഭിന്നമായ ചില സ്വരങ്ങൾ ഉൾപ്പെടുത്തുന്നതു കർണാടക സംഗീതശാസ്ത്രത്തിൽത്തന്നെ അനുവദനീയമാണ്. അങ്ങനെയുള്ള സ്വരങ്ങളെ അന്യസ്വരങ്ങൾ എന്നു വിശേഷിപ്പിക്കും. ഒന്നോ പരമാവധി മൂന്നോ അന്യസ്വരങ്ങളാകാം. ഇങ്ങനെ അന്യസ്വരങ്ങൾ ഉൾക്കൊള്ളുന്ന ജന്യരാഗങ്ങളെ ഭാഷാംഗരാഗങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. ആനന്ദഭൈരവി, കാപ്പി,കാംബോജി, ബിലഹരി, മുഖാരി തുടങ്ങിയ നിരവധി രാഗങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു.ഒരു രാഗത്തിന്റെ ഛായ കൂടുതൽ നൽകാൻ സഹായകമായ സ്വരങ്ങളെ ജീവസ്വരങ്ങൾ എന്നു പറയുന്നു. രാഗഛായ വീണ്ടും വർദ്ധിപ്പിക്കാനാണ് അന്യസ്വരങ്ങളെ ചില അവസരങ്ങളിൽ ഉൾക്കൊള്ളിക്കുന്നതെന്ന് വ്യക്തം. ഈ രാഗം ആദ്യം പ്രയോഗിച്ചു തുടങ്ങുമ്പോൾ ഇങ്ങനെ ചെയ്യേണ്ട ആവശ്യം വന്നിരിക്കില്ല. കാലാകാലങ്ങളിലൂടെ നടന്ന പരീക്ഷണങ്ങൾക്കൊടുവിൽ എടുത്ത തീരുമാനമാകാനാണ് വഴി. നിയതമല്ലാത്ത രീതിയിൽ അന്യ സ്വരങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് രാഗഛായ വർദ്ധിപ്പിക്കാൻ ശാസ്ത്രം അനുവദിക്കുന്നു എന്നർത്ഥം. ഉദാഹരണത്തിന് കാംബോജിയിലെ സ്വരങ്ങൾ ഷഡ്ജം, ചതുശ്രുതി ഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, പഞ്ചമം, ചതു

ശ്രുതി ധൈവതം, കൈശികിനിഷാദം എന്നിവയാണ്. ആരോഹണത്തിൽ മാത്രം നിഷാദം ഇല്ല. മധ്യമവും ധൈവതവും നിഷാദവും ആണത്രെ ജീവ സ്വരങ്ങൾ ഒരു വിശേഷസഞ്ചാരത്തിൽ കൈശികിനിഷാദത്തിനു പകരം കാകളി നിഷാദം വരുന്നതിനാൽ ഭാഷാംഗരാഗവുമാണ്. രാഗത്തിന്റെ ചൈത ന്യവും ഭാവവും വർദ്ധിപ്പിക്കാൻ അന്യസ്വരം ഉൾപ്പെടുത്താമെങ്കിൽ, അഭിന യത്തിന്റെ ഭാവം വർദ്ധിപ്പിക്കാൻ അന്യസ്വരം വരുത്തുന്നതിൽ അതുകൊണ്ട് ശാസ്ത്രീയമായിത്തന്നെ യുക്തിയുണ്ട്. അങ്ങനെ വരുത്താൻ തക്കവണ്ണ മുള്ള സംഗീതജ്ഞാനം ഗായകർക്കുണ്ടോ എന്നു മാത്രമെ സംശയമുള്ളു. പണ്ടു നടപ്പിലുണ്ടായിരുന്ന രാഗങ്ങളിൽ ഈ ഹോം വർക്ക് നമ്മുടെ പഴയ ആചാര്യന്മാർ ചെയ്തിട്ടുണ്ട് എന്ന് ന്യായമായും കരുതണം. രാഗഭാവ ത്തിന്റെ ജീവസ്വരങ്ങളും ഭാവാഭിനയത്തിനുതകുന്ന ജീവസ്വരങ്ങളും വ്യത്യ സ്തമാകാമെന്ന തിരിച്ചറിവും ഒരു പക്ഷെ അവർക്ക് ഉണ്ടായിരുന്നിരിക്കണ. മധ്യമാവതി, നീലാംബരി, ഭൈരവി, പുന്നാഗവരാളി, സാവേരി തുടങ്ങിയ ചില രാഗങ്ങളെങ്കിലും കഥകളി സംഗീതത്തിൽ പ്രയോഗിക്കുമ്പോൾ കൂടു തൽ ഭാവതീവ്രത തോന്നുന്നതും ഒരു പക്ഷെ അതു കൊണ്ടായിരിക്കണം. അതുകൊണ്ട്, അഭിനയത്തിന്റെ ഭാവപുഷ്ടിക്കു വേണ്ടി അന്യസ്വരങ്ങൾ ഒരു രാഗത്തിൽ കലരുന്നതോ മറ്റൊരുരാഗത്തിന്റെ ഛായ തോന്നുന്നതോ തെറ്റല്ല. എന്നാൽ അതുണ്ടാകേണ്ടത് അറിവില്ലായ്മ മൂലമാകരുത്: ബോധപൂർവ്വം ആയിരിക്കണം എന്നുമാത്രം.

നമ്പീശനാശാനുമായി സന്ദർഭവശാൽ ഒരിക്കൽ ഒരുസംശയം ചോദിക്കാൻ ഈ ലേഖകന് അവസരം ലഭിച്ചു. നളചരിതത്തിലെ ദമയന്തി യുടെ 'സാമ്യമകന്നൊരു ഉദ്യാനം' എന്ന പദവും 'ബാഹുകന്റെ കാദ്രേവേയ കുലതിലക' എന്ന പദവും കേശിനിയുടെ 'ആരെടോ നീ' എന്ന പദവും പന്തുവരാളിയിലോ പൂർവ്വികല്യാണിയിലോ എന്നായിരുന്നു എന്റെ സംശയം. കേശിനിയുടെ പദം പന്തുവരാളിയാണെന്ന് ആശാൻപറഞ്ഞു. അതിലെനിക്കും സംശയം ഉണ്ടായിരുന്നില്ല. എന്നാൽ മറ്റെതു രണ്ടും രണ്ടുരീ തിയിലും പതിവുണ്ട് എന്ന എങ്ങും തൊടാത്ത നിലയിലുള്ള അദ്ദേഹ ത്തിന്റെ മറുപടി എന്നെ തൃപ്തനാക്കിയില്ല. തന്റെ ഗുരുനാഥന്മാർ ഇങ്ങനെ യുള്ള സംശയങ്ങൾ തീർത്തുതരാൻ കഴിവുള്ളവരായിരുന്നുവെന്ന് ശ്രീരാ ഗവും മദ്ധ്യമാവതിയും തമ്മിലുള്ള സ്വര വ്യത്യാസം ഉദാഹരണമായി വിശക ലനം ചെയതുകൊണ്ട് വിശദീകരിക്കുകയും ചെയ്തു. അപ്പോഴും എന്റെ സംശയം മാറിയില്ല. എന്താണ് അദ്ദേഹം ഉദ്ദേശിച്ചത്? പന്തുവരാളിയിലും വേണമെങ്കിൽ പൂർവികല്യാണിയിലും പാടാമെന്നാണോ? അതോ രണ്ടും ചേർന്നായാലും പ്രശ്നമില്ല എന്നാണോ? ഇതേ സംശയം വർഷങ്ങൾക്കു ശേഷം ഒരിക്കൽ ഗംഗാധരൻ, മാടമ്പി, കലാനിലയം ഉണ്ണികൃഷ്ണൻ എന്നീ ഗായകരോടൊപ്പം കാറിൽ സഞ്ചരിക്കുമ്പോൾ ചർച്ച ചെയ്യാനിടയായി. 'സാമ്യമകന്നൊരുദ്യാനം' എന്ന പദം പന്തുവരാളിയിലല്ലെ എന്നും, പൂർവ്വിക ല്യാണിയാണ് എന്ന് ആകാശവാണിയിലെ ഒരു പരിപാടിക്കു പോയപ്പോൾ അവർ ചൂണ്ടിക്കാണിച്ചതു ശരിയാണോ എന്നും ഉണ്ണികൃഷ്ണൻ ചോദിച്ചു. സംശയമൊന്നും വേണ്ട, അതു പന്തുവരാളിയാണെന്നും താൻ കുറച്ചു കാലം കർണാടക സംഗീതം പഠിച്ചിട്ടുണ്ടെന്നും രണ്ടിന്റെയും സ്വരസ്ഥാന

ങ്ങൾ വിശദീകരിച്ചുകൊണ്ട് ഗംഗാധരൻ പറഞ്ഞു. ഗായകരിൽത്തന്നെ ഇങ്ങനെയുള്ള ചിന്താക്കുഴപ്പമുണ്ടെന്നു സൂചിപ്പിക്കാനാണ് ഈ സംഭവങ്ങൾ വിശദീകരിച്ചത്. അഭിപ്രായങ്ങൾ വിശകലനം ചെയ്തതല്ല. നടനെ സംബന്ധിച്ചും ആസ്വാദകനെ സംബന്ധിച്ചും ബാണയുദ്ധത്തിലെ 'കിം കിമഹോ സഖി'യുടെ രാഗം ഷൺമുഖപ്രിയയാണോ അതോ ജോൺപുരിയാണോ എന്നത് പ്രശ്നമല്ല. 'കാദ്രവേയകുലതിലക' പൂർവികല്യാണിയിലോ പന്തുവരാളിയിലോ ആയാലും അതുപോലെത്തന്നെ. ഇനി നാളെ മറ്റൊരു പുതിയരാഗത്തിൽ ഒരാൾ പാടിയാലും, കുറച്ച് അപരിചിതത്വം തോന്നുമെങ്കിലും, ബാഹുകന്റെ ചൊല്ലിയാട്ടത്തെ അപകടപ്പെടുത്തുന്നില്ലെങ്കിൽ, പ്രശ്നമില്ല. സന്ദർഭത്തിനും കഥാപാത്രത്തിനും യോജിച്ച രീതിയിലാണോ പദത്തിന്റെ രാഗവും താളവും ആലാപന സമ്പ്രദായവും എന്നതാണ് പ്രസക്തമായത്. ഇപ്പോൾ സ്വീകരിക്കപ്പെട്ടവയിൽ നിന്ന് മാറ്റങ്ങൾ വരുത്തുന്നത്, അതുകൊണ്ട്, ഒരുഹോബിയോ തന്റെ സംഗീതജ്ഞാനം പ്രദർശിപ്പിക്കാനോ താൻ പ്രമാണിത്തം കാണിക്കാനോ ആകരുതെന്നേയുള്ളു. എന്നാൽ ഇങ്ങനെയുള്ള ഹോംവർക്കുകൾ ആരും ചെയ്യുന്നതായി അനുഭവപ്പെടുന്നില്ല എന്നതാണ് ഖേദകരം.അങ്ങനെ ചെയ്യാൻ വേണ്ട പ്രതിഭയും സംഗീതജ്ഞാനവും ഉള്ള കഥകളിഗായകർ ഉണ്ടെന്നും തോന്നുന്നില്ല.

ഭാവം എന്ന പദം അഭിനയവുമായി ബന്ധപ്പെട്ടതാണ്. ശൃംഗാരാദി എട്ടു രസങ്ങളുടെ (നവരസങ്ങൾ എന്നു പറയാറുണ്ടെങ്കിലും ഒമ്പതാമത്തെ രസമായ ശാന്തം ആദ്യകാലത്ത് ഉൾപ്പെട്ടിരുന്നില്ലത്രെ.) സ്ഥായിഭാവങ്ങളാണ് യഥാക്രമം രതി, ഹാസം, ശോകം, ക്രോധം, ഉത്സാഹം, ഭയം, ജുഗുപ്സ, വിസ്മയം എന്നിവ എന്ന് നാട്യശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു. രസങ്ങളെ ധ്വനിപ്പിക്കാനുള്ള ശക്തി ഓരോ രാഗത്തിനുമുണ്ടെന്ന് സംഗീതശാസ്ത്രവും പറയുന്നുണ്ട്. ഈ നിയമം അത്ര ആധികാരികമല്ല എന്ന അഭിപ്രായമാണ് സംഗീതജ്ഞർക്കു തന്നെ. സൗകര്യാനുസരണം ഏതു രാഗവും എവിടെയും ഉപയോഗിക്കുന്നു എന്നതാണ് കഥകളിയിലെ രീതിയും. രാഗഭാവം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് ആ രാഗത്തിന്റെ ചൈതന്യം എന്നു മാത്രമായിരിക്കണം. അഭിനയത്തിലെ ഭാവവുമായി അതിനു ബന്ധമൊന്നുമില്ലെന്നു വേണം കരുതാൻ. നടന്റെ രസാഭിനയത്തിനു സഹായകമായ രീതിയിൽ സംഗീതമവതരിപ്പിക്കുകയാണ് കഥകളി ഗായകന്റെ പ്രധാന ധർമ്മം. കഥകളി സംഗീതത്തിലെ ഭാവം അതാണ് എന്നർത്ഥം. എന്നാൽ ഒരുകൃതി അതിന്റെ സമസ്തഭാവങ്ങളോടെ ആസ്വാദ്യകരമായി അവതരിപ്പിക്കുകയാണ് കർണാടകസംഗീതത്തിൽ. ഈ വ്യത്യാസം ഗായകരും ആസ്വാദകരും മനസ്സിലാക്കേണ്ടതാണ്. അതുകൊണ്ട് പുതിയ രാഗം പ്രയോഗിക്കുമ്പോൾ അതിന്റെ ആവശ്യകത സ്വയം ബോധ്യപ്പെടണം. പ്രതികരണം മറ്റു കലാകാരന്മാരിൽനിന്നും ആസ്വാദകരിൽ നിന്നും മനസ്സിലാക്കുകയും വേണം. എന്നാൽ ഇങ്ങനെയെല്ലാം നടക്കുന്നുണ്ടോ? സംശയമാണ്. ബാണയുദ്ധത്തിലെ 'കാമോപമരൂപൻ' എന്ന പദം അധികം ചാരുകേശിയിൽ പാടുന്നതാണ് കേട്ടിരിക്കുന്നത്. ഒരിക്കൽ ഖരഹരപ്രിയയിൽ പാടിയത് അത്രനന്നായി തോന്നാഞ്ഞതിനാൽ സുഹൃത്തായ ഗായകനോട് സൂചിപ്പിച്ചു. നല്ല അർത്ഥത്തിൽ അതിനെ എടുക്കുന്നതിനു പകരം ചെറിയ തോതിൽ

അനിഷ്ടവും മാറ്റത്തെ പ്രോത്സാഹിപ്പിക്കാത്തതുകൊണ്ട് പരിഭവവും പ്രകടിപ്പിക്കുകയുമാണുണ്ടായത്.പരേതനായ വെങ്കിടകൃഷ്ണഭാഗവതരുടെ പാട്ടു കേൾക്കാനുള്ള ഭാഗ്യം ഉണ്ടായെങ്കിലും ആസ്വദിക്കാനോ വിലയിരുത്താനോ സാധിച്ചില്ല. ഓരോ കഥാപാത്രത്തിന്റെയും അടുത്തു ചെന്ന് അതതു പദം പാടുന്ന അദ്ദേഹത്തിന്റെ അഭിനയമാണ് സംഗീതത്തേക്കാൾ എന്റെ മനസ്സിലുള്ളത്. സന്താനഗോപാലം കഥയിൽ ചേങ്ങലയിൽ മുട്ടി അർജ്ജുനനെ ചൂണ്ടി പദം ആലപിക്കുന്നതു കണ്ടാൽ അദ്ദേഹമാണോ ബ്രാഹ്മണൻ എന്ന് കാണികൾ സംശയിക്കുമെന്ന് കഥകളിരംഗത്തിലുണ്ട്. കലയോടുള്ള അദ്ദേഹത്തിന്റെ സമർപ്പണബുദ്ധിയെ അംഗീകരിക്കുമ്പോൾത്തന്നെ, ഒരു ഗായകൻ എന്ന നിലയിൽ നിന്ന് നടന്റെ റോളിലേക്കും പ്രേക്ഷകന്റെ ശ്രദ്ധ നടനിൽ നിന്നു ഗായകനിലേക്കും മാറുന്നതു ഉചിതമല്ല എന്നുപറയാതിരിക്കാൻ വയ്യ. ലവണാസുരവധത്തിലെ മണ്ണാന്റെ പദത്തിലെ 'നിന്റെ ചന്തം' കൊണ്ടു പോയാലും എന്ന ഭാഗം കുറച്ചു വക്രിച്ചു കൊണ്ടു ഒരിക്കൽ പാടിയപ്പോൾ ഭയങ്കര അപ്ലാസ് ആയിരുന്നുവെന്ന് ഒരിക്കൽ ഒരു സെമിനാറിൽ കലാമണ്ഡലം ഹൈദരാലി പറഞ്ഞു. എങ്ങനെയാണ് പാടിയതെന്ന് ആരോ(കിള്ളി മംഗലം വാസുദേവൻ നമ്പൂതിരിപ്പാട് എന്നു തോന്നുന്നു) ചോദിച്ചപ്പോൾ അത് പ്രയോഗിച്ചു കാണിക്കുകയും സദസ്യർ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കഥകളി സംഗീതത്തിലെ ഭാവം എന്നത് വേണ്ടരീതിയിലല്ലല്ലോ ഒരു പ്രസിദ്ധഗായകൻ ഉൾക്കൊണ്ടത് എന്നതിൽ എനിക്ക് ദുഃഖവും അദ്ദേഹത്തോട് സഹതാപവും തോന്നി. അഭിനയിച്ചുകൊണ്ട് ഒരു പദം പാടുകയല്ല, പാടിക്കൊണ്ട് അഭിനയിക്കുകയുമല്ല ഒരു ഗായകന്റെ ധർമ്മം. നടന്റെ അഭിനയാംശം ഗായകൻ ഏറ്റെടുക്കേണ്ടതില്ല. തന്റെ സംഗീതത്തിൽ നടന്റെ അഭിനയത്തിലെ രസവും ഭാവവും വരുത്താൻ ശ്രമിക്കുകയാണ് വേണ്ടത്. നാലാം ദിവസത്തിലെ ബാഹുകന്റെ പദത്തിലെ 'ഉചിതം രുചിതം'എന്ന ഭാഗത്ത് ഉചിതം എന്ന മുദ്ര ഒരുപാടു പ്രാവശ്യം കാണിക്കുന്നതിനനുസരിച്ച് പാടുകയും ഒടുവിൽനാടകീയമായി മുദ്ര മുഴുവനാക്കാതിരിക്കുന്നതിനോടൊപ്പം ഉചിതം എന്ന വാക്കും മുഴുവനാക്കാതിരിക്കുക എന്നതും ഏതാണ്ട് ഇതുപോലെത്തന്നെ! കഥകളി നാടകം പോലെ അവതരിപ്പിച്ചു എന്ന് നടനും ഗായകനും തൃപ്തിപ്പെടാമെന്നുമാത്രം. നടന്റെയും ഗായകന്റെയും അമിതാവേശം അരോചകമായി അനുഭവപ്പെടുന്ന ഒരു മാറ്റമാണ് കിർമ്മീരവധം കഥയിൽ അടുത്ത കാലത്തായി വരുത്തിയിരിക്കുന്നത്. ധർമ്മപുത്രരുടെ 'നാഥാ വാഴുന്ന ഞങ്ങളെക്കണ്ടൊരു നാണമില്ലയോ' എന്ന ഭാഗം, പരിഭവത്തിനു പകരം, വളരെയധികം വികാരാധീനനായി ആവലാതിപ്പെടുന്ന നടന്മാരും ഉച്ചസ്ഥായിയിൽ തൊണ്ടപൊട്ടുമാറ് നാഥാഎന്നു ആക്രോശിക്കുകയും (ആലപിക്കുന്നു എന്നുപറയാൻ തോന്നുന്നില്ല.) ചെയ്യുന്ന ഗായകരും ഇതെല്ലാം കയ്യടിച്ചു പ്രോത്സാഹിക്കുന്ന ആസ്വാദകരും ഉള്ള ഈ വർത്തമാനകാലത്ത് കഥകളി സംഗീത മേഖലയിൽ ഗുണകരമായ എന്തെങ്കിലും മാറ്റം വരുമെന്ന് വലിയ പ്രതീക്ഷയില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും വളർന്നുവരുന്ന യുവഗായകരിൽ ഒരു നേരിയ പ്രതീക്ഷയുണ്ട്. അവർക്ക് ചിന്തിക്കാനുള്ള കഴിവുണ്ട്. വേണ്ടത് ശരിയായ ദിശാബോധമാണ്. അതുകൊണ്ടു മാത്രം, 60 വർഷത്തിലധികം

അരങ്ങു പരിചയമുള്ള ഒരു ആസ്വാദകൻ എന്ന നിലയിൽ, ചില യാഥാർത്ഥ്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

കഥകളിയുടെ ഏതെങ്കിലും മേഖലയിൽ പുതുമയോട് ആസ്വാദകൻ താൽപര്യം കാണിക്കുന്നു എന്നുള്ള ധാരണ തെറ്റാണ്. പുതിയ ആട്ടക്കഥയായാലും വേഷവിധാനമായാലും അവതരണരീതികളായാലും രാഗമായാലും സഞ്ചാരവഴികളായാലും അവയോടുള്ള താൽപര്യം ക്ഷണികമാണ്. ഉള്ളിന്റെയുള്ളിൽ പഴയ കഥകളെയും കലാകാരന്മാരെയും അവർ ഇഷ്ടപ്പെടുന്നു. പുതിയത് എന്തു കണ്ടാലും കേട്ടാലും പഴയതുമായി തട്ടിച്ചു നോക്കുക എന്നത് എല്ലാ ആസ്വാദകരുടേയും പൊതുസ്വഭാവമാണ്. അതുകൊണ്ട് പുതിയതുമായി എന്തു ചെയ്യുമ്പോഴും ഹോം വർക്ക് കൃത്യമായി ചെയ്തിരിക്കണം.

പുതുതായി എന്തെങ്കിലും ചെയ്യാൻ ഒരു കാരണം വേണം. എന്തിനാണ് ഒരു രാഗമോ താളമോ മാറ്റുന്നത്? പഴയതിന് എന്താണ് കുഴപ്പം? അത് മനസ്സിലാക്കാതെ, ഗായകന് കൂടുതൽ സ്വാതന്ത്ര്യമുള്ള മേളപ്പദത്തിലായാൽപ്പോലും, അങ്ങനെ ചെയ്താലാണ് കേമനാവുക എന്ന മിഥ്യാധാരണയിൽ, കർണാടകസംഗീതത്തിൽ പോലും അത്ര പ്രചാരമില്ലത്ത രാഗങ്ങൾ, അവയുടെ സ്വരപ്രയോഗങ്ങളെക്കുറിച്ച് വളരെ പരിമിതമായ അറിവുവെച്ച്, തിരഞ്ഞെടുത്തു പ്രയോഗിക്കുന്നതിന്റെ ആവശ്യകതയെന്തെന്ന്, സമാധാനചിത്തരായി ഒന്നാലോചിക്കണം. അതിനേക്കാൾ ഏറെ അഭികാമ്യമായത് നിലവിലുള്ള ആലാപനരീതിയിൽ വന്നു ഭവിച്ചിട്ടുള്ള കുറ്റങ്ങളും കുറവുകളും പരിഹരിക്കുകയല്ലേ?

ഒരു കർണാടക സംഗീത കൃതിയുടെ രാഗമോ താളമോ ഘടനയോ മാറ്റുക എന്നത്, എത്ര പ്രഗത്ഭനായ പാട്ടുകാരനും ആലോചിക്കാറില്ല. എന്നാൽ കഥകളിൽ കാലാകാലങ്ങളിലായി ഏറിയും കുറഞ്ഞും ഇങ്ങനെ ചെയ്യാറുണ്ടുതാനും. അതായത്, കഥകളിസംഗീതത്തിന്, കഥകളിയിൽ നിന്ന് വേറിട്ടൊരു അസ്തിത്വമില്ല. കഥകളിക്കുവേണ്ട സംഗീതമാണത്. ഈ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യരുത്. കഥകളിയുടെ അവതരണത്തെ മൊത്തം ബാധിക്കുന്നതിനാൽ, ഗായകന്റെ ഉത്തരവാദിത്തം വർദ്ധിക്കുകയാണ് ചെയ്യുന്നത്.

രാഗങ്ങളുടെ സഞ്ചാരങ്ങളിലും വിശേഷ പ്രയോഗങ്ങളിലും മിതത്വവും നിയന്ത്രണവും വേണം: പുതിയരാഗങ്ങളാണെങ്കിൽ പ്രത്യേകിച്ചും. ഉച്ചസ്ഥായിലുള്ള ആലാപനം എത്രത്തോളം കുറയ്ക്കാമോ അത്രയും നല്ലതാണ്. സംഗീതത്തിലെ പ്രാവീണ്യം പ്രദർശിപ്പിക്കാനുള്ള ത്വരയും ആവശ്യമില്ല. പ്രയോഗങ്ങളിൽ ഇപ്പോൾ ഏതാണ്ട് സർവസാധാരണയായ കസർത്തുകൾ ഒഴിവാക്കണം. കുന്നക്കുടിവൈദ്യനാഥൻ സ്റ്റൈൽ സംഗീതം കഥകളിക്കു യോജിക്കില്ല. ആസ്വാദകർ വരുന്നത് കഥകളി കാണാനാണ്. കച്ചേരി കേൾക്കാനല്ല. കഥകളി മൊത്തത്തിൽ നന്നായാൽ, അതിൽ പാട്ടും മേളവും പെടും. പാട്ടു നന്നായതുകൊണ്ടുമാത്രം കഥകളി നന്നാവണമെന്നില്ല എന്നു ധരിക്കണം.

രാഗശുദ്ധിവേണ്ടതുതന്നെ, എന്നാൽ അതിനുവേണ്ടി പഠിച്ച രീതിയിൽ മാറ്റം വരുത്തുന്നത് സൂക്ഷിച്ചുവേണം. കഥകളിക്കു വേണ്ടി പഴയ ആചാര്യന്മാർ അറിഞ്ഞുകൊണ്ട് സ്വീകരിച്ചതായിരിക്കണം അത്. വെളു

ക്കാൻ തേച്ചത് പാണ്ടാവരുത്. പഠിച്ചത് അതേപോലെയോ അതിനേക്കാൾ നന്നായോ അവതരിപ്പിക്കുകയും അടുത്ത തലമുറക്ക് പകർന്നു കൊടുക്കുകയുമാണ് ഒരു ഗായകന്റെ ചുമതല. പരീക്ഷണവും പരിഷ്കരണവും ഐച്ഛികമാണ്.

കർണാടക സംഗീതത്തിൽ ഇല്ലാത്തതോ അല്ലെങ്കിൽ പ്രയോഗ വ്യത്യാസമുള്ളതോ ആയ രാഗങ്ങൾ (പാടി, ഘണ്ടാരം, ദ്വിജാവന്തി, പുറനീര് തുടങ്ങിയവ ഉദാഹരണം) കഥകളിൽ പാടുന്ന രീതിയിൽത്തന്നെ നിലനിർത്തണം. കർണാടക സംഗീതവഴികൾ സ്വീകരിക്കരുത്. (പഴയ രീതിയിലുള്ള ദ്വിജാവന്തി കഥകളിയിൽനിന്ന് ഒഴിവാക്കപ്പെട്ട നിലയിലാണ് ഇപ്പോൾ. ഒരുപക്ഷെ കൃഷ്ണനാട്ടത്തിലും ഓട്ടൻതുള്ളലിലും നിലനിന്നേക്കും, കഷ്ടം തന്നെ)

എല്ലാ രാഗങ്ങളും കഥകളിക്ക് അനുയോജ്യമാകണമെന്നില്ല. അതേസമയം അനുയോജ്യമായവ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാവില്ല. നന്നായി ഉപയോഗിക്കാത്തവയും ഉണ്ടാകാം. (ആഹരി ഒരു ഉദാഹരണം. യുദ്ധപദങ്ങൾക്കല്ലാതെ ഭാവാത്മകമായി ഉപയോഗിക്കാവുന്ന അതിന്റെ പ്രയോഗസാധ്യതകൾ ചുരുക്കംചില ആട്ടക്കഥകളിലും അതിനേക്കാൾ നന്നായി സിനിമാഗാനങ്ങളിലും മോഹിനിയാട്ടത്തിലും പനിമതിമുഖി ബാലേ- ആണുള്ളത്) അതുകൊണ്ട് കാണുന്നതെന്തും കടിച്ചുനോക്കാതെ അനുയോജ്യമായവ തിരഞ്ഞെടുക്കാൻ ശ്രമിക്കണം.

കഥകളി സംഗീതത്തിൽ രാഗശുദ്ധിയാണോ ഭാവമാണോ പ്രധാനം എന്ന ചോദ്യത്തിന് അതുകൊണ്ട് പ്രസക്തിയില്ല. കഥകളിസംഗീതം കഥകളിക്കുവേണ്ടി മാത്രമുള്ളതാകണം. സംഗീതം അഭിനയത്തെ പോഷിപ്പിക്കുന്നുവെങ്കിൽ മറ്റു പോരായ്മകളെല്ലാം, ഉണ്ടെങ്കിൽ, അപ്രസക്തമാണ്; ഈ ചർച്ചയും. അപ്പം തിന്നാൽ പോരെ? കുഴിയെണ്ണുന്നതെന്തിന്?

നീലകണ്ഠശിവനെന്ന സുബ്രഹ്മണ്യൻ

ഡോ. ബേബി ശ്രീറാം

കേരള സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി. സംഗീത കച്ചേരികൾ നടത്തി വരുന്നു

വിലാസം: 16(8), I സ്ട്രീറ്റ്, സഞ്ജയ് ഗാന്ധി നഗർ, വിരുഗംപാക്കം, ചെന്നൈ - 600 092

ഇ-മെയിൽ: drbabysreeram@gmail.com

നാഗർകോവിലിനടുത്തു വടിവീശ്വരം എന്ന ഗ്രാമത്തിൽ, പരമ ശിവ ഭക്തരായ സുബ്രഹ്മണ്യൻ അയ്യർ അഴകു അമ്മാൾ ദമ്പതികളുടെ നീണ്ടനാൾ പ്രാർത്ഥനയാൽ നീലകണ്ഠശിവൻ ജനിച്ചു. 1839 ൽ ആണ് ജനനം. ഏകപുത്രനായതിനാൽ അവിടുത്തെ ക്ഷേത്രത്തിലെ പ്രധാന ഉപാസനാ മൂർത്തി സുബ്രഹ്മണ്യനോടുള്ള ആദര സൂചകമായി അവർ സുബ്രഹ്മണ്യൻ എന്നു നാമകരണം ചെയ്തു.

പദ്മനാഭപുരത്തിൽ സ്ഥിതിചെയ്യുന്ന നീലകണ്ഠേശ്വരർ ക്ഷേത്രത്തിൽ 3 ദിവസം വാഹന അറയിൽ സ്വയം അടച്ചുപൂട്ടി ജലപാനമന്യേ കടും തപസ്സനുഷ്ഠിച്ചു. അപ്രകാരം ശ്രീ ആനന്ദവല്ലീസമേതനായ ഭഗവാന്റെ ദർശനം സിദ്ധിച്ചതിനാൽ സ്വയം നീലകണ്ഠദാസൻ എന്നറിയപ്പെടാനാണ് സുബ്രഹ്മണ്യൻ ഇഷ്ടപ്പെട്ടത്.

പഞ്ചായത്തുതലവനായി കുറച്ചു കാലം സേവനം അനുഷ്ടിച്ച നീലകണ്ഠൻ 14 വയസ്സിൽ ലക്ഷ്മി അമ്മാളിനെവിവാഹം ചെയ്തു. 4 പുത്രന്മാരും ഒരു പുത്രിയും അദ്ദേഹത്തിന് ജനിച്ചു. പരമഭക്തനും സത്യസന്ധനും ആയ അദ്ദേഹം ഒരിക്കൽ തീർപ്പാക്കിയ പ്രശ്നത്തിൽ പുനർവിചാരണ വന്നപ്പോൾ കള്ള സാക്ഷികളോടപ്പം നില്ക്കാൻ കൂട്ടാക്കാതെ പഞ്ചായത്തു മേൽക്കോയ്മ രാജി വെച്ച് പൂർണമായും ഭക്തി മാർഗ്ഗത്തിൽ വ്യാപിച്ചു.

സംഗീതം കുടുംബപരമായി ലഭിച്ചതാണെങ്കിലും, ശാസ്ത്രീയമായി മുറപ്രകാരം സംഗീതം അഭ്യസിച്ചിട്ടില്ലാത്ത നീലകണ്ഠ ശിവൻ സമ്പ്രദായ ഭജനകളിൽ നിരന്തരം പങ്കെടുക്കുകയും അതിലൂടെത്തന്നെ സംഗീതപരിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്തു. അതീവ ഭക്തിശ്രദ്ധയോടെ അദ്ദേഹം രചനകൾ നടത്തുവാൻ ആരംഭിച്ചു. തിരുവിതാംകൂർ, കൊച്ചി, രാമനാഥപുരം, പുതുക്കോട്ടൈ മുതലായ രാജ്യസഭകളിൽ എല്ലാം അദ്ദേഹത്തെ ക്ഷണിക്കുകയും ആദരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഭഗവാനെ അല്ലാതെ നരസ്തുതി അദ്ദേഹം ഒരു നാളും ചെയ്തില്ല. ശൈവമുനിമാരെക്കുറിച്ചു ഉപന്യാസം ചെയ്യാൻ തിരുവനന്തപുരത്തേക്ക് വന്ന നീലകണ്ഠ ശിവൻ മൂലം തിരുനാൾ മഹാരാജാവും ആസനസ്ഥനായിരുന്ന ഒരു സദസ്സിൽ 'മുടിശൂടുംമന്നരും മുടിവിൽ ഒരു പിടി ചാമ്പലെ '(കിരീടം ധരിച്ച രാജാവും ഒരു

നാൾ ഒടുവിൽ ഒരു പിടി ചാമ്പ തന്നെ) എന്ന് പാടി. സദസ്യരെല്ലാം നിശ്ചല രായി രാജകോപത്തിനു പാത്രീഭൂതനാകുമല്ലോ എന്ന് വ്യാകുലപ്പെട്ടിരുന്നു. എന്നാൽ മഹാരാജാവ് ഒരു വെള്ളിതട്ടിൽ നാണയങ്ങൾ അടങ്ങുന്ന ഒരു പണക്കിഴി കൊടുക്കുകയാണ് ചെയ്തത്. എന്ന് പ്രമാണം.കൂടാതെ അരിയും കോപ്പും കൊടുത്ത് ആദരിക്കുകയും ചെയ്തു.

തിരുനൽവേലിക്കടുത്തു കരുങ്കുളം എന്ന ഗ്രാമത്തിൽ പ്രയാണത്തി ലേർപ്പെട്ടിരുന്നപ്പോൾ കൊടും വരൾച്ചയെ നേരിടുകയായിരുന്നു എന്ന് മന സ്സിലാക്കിയ നീലകണ്ഠശിവൻ അമൃത വാർഷിണിയിൽ കൃതി രചിച്ചു പാടി യതായും മഴ ലഭിച്ചതായും ചരിത്ര രേഖകൾ ഉണ്ട്. പിന്നീടൊരിക്കൽ മൃത പ്രായയായി രോഗാവസ്ഥയിൽ കിടക്കുന്ന സ്ത്രീയെ ഭക്തിയാൽ രക്ഷിച്ച തായും പറയപ്പെടുന്നു. ലളിതാ പുരാണത്തിന്റെ രചനാവേളയിൽ എണ്ണയി ല്ലാതെ കെട്ടുകൊണ്ടിരിക്കുന്ന വിളക്കിൽ ശ്രദ്ധയില്ലാതെ വെള്ളം ഒഴിച്ച് കൊടുത്തപ്പോൾ ദീപം കെടാതെ എരിഞ്ഞു നീലകണ്ഠർക്കു വെളിച്ചംകൊ ടുത്തു എന്നും ഐതിഹ്യമുണ്ട്. മഹത്തായ സിദ്ധികളുള്ള ഒരു മഹാജ്ഞാ നിയും ഭക്തനും ആയിരുന്നു ശ്രീ നീലകണ്ഠൻ ശിവൻ.

തിരുവിതാംകൂർ സംസ്ഥാനത്തിൽ പ്രിയം ഏറിയതോടെ അദ്ദേഹം കരമന അഗ്രാഹരത്തിൽ കുടുംബസമേതം താമസം മാറ്റുകയും അനേകം ശിഷ്യർക്ക് സംഗീതം അഭ്യസിപ്പിക്കുകയും ചെയ്തു.യാഴ്പണംപൊന്നമ്പലം പിള്ളൈ, വിശ്വനാഥ ശിവൻ കൂടാതെ തമിഴ്ത്യാഗരാജ് എന്ന് കാലങ്ങൾക്കു ശേഷം പ്രസിദ്ധി നേടിയ ശ്രീ പപനാശം ശിവനും അദ്ദേഹത്തിന്റെ പ്രധാന ശിഷ്യൻ ആയിരുന്നു.

തിരുവനന്തപുരത്തിലെ ഉള്ളൂർ സുബ്രഹ്മണ്യ സ്വാമിയേ ക്കുറിച്ചു അദ്ദേഹം എഴുതിയ കൃതിയാണ്. “ഓറാറുമുഖനെ” എന്ന പ്രശസ്തമായ കൃതി. അദ്ദേഹത്തിന്റെ മകൻ പൊന്നുശിവൻ – സുബ്ബലക്ഷ്മി ദമ്പതികളുടെ കൊച്ചു മകളായ സരസ്വതി റാം എന്ന സംഗീതജ്ഞ പ്രസിദ്ധീകരിച്ച കൃതി സമാഹാരത്തിൽ ആരഭി രാഗത്തിൽ ആണ് ഈ കൃതി കൊടുത്തിട്ടുള്ളതെ ങ്കിലും എന്റെ ഗുരുനാഥൻ സംഗീത കലാനിധി ശ്രീ.ടി. എം ത്യാഗരാജൻ ചിട്ട പ്പെടുത്തിയത് രീതിഗൗളയിലാണ്. പ്രസിദ്ധമായ മറ്റൊരു രചന ‘ആനന്ദ നട മാടുവാർ’ എന്ന പൂർവികല്യാണി കൃതിയാണ്. ശെമ്മാങ്കുടി ശ്രീനിവാസഅ യ്യർ പാടിപ്രസിദ്ധമായ ഖരഹരപ്രിയ രാഗത്തിലെ ‘നവ സിദ്ധി പെട്രാലും’ എന്ന കൃതിയിൽ ശിവഭക്തിയില്ലാത്തവൻ എന്തൊക്കെ സിദ്ധിയുണ്ടെങ്കിലും വെറും പാപിയും മൂഢനും ആണെന്ന് പറയുന്നതോടൊപ്പം പല തത്വങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. മുശരി സുബ്രഹ്മണ്യ അയ്യർ ധാരാളം പാടിയിട്ടുള്ള ‘എൻഡ്റക്ക് ശിവകൃപായ് വരുമോ’ എന്ന മുഖാരി രാഗത്തിലുള്ള കൃതിയിൽ ഭക്തിയുടെ പൂർണഭാവം പ്രതിഫലിക്കുന്നു. ദ്വിജാവന്തിയിലുള്ള ‘അംബികേ ഉൻപാദം’ കരമന ക്ഷേത്രത്തെയും അവിടുത്തെ ആവടയമ്മൻ ദേവിയെയും കുറിച്ചുള്ളതാണ്.

ഭക്തിയിൽ പരവശനായി അദ്ദേഹം രചിച്ച കൃതികൾ പലതും തത്വ ചിന്തകളെ കൊണ്ട് സംപുഷ്ടമാണ്. കമാസ് രാഗത്തിലുള്ള തേവറു തെപ്പോ നെഞ്ചേ എന്ന കൃതിയിൽ ഊ ഉടൽ നിരന്തരമാണെന്നു കരുതി

ലോകത്തിലെ ജീവിതത്തെ വിശ്വസിച്ചു അഹങ്കാരം കൊണ്ട് വനമൃഗത്തെ പോലെ നീ അലയുകയാണെങ്കിൽ എങ്ങനെ നീ മെച്ചപ്പെടും മനസ്സേ. മണ്ണും , സമ്പത്തും, ഭാര്യ, മക്കൾ, സ്വന്തകുടുംബം, ബന്ധുക്കൾ നിങ്ങളല്ലാതെ വേറെ എനിക്കൊന്നുമില്ല എന്നിരുന്നാൽ എങ്ങനെ നീ മോക്ഷമാർഗ്ഗത്തെ പ്രാപിക്കും എന്ന് അദ്ദേഹം ചോദിച്ചിട്ടുണ്ട്. ശ്യാമരാഗത്തിലുള്ള 'മനമേ ഉന ക്കൊരു മരുന്ത്' എന്ന കൃതിയിൽ ഭഗവാന്റെ നാമങ്ങൾ ഔഷധമായി പ്രതി പാദിക്കുന്നു.

മുഖാരി രാഗത്തിലുള്ള എന്ന വിധം പിഴൈപ്പ്പോം എന്ന കൃതിയിൽ പല ആനുകാലികപ്രസക്തങ്ങളായ പ്രശ്നങ്ങളും വ്യാകുലതകളും അന്ന് തന്നെ ഈ മഹാൻ ഉന്നയിച്ചിരുന്നു.

മാതാപിതാക്കളെയും സഹോദരങ്ങളേയും സ്നേഹത്തോടെ അന്യോന്യ ബഹുമാനത്തോടെ പരിപാലിക്കാത്ത ഈ കാലത്തു (എന്ന വിധം പിഴൈപ്പ്പോം)

വേലി വയലിനെ കാത്ത കാലം പോയി വേലി കതിർ തിന്നും കാലം പോയി വേലി ഭുമിയെ തന്നെ പിരിക്കുന്ന ഈ കാലത്തു(എന്ന വിധം പിഴൈപ്പ്പോം)

കാല മഴയില്ലാതായി കാലം തെറ്റിമഴപെയ്യുന്നു കാലമേതെന്നു തിരി യാത്ത, മഴയില്ലാത്ത ഈ പൊല്ലാത്തു കാലത്തു(എന്ന വിധം പിഴൈപ്പ്പോം)

കെട്ടവർ കൂട്ടുകൂടുന്നു, ദാനധർമങ്ങൾ പഴം പുരാണമായി, ദരി ദ്രർക്ക് ധനികർ കരുണ കാണിക്കാത്തവരായ ഈ കാലത്ത് (എന്ന വിധം പിഴൈപ്പ്പോം)

ശ്രേഷ്ഠമായ ശാസ്ത്രങ്ങൾ എല്ലാം ഇപ്പൊ കടലാസിൽ കെട്ടി പറ ത്തി, ധനമില്ലാത്തവർ പിണമാകും എന്നിരിക്കുന്ന ഈ കാലത്തു (എന്ന വിധം പിഴൈപ്പ്പോം)

നേർവഴി നടക്കുന്നവരെ മ്ലേച്ഛന്മാർ പരിഹസിക്കുന്നു. ഒരു കാൽ ഇല്ലാത്തവൻ ഒരു വിരൽ ഇല്ലാത്തവനെ കളിയാക്കുന്ന കാലത്തു (എന്ന വിധം പിഴൈപ്പ്പോം)

മൂത്തവർ ചൊല്ലെല്ലാം തർക്കിച്ചും എതിർത്തും പുരാണശാസ്ത്ര ഗ്രന്ഥങ്ങളെ വിശ്വസിക്കാൻ കൊള്ളാത്തവയെന്നു തള്ളുന്ന ഇക്കാലത്ത് (എന്ന വിധം പിഴൈപ്പ്പോം)

ഇങ്ങനെ ഓരോ ചരണങ്ങളും ഒന്നിനൊന്നു മെച്ചമായി ആധുനിക കാലഘട്ടത്തെ പ്രതിപാദിക്കുന്നു.

108 ദിവ്യ ദേശങ്ങളും ക്ഷേത്രങ്ങളും സന്ദർശിച്ചു കൃതികൾ രചിച്ചു ദേശാടനം പൂർത്തിയാക്കി അറുപതാമത്തെ വയസ്സിൽ കരമനയിൽ അദ്ദേഹം ഭൗതിക ശരീരം വെടിഞ്ഞു. 1900 ആഷാഢമാസം കൃഷ്ണപക്ഷം പ്രദോഷദി വസം താൻ ഈ ലോകത്തു നിന്നു യാത്രയാകും എന്ന് സ്വയം പ്രഖ്യാപിച്ചു. സമാധിയാവുകയായിരുന്നു ഈ മഹാജ്ഞാനി. ശിരസ്സിന്റെ ഉച്ചിയിൽ ഒരു ചെറിയപോറലുണ്ടായതിനാൽ കപാലമോക്ഷം പ്രാപിച്ചതായി മഹാന്മാർ അഭിപ്രായപ്പെടുന്നു.

ശ്രീ നീലകണ്ഠ ശിവന്റെ രചനകൾ പരിശോധിച്ചാൽ തമിഴ് ഭാഷ

യിൽ അദ്ദഹത്തിന്റെ വൈഭവവും, സംഗീത ജ്ഞാനവും, തത്വചിന്തയുടെ ഔന്നിത്യവും, ഭക്തിയുടെ സാന്ദ്രതയും, വിരക്തിയുടെ പരിമാണങ്ങളും വ്യക്തമാകും. സംഗീത സാഹിത്യത്തിൽ ഒരുപോലെ അദ്ദേഹത്തിൽ ഉണ്ടാ യിരുന്ന വൈദഗ്ധ്യത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ് 18 രാഗങ്ങളിലായി അദ്ദേഹം ചിട്ടപ്പെടുത്തിയ രാഗമാലിക.സാഹിത്യത്തിൽ തന്നെ രാഗം മുദ്ര ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഈ രചന . പദ്യരൂപത്തിൽ അല്ലാതെ ഗദ്യഭാവ ത്തിലും കൂടിയാണ് ചില കൃതികളുടെ സാഹിത്യം. അവയെ ശ്രദ്ധയോടെ വീക്ഷിച്ചു, അർഥം മനസ്സിലാക്കി, വേണ്ട രീതിയിൽ പിരിച്ചു, അനുയോജ്യ രായ രാഗങ്ങളിൽ ചിട്ടപ്പെടുത്തിയാൽ അവയെല്ലാം അതി ശ്രേഷ്ഠങ്ങളായ കൃതികളായിപരിശോഭിക്കും എന്നതിൽ തർക്കമില്ല.

അദ്ദേഹത്തിന്റെ സമാധിസ്ഥലമായ തിരുവനന്തപുരത്തിലെ കരമന അഗ്രഹാരത്തിൽ ഈ മഹാന്റെ കൃതികളുടെ പ്രചരണാർത്ഥം ശ്രീ വേണുഗാനം ജനാർദ്ദനഅയ്യർ രൂപം കൊടുത്ത ശ്രീ നീലകണ്ഠ ശിവൻ സംഗീത സഭ ഇന്ന് വളരെ വലിയ രീതിയിൽ ധാരാളം സംഗീതജ്ഞരുടെ സംഗീതകച്ചേരികൾ ഉൾപ്പെടുത്തികൊണ്ട് 10-15 ദിവസം നീണ്ടു നിൽക്കുന്ന സംഗീത ഉത്സവമായി നടത്തി വരുന്നു.നീലകണ്ഠ ശിവന്റെ കൃതികൾ പ്രബ ലമാകട്ടെ എന്ന് ആശിക്കുന്നതോടൊപ്പം പല കൃതികളും ചിട്ടപ്പെടുത്തിപല വേദികളിൽ അവതരിപ്പിക്കാനും മറ്റു സംഗീതജ്ഞർക്കു പകർന്നുകൊടുക്കു വാനുംസധിക്കുന്നതിൽ അതീവ സന്തുഷ്ടയാണ് എളിയ കലാകാരിയായ ഞാനും എന്നും ഇത്തരുണത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ചങ്ങമ്പുഴയിലെ രാഗതാളങ്ങൾ

ഡോ.അഞ്ജന. വി.ആർ.

വിലാസം:അസി.പ്രൊഫസർമലയാളവിഭാഗം, ഗവ.കോളേജ്, ചിറ്റൂർ, പാലക്കാട്.
ഇ-മെയിൽ: anjanamalayalam@gmail.com

സർഗ്ഗാത്മകമായ ഏത് സാഹിത്യരൂപത്തിനും ഒരു താളമുണ്ടാകും അവ പൊട്ടിമുളച്ചുണ്ടാകുന്നത് ഏത് മണ്ണിൽ നിന്നാണോ അതിന്റെ മണവും ഗുണവും കൊണ്ട് വ്യത്യസ്തമായി തീരുകയും ചെയ്യും. "കവിതയ്ക്കും ഇത്തിരി മണ്ണുവേണം. കടത്തനാടൻ മണ്ണിലും വള്ളുവനാടൻ മണ്ണിലും വേണാടൻ മണ്ണിലും വേരോടിയ കവിതയുമുണ്ട് നമുക്ക്. മലയാണ്മയുടെ മണ്ണാണത്. നമ്മുടെ പഴയ താളങ്ങളും ഈണങ്ങളും ആ വേരുകളെ ത്രസിപ്പിക്കുന്നു. പ്രകമ്പിപ്പിക്കുന്നു, ചൈതന്യവത്താക്കുന്നു. വിശാലമാനുഷ്യകത്തിന്റെ സംസ്കാരത്തിലേയ്ക്ക് കവിത വളരുന്നു. അതാണ് കവിതയുടെ ആകാശം. " *ആ ആകാശത്തെ തൊട്ടറിഞ്ഞ കവിയാണ് ചങ്ങമ്പുഴ. മഞ്ജരിയിലും കാകളിയിലും, മറ്റ് അപൂർവ്വം ചില വൃത്തങ്ങളിലും മാത്രമായിട്ടാണ് അന്നു വരെയുള്ള കാൽപ്പനികകവികൾ രചന നടത്തിയിരുന്നത്. അതുകൊണ്ടുതന്നെ വിഷയത്തിനു ചേർന്ന വൃത്തം സ്വീകരിക്കാൻ അവർക്ക് സാധിക്കാതെ വന്നു. നമ്മുടെ പൂർവ്വികർക്ക് വൃത്തത്തിന്റെ കാര്യത്തിൽ ഇത്ര ദാരിദ്ര്യം ഉണ്ടായിരുന്നു എന്ന് തോന്നുന്നില്ല. 'രാമായണം ഇരുപത്തിനാല് വൃത്തം' പരിശോധിച്ചാൽത്തന്നെ അത് ബോദ്ധ്യമാകുന്നതാണ്. മലയാള കവിതാസാഹിത്യചരിത്രം പിരശോധിച്ചാൽ കാൽപ്പനികതയുടെ ആദ്യഘട്ടം അർത്ഥ-ഭാവ-രൂപ തലങ്ങളിലാണ് കൂടുതൽ ശ്രദ്ധനൽകിയത് എന്ന് കാണാം. ഇവിടെ വൃത്തത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കാണുന്നില്ലി. ഈ അവസരത്തിലാണ്'ചങ്ങമ്പുഴ'യുടെ രംഗപ്രവേശം. കാൽപ്പനികതയുടെ ആദ്യഘട്ടം കവിതയുടെ അർത്ഥ-രൂപ-ഭാവ തലങ്ങളെ കൂടുതൽ ശ്രദ്ധിച്ചപ്പോൾ അവയ്ക്കൊപ്പം ആസ്വാദനതലം കൂടി ശ്രദ്ധിച്ചു കൊണ്ടായിരുന്നു ആ വരവ്. സമൂഹത്തിന്റെ അങ്ങേത്തല മുതൽ ഇങ്ങേത്തല വരെ ഒരു കവിത എത്തുകയെന്നാൽ അതിന്റെ ആസ്വാദനക്ഷമത അത്രമാത്രം വിശാലമാണെന്നർത്ഥം.'മനസ്വിനി', 'കാവ്യനർത്തകി', 'ആത്മരഹസ്യം', 'രമണൻ, ആ പൂമാല പ്രതിജ്ഞ, എന്നിങ്ങനെ എത്രയെത്രകവിതകളാണ് മലയാളികളാകമാനം ഒരു കാലത്ത് പാടി നടന്നത്. ഇന്നും ആ സഹൃദയമനസ്സ് നഷ്ടമായിട്ടില്ല നമുക്ക്. ഇതു പോലൊരു കൃതി പൂർവ്വപക്ഷത്തുണ്ടെങ്കിൽ അതൊരു പക്ഷേ പ്രേമസംഗീതമാവും. മേൽപ്പറഞ്ഞ കവിതകളെല്ലാം പരിശോധിക്കുമ്പോൾ വ്യക്തമാക്കുന്ന കാര്യം ഒരു കവിതയെ പരിശോധിക്കുമ്പോൾ വ്യക്തമാവുന്ന കാര്യം ഒരു കവിതയെ സഹൃദയനനലേയ്ക്കടുപ്പിക്കുന്നതിൽ ഒന്നാമത്തെ പങ്ക് വഹിക്കുന്നത് അതിലെ താളമാണ് എന്നതാണ്. വൃത്തങ്ങളിലെ നിയമത്തെക്കാൾ ചങ്ങമ്പുഴയ്ക്ക് പഥ്യം അതിലെ താളമായിരുന്നു. നോക്കേ

ണ്ടതിഹ സർവ്വത്ര കേൾവിക്കുള്ളൊരു ഭംഗിതാൻ എന്ന എ.ആർ. രാജരാജ വർമ്മയുടെ അഭിപ്രായമാണ് അദ്ദേഹം ഏറ്റെടുത്തത്. താളവും എഴുത്തിന്റെ രീതിയും കൊണ്ട് ശ്രദ്ധേയമായ നിരവധി കവിതകൾ അദ്ദേഹത്തിന്റേതാ യുണ്ട്.

മനസ്വിനി

ഒരു കാൽപ്പനികകവിയുടെ വേദനാനിർഭരമായ മനസ്സാണ് മനസ്വി നിയിൽ. സൗന്ദര്യവും സംഗീതവും ഒരുമിച്ച് ചേർന്ന മനസ്വിനി ചങ്ങമ്പുഴ യുടെ അവസാനകവിതായായി അറിയപ്പെടുന്നു. ലഹരിപിടിപ്പിക്കുന്ന വേദന സങ്കൽപ്പലോകത്തിലെത്തിച്ച് ജന്മസിദ്ധമായ നാദബ്രഹ്മത്തിൽ ലയിപ്പിച്ചതാ യാണ് അദ്ദേഹം കാണുന്നത്. ആ വേദനയിലും തന്റെ മനസ്വിനിയെപ്പറ്റി പാടാനാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. ആ പാട്ടിൽ ഭാഷാവൃത്തശാസ്ത്ര ജ്ഞർ പുതിയ തരം ഊനതരംഗിണീ വൃത്തത്തെ തിരിച്ചറിഞ്ഞു. ആതാള ത്തിലൂടെ മലായളഭാഷയുടെ കാവ്യാത്മകത തെളിഞ്ഞു കണ്ടു.

‘എന്നോടരുളിയെനിക്കവിടുത്തെ
പ്പൊന്നോടക്കുഴൽ മതിയല്ലോ
നിന്നുടെ പുല്ലാങ്കുഴലിതെനിക്കൊരു
പൊന്നോടക്കുഴലാണല്ലോ

പുല്ലാങ്കുഴൽ മാത്രമാഗ്രഹിക്കുന്ന മനസ്വിനി ഒരേസമയം കവിതയും സഹൃദയനുമാകുന്നു. ആസ്വാദനലോകം ആ കവിതകളെ തിരിച്ചറിയാൻ കാരണം അതിലെ താളമാണ്. സ്വരരാഗസുധയുടെ അവതാരികയിൽ ഡോ. എസ്.കെ.നായർ മനസ്വിനിയെക്കുറിച്ച് പറയുന്നുണ്ട്. ചങ്ങമ്പുഴക്കവിത ഏതും അന്നോളം ഞാൻ അതിലെ ആശയചമൽകൃതി ആസ്വദിക്കാൻ ഒന്ന ല്ലെങ്കിൽ രണ്ടു തവണ മാത്രമേ വായിക്ക പതിവുള്ളൂ. കണ്ഠമാധുരിയുള്ള വർ ആ കവിത എത്ര തന്നെ പാടിയാലും കേൾക്കാൻ കൗതുകമുണ്ടായി രുന്നുതാനും. എന്നാൽ മനസ്വിനിയാകട്ടെ എന്റെ ഹൃദയത്തിന് രോമാഞ്ചക ഞ്ചുളി തന്നരുളി. ** വായനക്കാരനെ ആകർഷിക്കത്തക്ക തരത്തിലുള്ള താള മാണ് ഇവിടെയുള്ളത്.അതിൽ കവിഭാവനയും പദമാധുരിയും ചേർന്ന പ്പോൾ ആസ്വാദനതലം ഉയർന്നു. കവിയിലെ ഗായകനാണ് ഈ കവിതയിൽ ഊനതരംഗിണി, പ്രയോഗിച്ചത്. പിൽക്കാല മലയാളകവിതയിൽ ഇതേ മാതൃകയിൽ കവിതകൾ പിറക്കാൻ കാരണമായതും മനസ്വിനിയാണ്. വൈലോപ്പിള്ളിയുടെ പെണ്ണും പുലിയും, പന്തങ്ങൾ തുടങ്ങിയ പ്രസിദ്ധകവി തകൾ സഹൃദയശ്രദ്ധ പിടിച്ചുപറ്റിയതിനു കാരണവും അതിലെ മനസ്വിനീ താളമാണ്.

കാവ്യനർത്തകി

ഗാന നൃത്തകാവ്യമേളം തന്നെയാണ് കാവ്യനർത്തകി. മലയാള കവിത മതിമോഹനശുഭനർത്തനമാടുകയാണ് ഈ കവിതയിൽ. അതിന് അദ്ദേഹം പുലയരുടെ കുതിരകെട്ടുകളിപ്പാട്ടിന്റെ ശീലു സ്വീകരിച്ചിരിക്കുന്നു. കാവ്യനർത്തകിയെ ആസ്വാദകമനസ്സിൽ കെട്ടിയാടിച്ചത് ഈ ശീലുതന്നെ യാണ്. രോഗാവസ്ഥയിലാണ് ചങ്ങമ്പുഴ ഇത് എഴുതിയത്. വേദനയുടെ ലഹ രിയിൽ രാഗതാളഭാവനാസമ്മിളിതമായൊരു കാവ്യം രചിക്കാൻ അദ്ദേഹ ത്തിന് കഴിഞ്ഞു. കുതിരകെട്ടുകളിപ്പാട്ടിന്റെ ശീലിന് കോട്ടം തട്ടാതെയും തന്റേതായ ഭാഷാസൗകുമാര്യങ്ങൾ മുഴുവൻ പ്രയോഗിച്ചുമാണ് രചന. ചങ്ങ

മ്പുഴയിൽ മലയാളകവിത അഞ്ചിക്കുഴഞ്ഞഴിഞ്ഞാടുകയാണ് ചെയ്തത്. അങ്ങനെ കനകച്ചിലങ്ക എന്ന ശീൽ പ്രാമാണീകരിക്കപ്പെട്ടു. നാടൻപാട്ടുകളിലും ചമ്പുക്കളിലും യഥേഷ്ടം ഉണ്ടെങ്കിലും ചിരപ്രതിഷ്ഠ നേടിക്കൊടുത്തത് ചങ്ങമ്പുഴതന്നെ.

ലളിതേ, നിൻ കൈവിരലുകളിളകവേ, കണ്ടു ഞാൻ
കിളിപാറും മരതകമരനിരകൾ
കനകോജ്ജ്വലദീപശിഖാരേഖാവലിയാലേ
കമനീയകലാദേവത കണിവച്ചതുപോലേ

ആദ്യവരിയിൽ ലളിതേ, കഴിഞ്ഞാൽ യതിയില്ലാതെ 'മരനിരകൾ' വരെ താളാനുസൃതമായുള്ള പോക്കാണ. തൊട്ടടുത്ത രണ്ടു വരികൾ യതിയോടുകൂടി താളക്രമത്തിൽ നിൽക്കുന്നു. ഇത്തരത്തിൽ നർത്തനത്തിന്റേതായ താളം മുറിഞ്ഞുപോകാത്തരീതിയിലുള്ള രചനാശൈലി കാവ്യനർത്തകിക്ക് ചിരകാല പ്രതിഷ്ഠ നേടിക്കൊടുത്തു.

ദേവഗീത

ഗീതാഗോവിന്ദത്തിന്റെ സ്വതന്ത്രവിവർത്തനമാണിത്. ആലാപനമാധുര്യവും ശൃഗാരവും കൽപ്പനാവിലാസവുമാവാം ഈ കൃതി വിവർത്തനം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഗീതാഗോവിന്ദത്തിലെ
ഈ പ്രത്യേകതകൾ വിവർത്തനത്തിലും വരുത്താൻ ശ്രമിച്ചിട്ടുണ്ട്. ശാർദ്ദൂലവിക്രീഡിതം, സ്രഗ്ദ്ധര തുടങ്ങിയ സംസ്കൃത വൃത്തങ്ങളും കാകളി, മഞ്ജരി, തുടങ്ങിയ ദ്രാവിഡ വൃത്തങ്ങളും ഓമനക്കുട്ടൻ ഗുണമേറും ഭർത്താവേ, കോടക്കാർമുകിൽ തുടങ്ങിയ ശീലുകളും ഇടകലർത്തിയാണ് രചിച്ചിരിക്കുന്നത്.

ഗോപനാരികളിലൊന്നുപോൽ പ്രണയ-
മംബുജേക്ഷണനു കാൺകയാൽ
കോപമാർന്നുടനുനുയർന്നകന്നകലെ
വന്നരാഗവതി രാധിക

എന്നിങ്ങനെ ഏറിയകൂറും പശ്ചാത്തല വിവരണവും കഥാഖ്യാനവും മറ്റും കുസുമമഞ്ജരിപോലുള്ള സംസ്കൃത വൃത്തങ്ങളിലും രാധാകൃഷ്ണ സംഭാഷണങ്ങളും പ്രകൃതി ചിത്രണങ്ങളും ദ്രാവിഡ-നാടോടി ശീലുകളിലും ചേർത്തിരിക്കുന്നു.

അവിടെയക്കാണുന്ന കാഴ്ചയെന്താ
ണയിസഖിരാധേ നീയങ്ങുനോക്കൂ.

'ഗുണമേറും ഭർത്താവേ' എന്ന തിരുവാതിരപ്പാട്ടിന്റെശീലിൽ രചിച്ചിരിക്കുന്ന ഈ വരികൾ രാധാകൃഷ്ണപ്രണയും വ്യക്തമാക്കാൻ പോന്നവയാണ്. ദേവഗീതയിലെ പ്രണയത്തിന് കാൽപ്പനികഭാവം പകർന്നു നൽകാൻ പ്രാപ്തമായ ശീലുകളുടെ സന്നിവേശമാണ് ആ കൃതിയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത

കേരളഗീതം

പേരുസൂചിപ്പിക്കന്ന പോലെ ഒരു ഗീതം തന്നെയാണിത്. കേരളത്തെക്കുറിച്ചുള്ള ഗീതം. തുള്ളൽ പാട്ടുകളിലെ പ്രധാനവൃത്തമായ തരംഗിണിയുടെ തന്നെ ദീർഘതരഗിണീ മാതൃകയാണ്. കാണുന്നതെങ്കിലും ഗണവ്യവസ്ഥ കൃത്യമല്ല. സംഗീതത്തോടെയാണ് ഈ കവിതയ്ക്കടുപ്പം.

തുംഗവിഭാവിതശൈല വിലാസിനി രഞ്ജിത ശൈവലിനി
മംഗളദായിനി, മലയജമേദിനി, ജയജയജയജനനി

സംഗീതത്തിന്റെ, അനന്തസാധ്യതകളെ പ്രയോജനപ്പെടുത്താവുന്ന തരത്തിലാണ് ഇതിന്റെ രചന. മഹിഷാസുരമർദ്ദിനി സ്തോത്രത്തിന്റെ ആലാപനരീതിയുമായി ഈ കവിതയ്ക്ക് ബന്ധമുണ്ട്.

അയി ഗിരി നന്ദിനി നന്ദിത മേദിനി
വിശ്വ വിനോദിനി നന്ദനുതേ
ഗിരിവരവിന്ധ്യശിരോധിനിവാസിനി
വിഷ്ണു വിലാസിനി ജിഷ്ണുനുതേ

ഈ സ്തോത്രത്തെ ഒരു തരം ഊനതരംഗിണിയായി മലായാള വൃത്തപഠനത്തിൽ പി.നാരായണകുറുപ്പ് കാണുന്നുണ്ട്. കേരളഗീതം ആദ്യ പാഠം ഒഴിച്ചുള്ള എല്ലാപദങ്ങളും ഈ താളക്രമത്തിലാണ് കാണുന്നത്. ആദ്യ പാദത്തെ സംഗീതമയമാക്കുന്നതിനുവേണ്ടിയാവും 4 മാത്രകൾ കുറച്ച് മാറ്റങ്ങൾ വരുത്തിയത്.

സംഭാഷണരൂപത്തിലുള്ള കാവ്യശകലങ്ങൾ

സമാഹരിക്കപ്പെടാത്ത കവിതകളുടെ കൂട്ടത്തിലുള്ള ഒരു ഹ്രസ്വകവിത, പ്രയോഗിക്കപ്പെട്ടിരിക്കുന്ന ശീലുകൾ കൊണ്ട് സഹൃദയ ശ്രദ്ധ ആകർഷിക്കാൻ പോന്നതാണ്. നായകനും നായികനും തമ്മിലുള്ള സംഭാഷണമാണിതിൽ. ഓമനക്കുട്ടൻ ഗോവിന്ദൻ.... എന്ന തിരുവാതിരക്കളിപ്പാട്ടിന്റെ ശീലിൽ നായകനും ഗുണമേറും ഭർത്താവേ...മട്ടിൽ നായികയും പാടുന്നു. നായകന് ശൃംഗാരവാൽസല്യഭാവങ്ങളാണ് അതിനനുസൃതമായ ശീലുതന്നെയാണ് ഓമനക്കുട്ടൻ.

എന്നോടൊന്നിച്ചിരുന്നു പാടുവാൻ
വന്നിടുന്നോ നീ വൽസലേ?

നായികയ്ക്ക് പിണക്കമാണ് അവളുടെ പരാതിയും പരിഭവവും ദ്യോതിപ്പിക്കുന്ന തരത്തിലാണ് വ്യത്യസ്തതാളം പ്രയോഗിച്ചിരുന്നത്.

സുരഭിലസ്വപ്നങ്ങളേകുവാനാ
സ്സുമയില്ലേ ചെന്നു വിളിക്കരുതേ

എന്ന് ഗുണമേറും മട്ടിൽ ആ പരിഭവം വ്യക്തമാക്കിയിരിക്കുന്നു. ഒരു ലളിതാഗാനത്തിന്റെ ലാളിത്യം ഈ കാവ്യശകലത്തിനുണ്ട്. ഇതുപോലെ മറ്റൊന്ന് മാരകാകളീ വൃത്തത്തിൽ രചിക്കപ്പെട്ട ഒരുഹ്രസ്വകവിത രാഗപാരാഗം എന്ന സമാഹാരത്തിൽ കാണാം.

കാമുകി	:വെള്ളിനിലാക്കതിർപ്പൂനിഴൽക്കാട്ടിലെ പുള്ളിമാൻ പേടയീരാത്രീ
കാമുകൻ	:ചെല്ലമേ, നിന്നെപ്പോൽ സ്വർഗ്ഗം രചിക്കുമുൽ ഫുല്ലോല്ലസൽസ്വപ്നദാത്രി
കാമുകി :	വാനിന്റെ വക്കിൽ നിന്നാടിയൂർന്നെത്തിയ വാർമയിൽപ്പേടയീരാത്രി
കാമുകൻ	:അപ്രതിമോജ്ജ്വല മൽപ്രിയേ നിന്നെപ്പോ- ലൽഭുതോത്തേജകഗാത്രി

ആദ്യസമാഹാരമായ ബാഷ്പാഞ്ജലിയിൽ ശകുന്തളാവാക്യ(തിരുവാതിരക്കളിപ്പാട്ട്) ത്തിലെ കല്യാണീ കളവാണീയുടെ മട്ടിലുള്ള ആത്മരഹസ്യത്തിനും സംഗീതാത്മകത്വം ഏറെയാണ്. ഒരു ലളിതഗാനത്തോടൊക്കുന്ന രചനാകൗശലമാണിവിടെയും കാണുന്നത്.

മഞ്ഞണിപ്പൂനിലാവ് പേരാറ്റിൻ കടവിങ്കൽ
മഞ്ഞളരച്ചുവച്ചു നീരാടുമ്പോൾ

ഈചലചിത്രഗാനത്തിന്റെ രാഗത്തിൽ ആത്മരഹസ്യം മുഴുവൻ ചൊല്ലാവുന്നതാണ്. ഇത്തരത്തിലുള്ള ഒട്ടേറെക്കവിതകൾ ചങ്ങമ്പുഴയുടേതായുണ്ട്.

ഒരു സംഗീതനാടകത്തിന്റെ മട്ടിൽ രചിക്കപ്പെട്ട കാവ്യമാണ് ദേവയാനി. സംസ്കൃതവൃത്തങ്ങളെയും നാടോടിയായശീലുകളെയും ഒരുമിച്ച് നിബന്ധിച്ചിരിക്കുകയാണിവിടെ. ഔചിത്യത്തോടെയുള്ള താളഘടനയാണ് സ്വീകരിച്ചിരിക്കുന്നത്. ദേവഗുരുവായ ബൃഹസ്പദിയുടെ മകൻ കചനും അസുരഗുരുവായ ശുക്രാചാര്യരുടെ മകൾസദേവയാനിയും തമ്മിലുള്ള പ്രണയമാണിവിടെ വിഷയമെങ്കിലും വരേണ്യവിഭാഗത്തിലെ നായകനും അധഃകൃതവിഭാഗത്തിലെ നായികയും തമ്മിലുള്ള പ്രണയമാണ് ഈ കാവ്യം നിലനിൽക്കുന്നത്. അതുകൊണ്ടു തന്നെ കചന്റെ വാക്കുകൾ സംസ്കൃതവൃത്തത്തിലും ദേവയാനിയുടേത് നാടോടിത്താളത്തിലുമാണ്.

'നീറുന്നതീച്ചൂളയിലെ ഗളഹസ്തം', 'പാടാനും പാടില്ലേ', 'ചുട്ടെരിക്കിൻ കരയും ഞാൻ' എന്നിവ ആവേശത്തോടെയാണ് ജനങ്ങൾ വായിച്ചത്. ഈ നാല് കവിതകളിലും കവിയുടെ പ്രതിഷേധവും സമാരഹ്വാനവും വ്യവസ്ഥാപിതമൂല്യങ്ങളോടുള്ള എതിർപ്പുമാണ് കാണുന്നത്. മഞ്ജരീവൃത്തത്തിന്റെ പതിഞ്ഞതാളത്തെ ഇരട്ടിപ്പിച്ച് ദ്രുതതാളമാക്കിയാണ് ഈ പ്രതിഷേധങ്ങളെ കവി ഇണക്കിയിരിക്കുന്നത്. സ്വതേ അയഞ്ഞതാളത്തെ ലഘുക്കൾകൂട്ടി ചടുലമാക്കി പ്രയോഗിച്ച് തന്റെ ഭാവതലത്തെ ആസ്വാദകരിൽ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ കവിതകളിലെ വൈവിദ്ധ്യമാർന്ന താളത്തിന് സഹൃദയരെ കൂടതൽ ആകർഷിക്കാൻ കഴിഞ്ഞു. പത്തൊൻപത് ഗീതകങ്ങൾ ചേർത്തുണ്ടാക്കിയ കൃതിയാണ് നിഴലുകൾ. തികിച്ചും വിഷാദാത്മങ്ങളാണ് ഇതിലെ ഗീതങ്ങൾ. പ്രപഞ്ച വ്യവസ്ഥിതിയുടേ പേരിൽ വിഷാദിക്കുകയും പരാതിപ്പെടുകയും ചെയ്യുന്ന ഒരു കവിയുടെ ആത്മാലാപങ്ങളാണിത്. വിഷാദഛരായ കലർന്ന സംഗീതാത്മകത്വമാണ് ഈ കൃതിയെ വേറിട്ടു നിർത്തുന്നത്. പ്രസിദ്ധങ്ങളായ ദ്രാവിഡവൃത്തങ്ങളും നാടോടിശീലുകളും ഇടകലർത്തിയുള്ള രചനയാണിത്. പലപ്പോഴായി എഴുതിയ കവിതകളുടെ സമാഹാരമാണ് രാഗപാരഗം.പ്രേമഭാവനകളാണ് ഭൂരിഭാഗം കവിതകളുടെയുംവിഷയം. അതിൽ ഇരുപത് ഖണ്ഡങ്ങളുള്ള ഒരു ദീർഘകവിതയാണ് കാമുകന്റെ സ്വപ്നങ്ങൾ, മലയാളത്തിലെ മിക്ക മട്ടുകളും ഇതിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. വസന്തോൽസവം രാധാകൃഷ്ണപ്രണയം വിഷയമാക്കി എഴുതിയ അപൂർണ്ണകൃതിയാണ്. ദ്രാവിഡവൃത്തങ്ങളിലാണ് രചന. ഒരു കീർത്തനവും ഇതിൽ ചേർത്തിട്ടുണ്ട്. പല്ലവി, അനുപല്ലവി, ചരണങ്ങൾ ചേർന്നുള്ള ഒരു കീർത്തനത്തിന്റെ കെട്ടിലും മട്ടിലുമാണ്. രചന നിർവ്വഹിച്ചിരിക്കുന്നത്.ഈ കവിതകളിലെല്ലാം മുന്നിട്ടു നിൽക്കുന്നത് ചങ്ങമ്പുഴയിലെകവിയല്ല: ഗായകനാണ്. ആ കവിതകളിൽ ഭൂരിഭാഗവും പ്രണയ

കവിതകൾ ആണെന്നുള്ളതും ശ്രദ്ധേയമാണ്. ചങ്ങമ്പുഴയിലെ കവിയല്ല; ഗായകനാണ്. ആ കവിതകളിൽ ഭൂരിഭാഗവും പ്രണയ കവിതകൾ ആണെന്നുള്ളതും ശ്രദ്ധേയമാണ്. ചങ്ങമ്പുഴയിലെ ഈ ഗാനാത്മകത വിവർത്തനം ചെയ്യാനും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നുള്ളത്ത് ഒരു ഗായകനെ നിലയിലുള്ള അംഗീകാരമാവുന്നു. പ്രസിദ്ധകവിയായ വാഴക്കുലയിലെ ആദ്യ ഈരടിയും പരിഭാഷയും നോക്കുക

SL മലയപ്പുലയനാമാടത്തിൻ മുറ്റത്ത്
    മഴവന്ന നാളൊരു വാഴ നട്ടു.

TL Malaya the Pulaya infront of his little hut
    Planted a plantain in rainy season

(ആർ നാരായണക്കുറുപ്പ്)***

ചങ്ങമ്പുഴ പ്രയോഗിച്ച താളമുൾപ്പടെ വിവർത്തനത്തിൽ ചേർന്നിരിക്കുന്നു. എത്ര കാവ്യാത്മകമായ ഗദ്യത്തിലാക്കിയാലും ആ വിരകളിലെ സൗന്ദര്യം നഷ്ടപ്പെടും എന്ന ഉത്തമബോദ്ധ്യമാണ് ഇത്തരത്തിലുള്ള വിവർത്തനത്തിലേയ്ക്ക് നയിച്ചത്. അതിനർത്ഥം വരികളിലടങ്ങിയ താളമാണ് അതിന്റെ വ്യക്തിത്വം എന്നു തന്നെ.

ചങ്ങമ്പുഴ സ്വയം ഒരു ഗായകനായറിയപ്പെടാനാണ് ആഗ്രഹിച്ചത്. 'യവനിക', 'പാടാനും പാടില്ലേ' പോലുള്ള കൃതികളിൽ സ്വന്തം വ്യക്തിത്വമാണ് പാടി ഫലിപ്പിച്ചിരിക്കുന്നത്.രാത്രിയിൽ ആടുകയും പാടുകയും ചെയ്യുന്ന ചെറുമക്കളിലും (പാടാനും പാടില്ലേ) ആത്മനിർവൃതിയിൽ സ്വയമറിയാതെ പാടുന്ന ശേഖരകവിയിലും (യവനിക)കവി തന്നെത്തന്നെയാണ് കാണുന്നത്. ആത്മാവുമുഴുവൻ സംഗീതം നിറച്ച പാട്ടുകാരൻ തന്നെയായിരുന്നു അദ്ദേഹം. മലയാളത്തിന്റെ താളസമ്പന്നതയേയും വൈവിദ്ധ്യത്തേയും ഇത്രയേറെ ക്കണ്ടറിഞ്ഞ കവി വേറെയുണ്ടാകില്ല.

---

* *കവിതയിലെ സമാന്തരരേഖകൾ, ഒ.എൻ.വി.കുറുപ്പ്, ഡി.സി.ബുക്സ് കോട്ടയം, രണ്ടാം പതിപ്പ്, 1995, പുറം 66

***ചങ്ങമ്പുഴക്കവിതകൾ, ഡി.സി.ബുക്സ്, കോട്ടയം, ഒന്നാം പതിപ്പ്, 2004, പുറം 720

***വിവർത്തനവും ആശയവിനിമയവും, ഡോ.കെ.വി.തോമസ്സ്, ലിപിപബ്ലിക്കേഷൻസ്, കോഴിക്കോട്, രണ്ടാം പതിപ്പ്, 2011, പുറം 26.

സംഗീതത്തിന്റെ ഇടവഴിയിലൂടെ

പി.ഡി.സാവിത്രി

എം.എ.എം. ഫിൽ, സെറ്റ് (മലയാളം) അധ്യാപിക, ഭവൻസ് മുൻഷി വിദ്യാശ്രം തിരുവാങ്കുളം. അക്ഷരശ്ലോക സദസ്സുകളിൽ നിന്ന് അനേകം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ ചെയ്യുന്നു.

വിലാസം: വടശ്ശേരി മന, ഞറയ്ക്കൽ പി.ഒ, കൊച്ചി പിൻ: 682505

ഇമെയിൽ: pdrema@gmail.com

കഴിഞ്ഞ ലക്കത്തിൽ അനുഷ്ഠാനകലാരൂപമായ മ്ലാവേലി/രാവേലിയെക്കുറിച്ചു പറഞ്ഞുവല്ലൊ. അതുപോലെ തന്നെ അധികമാരാലും ശ്രദ്ധിക്കപ്പെടാതെ പോയ മറ്റൊരു അനുഷ്ഠാന കലാരൂപമാണ് ബ്രാഹ്മണിപാട്ട്. ഈ ലക്കത്തിൽ അതിനെക്കുറിച്ചുള്ള ചില പരിമിതമായ അറിവുകൾ അനുവാചകരുമായി പങ്കു വയ്ക്കുകകയാണ്.

ബ്രാഹ്മണി പാട്ട്

കേരളത്തിലെ ആരാധനാലയങ്ങളിൽ സ്ത്രീ സാന്നിധ്യമുള്ള അപൂർവ്വം അനുഷ്ഠാന കലകളേയും പോലെ ഒരു പ്രത്യേക സമുദായത്തിന്റെ തട്ടകത്തിലാണിതിനും സ്ഥാനം.പുഷ്പകത്തുത്തുള്ള ബ്രാഹ്മണിയമ്മമാരാണ് ഈ കല അവതരിപ്പിക്കാറുള്ളത്. ബ്രാഹ്മണ സമുദായത്തിൽ നിന്നു തന്റേതല്ലാത്ത കാരണങ്ങളാൽ ഭ്രഷ്ട് വന്നവരാണ് ഈ സമുദായമായി മാറിയിട്ടുള്ളത്. നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾക്കും പൂജ നടത്താനുള്ള അവകാശമുണ്ടായിരുന്നു. സാങ്കേതിക കാരണങ്ങളാൽ ഭ്രഷ്ടരായവർക്ക് ഇതിനുള്ള അവസരം നിഷേധിക്കപ്പെട്ടിരുന്നു. അതിനു പരിഹരമായി അവർക്കു ഈശ്വരസന്നിധിയിൽ കൽപിച്ചു കൊടുത്ത ഒരനുഷ്ഠാനമായിരുന്നു ബ്രാഹ്മണിപാട്ട്.

വിസ്തരിച്ചു ബ്രാഹ്മണി പാട്ടു നടത്തുന്നത്

വലിയമ്പലത്തിൽ നിറമാല കൊണ്ടലങ്കരിച്ച് തിരുവുടയാടയും വാൽക്കണ്ണാടിയുമൊക്കെ വച്ച്, കുളിച്ച് ശുഭ്ര വസ്ത്രധാരിണീയായ ബ്രാഹ്മണിയമ്മ അതിനടുത്തു നിന്നാണ് പാടുന്നത്. മറ്റു പല അനുഷ്ഠാന കലകളിലും കാണുന്നപോലെ ഒരു പ്രത്യേക താളത്തിലാണ് ബ്രാഹ്മണിപ്പാട്ടും ആലപിക്കുന്നത്. എന്നാൽ ചില അമ്പലങ്ങളിൽ ബ്രാഹ്മണിപാട്ട് നിത്യേനയുണ്ട്. ഇത്തരം സ്ഥലങ്ങളിൽ മണ്ഡപത്തിനടുത്ത് സോപാനത്തോടു ചേർന്നു നിന്നാണ് പാടുന്നത്. ഇതിന് മട പാടുക എന്നാണ് പറഞ്ഞു വരുന്നത്. അവതാരം (കൃഷ്ണന്റെ), സ്വയം വരം(പാർവതിയുടെ), ഭദ്രകാളിസ്തുതി എന്നീ പാട്ടുകളാണ് പ്രധാനപ്പെട്ടവ.

പണ്ടു മുതൽ പാടി വരുന്ന പാട്ടുകളെല്ലാം തന്നെ മഴമംഗലത്തിന്റേതാണെന്നു കരുതപ്പെടുന്നു. കൃത്യമായ രേഖകളൊന്നും കിട്ടിയിട്ടില്ല.

സോപാനസംഗീതത്തിൽ കാണുന്നതുപോലെ പുതിയ പാട്ടുകളൊന്നും തന്നെ ബ്രാഹ്മിപാട്ടിനുപയോഗിക്കാറുമില്ല. പ്രസിദ്ധങ്ങളായ പലക്ഷേത്രങ്ങളിലും ബ്രാഹ്മണിപാട്ടു നടന്നു വരുന്നു. ചോറ്റാനിക്കര ദേവീക്ഷേത്രം, ഐരാണിക്കുളം ശിവക്ഷേത്രം(മാള), തിരുവൈരാണിക്കുളം മഹാദേവക്ഷേത്രം(ധനുമാസത്തിൽ തിരുവാതിരയ്ക്കു നടതുറന്നാൽ അടയ്ക്കുന്നതു വരെ തുടർച്ചയായി പാട്ടുണ്ടാകും) എന്നിവ ചിലതു മാത്രം.

മട പാടുന്നത് വഴിപാടായാണ് അധികവും നടത്താറുള്ളത്. സന്താനലാഭത്തിനും വിവാഹം കഴിയുന്നതിനും ആളുകൾ മടപാടിക്കാറുണ്ട്. വിസ്തരിച്ചുള്ള ബ്രാഹ്മണി പാട്ടും ഇതുപോലെ നടത്തിവരുന്നു.

അനുബന്ധം: ഈ ലേഖനത്തിനു വേണ്ടി ഞാൻ പലരേയും (ഈ സമുദായംഗങ്ങളെ തന്നെ) സമീപിച്ചിരുന്നു. ആർക്കും കൃത്യമായ അറിവില്ല. എന്നതുകൊണ്ടു തന്നെ ഇതിൽ കൂട്ടിച്ചേർക്കാൻ ഉണ്ടാവാം. പലരോടും സംസാരിച്ചതിൽ നിന്നും ഉരുത്തിരിഞ്ഞ ചില കാര്യങ്ങളാണിവിടെ എഴുതിയിട്ടുള്ളത്.

ആവേദകർ: ശ്രീമതി ദേവീ ബ്രാഹ്മണിയമ്മ ഐരാണിക്കുളം,
ശ്രീമതി സരിത ബ്രാഹ്മണിയമ്മ ഇരിഞ്ഞാലക്കുട,
ശ്രീമതികെ.പിഉമാദേവി (ശ്രീ പുഷ്പകബ്രാഹ്മണ സേവാ സംഘം പ്രസിഡന്റ്

*ഋതുമതികളാകുന്നതിനു മുൻപുതന്നെ നമ്പൂതിരിപെൺകുട്ടികളുടെ വിവാഹം നടക്കണം എന്നായിരുന്നു പഴയ നാട്ടു നടപ്പ്. അക്കാലങ്ങളിൽ വിവാഹത്തിനു മുൻപ് ഋതുമതിയായാൽ അവർ ഭ്രഷ്ടരായിരുന്നുവത്രേ. അങ്ങനെ ഭ്രഷ്ടരായിരുന്നവർ പുഷ്പിണികളെന്നും അവരുടെ ഗൃഹം പുഷ്പകമെന്നും അറിയപ്പെട്ടുപോന്നു. പിന്നീട് അവരെ ബ്രാഹ്മണിയമ്മമാർ എന്നും പറഞ്ഞു പോരുന്നു.

സരസ്വതി സ്തുതി ബ്രാഹ്മണിപ്പാട്ട്

നളിനവിലോചനനാഭിനളിനസ-
മുത്ഭവനാകിയ നാന്മുഖഭഗവാൻ
നാനാലോകങ്ങളെയും നിരവധി
നിർമ്മിപ്പതിനുതുടങ്ങുന്നാളിൽ,
തന്തിരുവടി തന്നോമന മകളായ്
ചാരുപിറന്ന സരസ്വതി ദേവി
നിന്തുരുവടിയെ ഞാൻ സ്തുതിക്കുന്നേൻ:

ഓത്തുകൾ കൊണ്ടുമതിങ്കലിണങ്ങിയ
വിദ്യകൾകൊണ്ടും ദിവ്യജനങ്ങൾ-
ക്കങ്ങനെയൊന്നു ഗണിക്കരുതാത
ചരിത്രമിയന്ന സരസ്വതിദേവി,
നിന്തുരുവടിയെ ഞാൻ സ്തുതിക്കുന്നേൻ:

മന്ദാരത്തിനു മന്ദത ചേർത്തണി
ചന്ദ്രകരത്തിനു ചന്തമറുത്തു, തു-
ഷാരങ്ങെറിക്കു വിഷാദമിയററി-
ക്കർപ്പൂരത്തിനുമുൾച്ചൂടേറ്റി,-
ക്കാശശ്രീയോടുകൂടി കേശിപ്പൊരുതി, ജയ-
ശ്രീ കൊള്ളും തിരുമെയ്യഴകിൽ
പൊൻ നിറമാർന്ന സര്സ്വതി ദേവി,
നിന്തുരുവടിയെ ഞാൻ സ്തുതിക്കുന്നേൻ:

മോഹിനിയാട്ടത്തിൽ കേരളതാളങ്ങളുടെ പ്രയോഗം

ശാലിനി ഹരികുമാർ

ബി.എ., എം.എ(മോഹിനിയാട്ടം)ഒന്നാം റാങ്ക്- കേരളകലാമണ്ഡലം കൽപ്പിത സർവ്വകലാശാലയിൽ മോഹിനിയാട്ടം എന്ന വിഷയത്തിൽ ഗവേഷണം ചെയ്യുന്നു. - മോഹിനിയാട്ടം, ഭരതനാട്യം എന്നീ നൃത്തങ്ങൾ അവതരിപ്പിച്ചു വരുന്നു - കർണ്ണാടക മോഹിനായാട്ടം ടെക്സ്റ്റ് ബുക്ക് കമ്മറ്റി മെമ്പർ (2002, 2003)

വിലാസം : സൗപർണ്ണിക, ആർ.എൽ.വി.സ്കൂളിനു സമീപം, തൃപ്പൂണിത്തുറ, കൊച്ചി - 682 301

ഇമെയിൽ: saluharikumar@gmail.com

കേരളത്തിന്റെ ശാസ്ത്രീയ സ്ത്രീ നൃത്തകലയാണ് മോഹിനിയാട്ടം. ഏകദേശം പതിനെട്ടാം നൂറ്റാണ്ടുമുതലാണ് മോഹിനിയാട്ടം എന്ന പേര് ഈ കലയ്ക്ക് കൈകൊണ്ടിട്ടുള്ളൂ എന്നാണ് ചരിത്ര രേഖകളിൽ നിന്നും നമുക്ക് കിട്ടുന്ന അറിവ്. അന്നുമുതൽ ഇന്നുവരെ പലതരത്തിലുള്ള പുതുമകളും പരിഷ്ക്കാരങ്ങളും ഈ കലാരൂപം സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് അതിന്റെ വാചികാഭിനയം.

വാക്കുകളെകൊണ്ടുള്ള അഭിനയമാണ് വാചികാഭിനയം. നാടകംപോലെയുള്ള കലാരൂപങ്ങളിലാണ് സംഭാഷണരൂപത്തിലുള്ള അഭിനയം സാധ്യമാകൂ. മോഹിനിയാട്ടം പോലുള്ള കലകളിൽ സംഗീതരൂപത്തിലാണ് വാചികാഭിനയം സാധ്യമാകുന്നത്.

പണ്ടുകാലങ്ങളിൽ ക്ഷേത്രങ്ങളിൽ ദേവനെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടി ദേവദാസികൾ ആടിയിരുന്ന നൃത്തമാണ് പിന്നീട് മോഹിനിയാട്ടമായി മാറിയതെന്ന് ചില അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. അതേ സമയം ഈ അഭിപ്രായത്തോട് യോജിക്കാത്തവരും ഉണ്ട്. അത് എന്തുതന്നെയായാലും അന്ന് ദേവദാസികൾ നൃത്തം ചെയ്യുമ്പോൾ മതപരമായ ഗാനങ്ങൾ (സ്തോത്രങ്ങൾ/കവചങ്ങൾ) ആണ് ഉപയോഗിച്ചിരുന്നത്.1 തേവാരപണ്ണുകളും ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. ശ്രീകോവിലിനുമുന്നിൽ താന്ത്രിക ക്രിയകളോടൊപ്പം അവതരിപ്പിക്കപ്പെട്ട ക്രിയാംഗത്തിൽ ഉത്തമകൾ (ദേവദാസികൾ) നൂപുരം ധരിക്കുകയോ ചുവടുവെയ്ക്കുകയോ ചെയ്തിരുന്നില്ല. അഭിനയവും ഉണ്ടായിരുന്നില്ല. ചതുർവിധവാദ്യങ്ങളിൽ മണി, കുഴിത്താളം, ഇലത്താളം, ഇവയ്ക്കായിരുന്നു മുൻഗണന.

സുഷിരവും തന്തിയും രണ്ടാം പരിഗണന. ചർമ്മങ്ങൾ വർജ്ജ്യം2. ഇതിൽ നിന്നും നാം മനസ്സിലാക്കുന്നത് ഏകദേശം 12-13 നൂറ്റാണ്ടുവരെ ദേവദാസീ നൃത്തത്തിൽ രാഗതാളങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ടായിരുന്നില്ല എന്നതാണ്. പൂജാരികൾ സംഗീതജ്ഞര

ല്ലാത്തതുകൊണ്ടും. മന്ത്രങ്ങൾ രാഗത്തിൽ ചൊല്ലേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ടും രാഗങ്ങൾക്കും തീരെ പ്രാധാന്യം കൊടുക്കുന്നില്ല. നൃത്തച്ചുവടുകൾ വയ്ക്കുന്നില്ല, ചർമ്മവാദ്യങ്ങൾ വർജ്ജ്യം എന്നിങ്ങനെപ്രതിപാദിച്ചതിൽ നിന്നും വിവിധ താളങ്ങൾക്ക് തീരെ പ്രാധാന്യം നൽകുന്നില്ലെന്നും വേണം മനസ്സിലാക്കുവാൻ.

പിന്നീട് വൃക്ഷചുവട്ടിൽ ഉണ്ടായിരുന്ന ശ്രീമൂലസ്ഥാനം ക്ഷേത്രത്തിലേക്ക് പരിണമിച്ചതോടെ സോപാനം (പടിക്കെട്ട്) ഉണ്ടാവുകയും സോപാനത്തിൽ നിന്ന് സംഗീതം ആലപിച്ചപ്പോൾ അത് സോപാനസംഗീതമായി മാറുകയും ചെയ്തു. ഈ സംഗീതത്തിനൊപ്പം ദേവദാസികൾ നൃത്തം ചെയ്തുപോന്നു. ആ സമയത്തും രാഗതാളങ്ങൾ എന്തായിരുന്നു എന്നതിന് യാതൊരുവിധ രേഖകളും ലഭ്യമല്ല. പന്ത്രണ്ടാം നൂററാണ്ടിൽ ജയദേവൻ രചിച്ച ഗീതാഗോവിന്ദം അഷ്ടപദി കേരളത്തിലെ ക്ഷേത്രങ്ങൾ സ്വീകരിച്ചു.

പിന്നീട് ദേവദാസികളുടെ ജീവിതനിലവാരം കുറഞ്ഞുതുടങ്ങി. ദേവദാസി സമ്പ്രദായം അധ:പതിച്ചു.പതിനെട്ടാം നൂറ്റാണ്ട് ആയപ്പോഴേക്കും കാർത്തികതിരുന്നാൾ ബാലരാമവർമ്മ മഹാരാജാവിന്റെ സദസ്യനായിരുന്ന ചോമാതിരി ഈ ദേവദാസി നൃത്തത്തിനു മോഹിനിയാട്ടം എന്ന പേരു നൽകി എന്നും കുഞ്ചൻനമ്പ്യാരുടെ ചില തുള്ളൽകഥകളിൽ മോഹിനിയാട്ടത്തെപ്പറ്റി പരാമർശിച്ചിരുന്നതായും ചരിത്രരേഖകൾ പറയപ്പെടുന്നു.

പത്തൊൻപതാം നൂറ്റാണ്ടിൽ സ്വാതിതിരുന്നാൾ ഈ മോഹനകലക്കുവേണ്ടി ധാരാളം സംഭാവനകൾ ചെയ്തു. അദ്ദേഹം മോഹിനിയാട്ടത്തിനുവേണ്ടി ധാരാളം കൃതികൾ രചിച്ചു. ആ കാലത്ത് ജീവിച്ചിരുന്നവരും തമിഴ്നാട്ടിൽ നിന്നും വന്നവരുമായ നാൽവർ സഹോദരന്മാരിൽ വടിവേലുവിന്റെ സഹായത്തോടെ അദ്ദേഹം മോഹിനിയാട്ടത്തിൽ പല പരിഷ്ക്കാരങ്ങളും കൊണ്ടുവന്നു. അതുകൊണ്ടായിരിക്കാം അന്ന് തമിഴ് നാട്ടിൽ നിലനിന്നിരുന്ന നൃത്തരൂപമായ ഭരതനാട്യത്തിനുപയോഗിച്ചിരുന്ന കർണ്ണാടകസംഗീത താള സമ്പ്രദായം സോപാനരാഗതാളങ്ങളിൽ ചെയ്തുവന്ന മോഹിനിയാട്ടത്തിലും കൈകൊണ്ടതെന്നു പറയാം. പക്ഷെ സ്വാതിതിരുനാൾ സോപാന(കേരള) രാഗതാളങ്ങളിലും കൃതികൾ രചിച്ചിട്ടുണ്ടെന്നതിനു തെളിവുകൾ ഉണ്ട്. മോഹിനിയാട്ടത്തിനു പയോഗിച്ചിരുന്ന വാദ്യങ്ങളിലും പരിഷ്ക്കാരങ്ങൾ വരുത്തി. തൊപ്പിമദ്ദളം, തിത്തി മുതലായ വാദ്യങ്ങളിൽ നിന്നും മൃദംഗം, വയലിൻ എന്നിവയ്ക്ക് സ്ഥാനം വന്നതോടെ കേരള താളങ്ങളുടെ സ്ഥാനം പോയി കർണ്ണാടകതാളങ്ങൾ നിലവിൽ വന്നു.

1930 ൽ മഹാകവി വള്ളത്തോൾ നാരായണമേനോനുംമുകുന്ദ രാജാവും ചേർന്ന് കലാമണ്ഡലം സ്ഥാപിച്ചു. അവിടെ മോഹിനിയാട്ടം ഒരു പാഠ്യവിഷയമാവുകയും ചെയ്തു.

ഗുരുവും (നട്ടുവാങ്കം) ഒരു പിൻപാട്ടുകാരനും പാട്ടുകാരനെസഹായിക്കാൻ വയലിനോ, ഓടക്കുഴലോ, താളത്തിന്റെ സഹായത്തിന് മൃദംഗം, ഇടയ്ക്ക മുതലായ വാദ്യങ്ങളും ആണ് മോഹിനിയാട്ടത്തിന്റെ പക്കം. ആദ്യകാലങ്ങളിൽ നട്ടുവനാർ നർത്തകിയുടെ പുറകെ പാട്ടും പാടി നടക്കുന്ന ഒരു സമ്പ്രദായമായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് വള്ളത്തോൾ നാരായണമേനോൻ ആണ് നട്ടുവന്റെയും പക്കത്തിന്റെയും എല്ലാം സ്ഥാനം സ്റ്റേജിന്റെ വലതുവശത്തേക്ക് മാറ്റിയത്. തൊപ്പി മദ്ദളം, തിത്തി മുതലായ വാദ്യങ്ങളുംകേരള രാഗ താളങ്ങളും ആയിരുന്ന മോഹിനിയാട്ടത്തിൽസ്വാതിതിരുനാൾ ആണ് ഇന്ന് കാണു ന്ന പരിഷ്ക്കാരം കൊണ്ടുവന്നത്.

കലാമണ്ഡലത്തിൽ നിന്ന് പഠിച്ചിറങ്ങിയ മോഹിനിയാട്ട നർത്തകികളും ശിഷ്യഗണങ്ങളുമെല്ലാം കർണ്ണാടക രാഗതാളങ്ങൾ ആണ് ഉപയോഗിച്ചുവന്നത്. അതിനൊരു മാറ്റം സംഭവിച്ചത് പരദേശിയായ ഭാരതി ശിവജി എന്ന മോഹിനിയാട്ട നർത്തകിമൂലമായിരുന്നു. അവർ കാവാലം നാരായണപ്പണിക്കരുടെ സഹായത്തോടെ കേരള രാഗതാളങ്ങളെ മനസ്സിലാക്കുകയും അവയെ പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. അതിനുശേഷം കനക്റെലെ, മേതിൽ ദേവിക, ജയപ്രഭാമേനോൻ, സുനന്ദ നായർ തുടങ്ങിയ ഏതാനും ചില കലാകാരികൾ കേരളരാഗതാളങ്ങളെ പ്രയോജനപ്പെടുത്തി.

കേരളതാളങ്ങൾ

താളം എന്നത് സാർവ്വലൗകികമാണ്. പ്രപഞ്ചവുമായി താളത്തിനു അഭേദ്യമായ ബന്ധമാണുള്ളത്. പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളുടെും ചലനം ശ്രദ്ധിച്ചാൽ അത് മനസ്സിലാകും. താളം ഉൾക്കൊള്ളാത്തതായി ഒന്നും ഈ പ്രപഞ്ചത്തിൽ ഇല്ല. ഒരു പർവ്വതത്തിൽ നിന്നുത്ഭവിച്ച നദി വ്യത്യസ്ത കൈവഴികളിലൂടെ പിരിഞ്ഞ് നാനാഭാഗത്തേക്ക് ഒഴുകുന്നതുപോലെ താളങ്ങൾ വ്യത്യസ്ത നാടുകളിൽ അവരുടെ സംസ്ക്കാരം അനുസരിച്ച് വ്യത്യസ്തമായി നിലനിൽക്കുന്നു. അവ പലനാമങ്ങളിലും വ്യത്യസ്തരീതികളിലും എല്ലാം അറിയപ്പെട്ടാലും എല്ലാ താളങ്ങളുടെയും വേരുകൾ ഒന്നുതന്നെയാണ്. പലവിധം താളങ്ങളുള്ളതിൽ കേരളത്തിലെ ശാസ്ത്രീയ കലാരൂപങ്ങളിലും നാടോടികലാരൂപങ്ങളിലും കാണപ്പെടുന്ന താളങ്ങളാണ് കേരളതാളങ്ങൾ. കൃത്യമായ ചൊല്ലിന്റെ സഹായത്തോടെയുള്ള താളങ്ങൾ ആയതുകൊണ്ട് ഇവയെ വായ്ത്താരി താളങ്ങൾ എന്നുവിശേഷിപ്പിക്കാം. ഏക,ചെമ്പട, ത്രിപുട, മുറിയടന്ത, ധ്രുവം, അഞ്ചടന്ത, കാരിക,ഗണപതി, കവിത്തം, ജീവ, നാലുചെമ്പട, എട്ടുചെമ്പട, എടായം എന്നിങ്ങനെപോകുന്നു കേരളതാളങ്ങൾ. കേരളതാളങ്ങളിൽ പലതിനും പേരുകൾ നൽകിയത് കലക്കത്ത് കുഞ്ചൻ നമ്പ്യാരാണ്. ഘനവാദ്യങ്ങളുടെ സഹായത്തോടുകൂടിയാണ് ഇവയുടെ പ്രയോഗം. ക്രമാനുഗതമായി വികസിചച്ചുവരുന്ന ഒരു കാല പരിണാമഘടനയാണ് ഇതിനുള്ളത്3.

കർണ്ണാടക രാഗതാളങ്ങൾ പ്രയോഗിക്കുന്ന പല മോഹിനിയാട്ട നർത്തകികളും ഇതിനെഅംഗീകരിക്കുന്നില്ല. അവരുടെ അഭിപ്രായത്തിൽ കേരള രാഗങ്ങളുടെ പ്രയോഗം ആദ്യം മുതൽ അവസാനം വരെ ഒരേ ടെംപോ ആണെന്നും അതിൽ ഒരു ഊർജ്ജസ്വലത ഇല്ല എന്നുമാണ്. താളങ്ങളാകട്ടെ കർണ്ണാടക താളങ്ങളുടെ അതേ അക്ഷരകാലം തന്നെയാണ് കേരളതാളങ്ങൾക്ക് എന്നതിനാൽ ഇതിൽ എന്താണ് വ്യത്യാസം എന്നുമുള്ള അഭിപ്രായങ്ങളാണ് നിലനിൽക്കുന്നത്. എന്നാൽ അക്ഷരകാലം ഒന്നായതുകൊണ്ട് വ്യത്യാസം അനുഭവപ്പെടുന്നില്ല എന്ന അഭിപ്രായത്തിനോട് യോജിക്കുവാൻ ചില കാരണങ്ങളാൽ സാധിക്കുകയില്ല. ഒരേ അക്ഷരകാലം വരുന്ന താളങ്ങളുടെ അംഗം, ക്രിയ എന്നിവയിൽ വ്യത്യാസം ഉണ്ടായിരിക്കും.താളദശപ്രാണങ്ങളിൽ അംഗം, ക്രിയ എന്നിവയിൽ മാറ്റം വന്നാൽ ആ താളത്തെ വ്യത്യസ്തതാളമായി തന്നെ വേണം കണക്കാക്കുവാൻ. ക്രിയയിലുള്ള മാറ്റം നൃത്തത്തെ സംബന്ധിച്ച് വളരെയധികം ബാധിക്കും. ചുവടുകൾ വയ്ക്കുന്നതിൽ ആ മാറ്റം കാണാവുന്നതാണ്. ഉദാ - കർണ്ണാടകതാളമായ മിശ്രചാപ്പ് - തകിട്ട തകധിമി (7 അക്ഷരം), കേരളതാളമായ മർമ്മതാളം - തെ ഃ ധിതെയ് ഃ ധിതിതൈ ഃ ധിതിതിതൈ (14 അക്ഷരം).മിശ്രചാപ്പിന്റെ പതിനാല് അക്ഷരം വരുന്ന വായ്ത്താരി, തകധിമി തക തകധിമി തകജണു. ഈ രണ്ട് താളം എടുത്തുനോക്കിയാൽ ഒരേ അക്ഷരകാലം ആണ് എന്നത് ഒരു സമാനതയാണ്. എന്നാൽ മർമ്മതാളം എന്നത് സശബ്ദക്രിയയും (ചൊല്ല്) നിശബ്ദക്രിയയും ('ഃ') ചേർന്നതാണ്.

നിശ്ശബ്ദക്രിയയുടെ സമയം സധാരണയായി ചുവടുകൾ വയ്ക്കാറില്ല. അങ്ങനെക്രിയയിൽ വരുന്ന ഈ മാറ്റം ചുവടുകളെയും അതുകൊണ്ട് തന്നെ താളത്തേയും ബാധിക്കും എന്നതിൽ സംശയമില്ല.

കർണ്ണാടക താളങ്ങളിൽ തന്നെ ഒരേ അക്ഷരകാലങ്ങളുള്ള താളങ്ങൾ നിരവധിയുണ്ട്. ഉദാ - ചതുരശ്രജാതി ധ്രുവതാളം (ശ്രീകര) (14 അക്ഷരം), ഖണ്ഡജാതി അടതാളം (വിദള) (14 അക്ഷരം) തിശ്രജാതി മഠ്യതാളം (സാര) (8 അക്ഷരം), ഖണ്ഡജാതി ത്സംപതാളം (ഛണ) (8 അക്ഷരം) മുതലായവ - ഇപ്രകാരം ഒരേ അക്ഷരകാലമുള്ള താളങ്ങളായിട്ടും ഇവ വ്യത്യസ്ത പേരുകളിലാണ് അറിയപ്പെടുന്നത്. കാരണം ഇവയുടെ അംഗങ്ങളും ക്രിയകളും വ്യത്യാസമാണ്. അതുകൊണ്ട് തന്നെ അവ വ്യത്യസ്ത താളങ്ങളായിതന്നെ പരിഗണിക്കപ്പെടുന്നു. ആയതിനാൽ അക്ഷരകാല സമതകൊണ്ട് മാത്രം, താളത്തിൽ വ്യത്യാസം വരുന്നില്ല എന്ന അഭിപ്രായത്തോട് യോജിക്കുവാൻ സാധിക്കുന്നില്ല. അംഗം, ക്രിയ, എന്നിവയിൽ വ്യത്യാസം ഉണ്ടെങ്കിൽ അക്ഷരകാലം ഒന്നായിരുന്നാൽപോലും അവയെ വ്യത്യസ്തതാളങ്ങളായി തന്നെ പരിഗണിക്കേണ്ടതാണ്. മറ്റൊരു പ്രധാനകാര്യം കഥകളിയിൽ പ്രയോഗിക്കുന്നപോലെ കേരളതാളങ്ങളുടെ പതിഞ്ഞകാലപ്രയോഗം ഇത്തരം സമീകരണ വാദങ്ങൾ ഇല്ലാതാക്കുകയും ചെയ്യും.

ഉദാ - ഝമ്പതാളം (10 അക്ഷരകാലം) ഖണ്ഡചാപ്പ് (10അക്ഷരകാലം) ഇവ രണ്ടും ഒരേകാലമായതിനാൽ ഒരേ താളമാണെന്ന അഭിപ്രായം ചിലർ ഉന്നയിക്കാറുണ്ട്. എന്നാൽ ഝമ്പതാളത്തിന്റെ കീഴ്ക്കാലം പ്രയോഗിച്ചാൽ ഇത്തരം സമീകരണവും ഉന്നയിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാകും.

മറ്റൊരു അഭിപ്രായം നിലനിൽക്കുന്നത് ഓട്ടൻ തുള്ളലിലും മറ്റും പ്രയോഗിക്കുന്ന കേരളതാളങ്ങൾ മോഹിനിയാട്ടത്തിൽ പ്രയോഗിച്ചാൽ അത് ഓട്ടൻ തുള്ളൽ പോലെയാകില്ലേ.എന്നാൽ മോഹിനിയാട്ടത്തിന് ഉതകുന്ന കേരളതാളങ്ങൾ ധാരാളമുണ്ട്. കഥകളിയിൽ സ്ത്രീവേഷങ്ങൾ കേരളതാളങ്ങളിലൂടെയാണല്ലോ അവതരിപ്പിക്കപ്പെടുന്നത്. കഥകളിയിലെ സ്ത്രീവേഷങ്ങൾ അതിന്റേതായ ലാസ്യം ഉൾകൊണ്ട് തന്നെയാണ് പ്രയോഗത്തിൽ വരുത്തുന്നത്. ആയതുകൊണ്ട് തന്നെ മോഹിനിയാട്ടത്തിലും കേരളതാളങ്ങൾ പ്രയോഗിക്കാമെന്ന് നിസ്സംശയം പറയാം.

ആദ്യകാലങ്ങളിൽ കേരളരാഗതാളങ്ങളാണ് പ്രയോഗിച്ചിരുന്ന തെന്നും അല്ലെന്നും രണ്ടഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. പിന്നീട് കർണ്ണാടകരാഗതാളങ്ങൾ നിലവിൽ വന്നതോടെ താളങ്ങളുടെ പ്രയോഗം ആവർത്തനവിരസത സൃഷ്ടിച്ചിരുന്നു. കാരണം ആദിതാളത്തിലുള്ള ഇനങ്ങളാണ് കൂടുതലും ഉപയോഗിച്ചിരുന്നത്. പിന്നീട് കലാമണ്ഡലം കല്ല്യാണിക്കുട്ടിയമ്മ അടതാളത്തിലും മറ്റും ഇനങ്ങൾ ചിട്ടപ്പെടുത്തി. ഡോ. നീനാ പ്രസാദിനെപ്പോലുള്ളവർ ധാരാളം വ്യത്യസ്ത താളങ്ങൾ പ്രയോഗിച്ച് ഇനങ്ങൾ ചിട്ടപ്പെടുത്തി. അതുപോലെ കർണ്ണാടകതാളമായാലും കേരളതാളമായാലും വ്യത്യസ്തതാളങ്ങളുടെ പ്രയോഗം മോഹിനിയാട്ടം എന്ന കലയുടെ അഭിവൃദ്ധിയ്ക്ക് ഒരു കാരണമായേക്കാം.

കേരളത്തിലെ മറ്റ് എല്ലാ ശാസ്ത്രീയ കലാരൂപങ്ങളിലും കേരളതാളങ്ങളാണ് പ്രയോഗിക്കുന്നത്. കേരളത്തിന്റെ കല ആയിരുന്നിട്ടും മോഹിനിയാട്ടത്തിൽ മാത്രം ഇപ്പോൾ കർണ്ണാടക താളങ്ങളാണ് കൂടുതലായും പ്രയോഗിക്കുന്നത്. കേരളത്തിനു സ്വന്തമായി സംഗീതവും താളവും ഉണ്ടായിട്ടും മോഹനിയാട്ടത്തിന്റെ വാചികാഭിനയത്തിൽ മാത്രം പരദേശീ സംസ്ക്കാരം മുഴച്ചു നിൽക്കുന്നു. എന്നാൽ ഇന്നത്തെ മോഹിനിയാട്ടം കർണ്ണാടക രാഗതാളങ്ങളെക്കൊണ്ട് സമ്പന്നമാണ് എന്നതും അംഗീകരിക്കേണ്ട വസ്തുതയാണ്. എങ്കിൽ പോലും കേരള സംഗീത താളപദ്ധതികൾ കേരള നൃത്തരൂപമായ മോഹിനിയാട്ടത്തിൽ പ്രയോഗിക്കുന്നതുകൊണ്ട് ഈ രണ്ട് മേഖലകൾക്കും ഉന്നതി ഉണ്ടാകും എന്നതിൽ സംശയമില്ല.

കനക്റെലെ അവരുടെ ബോംബെയിലുള്ള നളന്ദ എന്ന സ്ഥാപനത്തിൽ കേരളതാളത്തിൽ ചിട്ടചെയ്തിട്ടുള്ള അടവുകൾ പാഠ്യവിഷയമാക്കിയിട്ടുണ്ട്. മോഹിനിയാട്ടത്തിനനുയോജ്യമായ കേരളതാളങ്ങൾ വേണ്ടവണ്ണം പ്രയോഗിച്ചാൽ കർണ്ണാടകതാളവുമായി

നടത്തുന്ന സമീകരണവാദങ്ങൾ ഇല്ലാതാക്കുവാൻ സാധിക്കുമെന്ന് നിസ്സംശയം പറയാം. താളങ്ങൾ ഏതുതന്നെയായാലും അവയ്ക്കെല്ലാം ഒരു പൊതു നിയമമുണ്ട്. എന്നാൽ അവ ഓരോ ദേശങ്ങളിൽ നിലനിൽക്കുമ്പോൾ അവ വ്യത്യസ്തമായി നിലനിൽക്കുന്നു. മോഹിനിയാട്ടത്തിൽ വ്യത്യസ്തതാളങ്ങളുടെ പ്രയോഗങ്ങളെക്കുറിച്ചുള്ള ഇത്തരം പഠനങ്ങൾ വിദ്യാർത്ഥികളെ സംബന്ധിച്ച് വ്യത്യസ്ത താളങ്ങളെക്കുറിച്ചുള്ള അറിവു നേടുന്നതിനും മോഹിനിയാട്ടം എന്ന കലയുടെ ഉയർച്ചയ്ക്കും അതിലൂടെ സഹൃദയരിൽ മോഹിനിയാട്ടത്തിന് ഒരു സ്ഥാനം നേടിയെടുക്കാനും സാധിക്കുമെന്നും പ്രതീക്ഷിക്കാം.

റഫറൻസ്

1. കാലി പ്രസാദ് ഗോസ്വാമി, കപില വാത്സ്യായനൻ, ദേവദാസി ഡാൻസിംഗ് ഡാംസെൽ (എ.പി.എച്ച്. പബ്ലിഷിംഗ് കോർപ്പറേഷൻ, ന്യൂഡൽഹി,) പു.47
2. ഡോ. ലീല ഓംചേരി, ഡോ. ദീപ്തി ഓംചേരി, കേരളത്തിലെ ലാസ്യരചനകൾ, തളിനങ്കനടനം മുതൽ മോഹിനിയാട്ടം വരെ (ഡി.സി.ബുക്ക്സ് കോട്ടയം 2001) പു. 27
3. മനോജ് കെ.വി. നാടോടിതാളങ്ങൾ ആധുനിക മലയാളകവിതയിൽ ഗവേഷണപ്രസംഗം. (സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം.ജി.യൂണിവേഴ്സിറ്റി)2009

മാതൃകന്യാചരിതം ആട്ടക്കഥ

രാധാ മാധവൻ

കവി - വിവർത്തക - എഴുത്തുകാരി - ആട്ടക്കഥാകൃത്ത് - കവിതാസമാഹാരങ്ങളും കഥാസമാഹാരങ്ങളും വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനഞ്ച് ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്.

കാംബോജി –ചെമ്പട

ശ്ലോകം:
അഥ യദുകുല ജാതാ ബാലികാ മന്ദമന്ദം
പൃഥയതിസുകുമാരീ ഭാവമഭ്യേത്യ മോദാൽ
ഋതുമതി ഒരു നാളിൽ പൂർവ്വ സന്ധ്യാരുണാംഗീ
മതിമുഖിയഴകേറും പൊയ്ക കണ്ടേവമോർത്താൾ.
പദം:
അമ്പോടീ സരോവരം എത്രയും രമ്യം
ഇമ്പമുണ്ടാം പാർക്കിലേവനും......
ജലജ ബന്ധുതൻ ആഗമം, ത്വരയോടെ കാക്കുമീ
നളിനിയൊരു സുര സുന്ദരിയോ.....

ചഞ്ചല ചില്ലീ കേളീ സമാനം
തരംഗാവലീ മേളനവും
ലാസവിലാസ മദാഞ്ചിത ഈഷൽ
ഹാസം വികസിത കുസുമം.....

തുമ്പമെഴും നവ മുകുളപയോധര
കമ്പനകുതുകി സമീരണൻ
അമ്പോടെ അണയുകയാണോ മല-
രമ്പനു തുണയായെന്നോ.....

രതികർശിതമാം മിഥുനചകോര
സമേതം കുളിർ ജല മിതിലായ്....
മതി വരുവോളം ഓളം തീർത്തിനി
അതിമോദം കളിയാടിടാം....

ശ്ലോകം
സ്നാനം കഴിഞ്ഞു പൃഥ, തൻ മണിമേടയേറി,
ഏണാക്ഷി നിന്നഥ വിടർത്തിതു നീണ്ടവേണി
കാണായിതപ്പൊഴുദയാദ്രിയിൽ ഭാസ്കരൻ താൻ
ചേണാർന്നു ഹാസ മധുരാസ്യനിണങ്ങി നിൽപ്പായ്
പദം:
സപ്ത വർണ്ണാഞ്ചിതനായ് സപ്താശ്വരഥിയായി
സവിതാവെഴുന്നള്ളുന്നു സപ്തർഷി സംസേവിതൻ

പഞ്ചസായക കാന്തി തഞ്ചുമീ സഞ്ചാരി
സഞ്ചരതി, മേ മനസി, രതിരഥ സാരഥിയായ്

അതിരുചിരം രാഗമധുര മുഗ്ദ്ധാനനം
മതികവരുന്നൂ, മേ നൂനം

വര മുനിവരം ഇന്നു അരുണസഖനെ എൻ
അരികി ലണയ്ക്കുകിൽ അതികുതുകം

ദണ്ഡകം
1.പൂർവ്വാദ്രിമേലുദയ ഭാനും വിലോക്യ സതി
ചേതോഹരാംഗനിൽ മയങ്ങീ.
കാന്തി മതി മങ്ങീ -കാന്തനിവനെന്നായ്
സ്വാന്തമതി ലോർത്തധരം /ഉരുവിട്ട മന്ത്രമതു
അരുണസഖഹൃത്തിലുമിണങ്ങി.

2.ആ രാജ കന്യകയിലനുരാഗമാർന്നു ജഗ
ദാനന്ദ കാരകനിറങ്ങീ
ഇനനു തനു താപം- അതനുകൃതതാപം
ശതമമല ശശി കിരണ/ശിശിരതയൊടണഞ്ഞൂ
തരുണിമണിതന്നുടെ സമീപം

3. മധു പൂർണ്ണമാംമധുര വദനാംബുജം കിമപി
അരവിന്ദ ബന്ധു തരമാക്കി
പ്രീതി പുളകാംഗീ-ഭീതി തരളാംഗീ
അരുതരുതു സാഹസം/ ചപലതപൊറുക്കെന്നു.
രമണിയഥ പലതടവു ചൊല്ലീ

4.ഉത്ഥാപ്യ മിത്രേപി നിത്യ കന്യാ ഭവേ
ത്യുക്തേ തെളിഞ്ഞഴലകന്നു.
മൃദുലത പകർന്നൂ -കുളിരുടലിലാർന്നൂ
അയുത ശത കരനികര-പരിലാള നാദിയാൽ
അലർ ശരനുമുടനടർ തുടർന്നൂ.

(തിരശ്ശീല പിടിക്കണം)
5. കഥയെന്തിതെന്നു പൃഥയറിവായതിൽ മുമ്പി
ലാദ്യാങ്കുരോത്സവ ഹൃദന്താ
വിസ്മയ സമേതാ- കന്യകാ മാതാ
കവചമണികുണ്ഡല വിഭൂഷിതം തനുജനെ
പാർത്തിനനെയോർത്തു/ഹൃദിചേർത്തു
(കിടതകിത)

പദം:
രീതിഗൗള - അടന്ത

ദിനകര പ്രഭ ചിന്തും, അനുപമ ലാവണ്യമേ
അതിമോദം മാതാവേകും, പ്രഥമ ചുംബന മേൽക്ക
ദിനകര...
കാഞ്ചന കവചിതം തളിരുടൽ വദനം
കർണ്ണാഭരണ സുശോഭിതം ദിനകര...
എന്നുടെപയോധരം ചുരത്തും വാത്സല്യദുഗ്ദ്ധം
പൊന്നോമനേ! നൽകിടാം നിന്നുടെ മാതാവീ ഞാൻ
നുകരുക നുകരുക ജനനിതൻ ജീവാമൃതം
വളരുക വളരുക അവനിയിൽ ധീരനായ് ദിനകര...
(ആട്ടം)

കുലത്തിന് അപമാനമാകും താൻ ഈ കുഞ്ഞിനെ വളർത്താനൊരുങ്ങിയാൽ എന്ന ചിന്തയിൽ കുന്തി നടുങ്ങുന്നു. അവിടെയെവിടെയെങ്കിലും ഉപേക്ഷിച്ചാൽ തന്റെ കണ്മുന്നിൽത്തന്നെ അവൻ പ്രജകളിൽ ഒരുത്തനായി, അച്ഛനില്ലാത്തവൻ എന്ന്, അപമാനിതനായി വളരും. അതു കണ്ടു സഹിക്കാൻ വയ്യ. കുഞ്ഞിനെ കൊന്നു കളയാൻ തന്നിലെ അമ്മയ്ക്കുസാദ്ധ്യമേയല്ല. . ഇത്തരം വിവിധ വികാരങ്ങളാൽ അവശയാകുന്നു. ആ കുമാരി.

"അച്ഛനാര് ?" എന്ന ചോദ്യശരം നേരിടേണ്ടി വരാതെ, താൻ ജൻമം നൽകിയ കുഞ്ഞിനെ വളർത്താൻ ഒരു സ്ത്രീയ്ക്കു സ്വാതന്ത്ര്യമുണ്ടാകുന്ന നാൾ വരുമോ.... കുന്തി ചിന്തിക്കുന്നു.

മക്കളുടെ വളർച്ചയിൽ പിതാവിനും ഉത്തരവാദിത്തമുണ്ട്. അവന്റെ പിതാവുതന്നെ അവനെ സംരക്ഷിക്കട്ടെ - ദൂരെ ഏതെങ്കിലും നാട്ടിൽ എത്തിച്ചേരട്ടെ- വാത്സല്യം നിറഞ്ഞ കൈകളിൽ വളരുമാറാകട്ടെ-എന്നീ പ്രാർത്ഥനകളോടെ കുഞ്ഞിനെ പെട്ടിയിലാക്കി പുഴയിൽ ഒഴുക്കുന്നു. ഒഴുകിയൊഴുകിപ്പോവുന്ന പേടകം നോക്കിനിൽക്കുന്നു. ഒഴുകിയൊഴുകിപ്പോവുന്ന പേടകം നോക്കി നില്ക്കുന്നു- തളർന്നു വീഴുന്നു.

ധനാശി

ദിവാകരം തപനം താപനാശം
കൃപാകരം ഭുവനക്ഷേമപാത്രം
സുധാകരാരാധനമൂർത്തിമീശം
സദാ നമസ്യേ fഹം ഇനം സുമിത്രം

ചിട്ടസ്വരങ്ങൾ (നെയ്യാറ്റിൻകര വാസുദേവന്റെ ജീവിതം)

ഗ്രന്ഥകാരൻ കൃഷ്ണമൂർത്തി, പ്രസാധകർ ഡി.സി.ബുക്കസ്
വില: 295 രൂപ

ധന്യമായൊരു ജീവിതത്തിന്റെ അതിധന്യമായൊരാവിഷ്ക്കാരം . പുസ്തകത്തിന്റെ പേരിനെ അനർത്ഥമാക്കും വിധം ഇത്ര ചിട്ടയോടെ സ്വരങ്ങൾ പാടാൻ അധികമാർക്കും സാധ്യമല്ല. നെയ്യാറ്റിൻകര വാസുദേവൻ എന്ന മഹാപ്രതിഭയുടെ ജീവിതത്തെ അനുവാചകരുടെ മുൻപിൽ അതിന്റെ എല്ലാ ഉയർച്ചതാഴ്ചകളിലൂടെയും സഞ്ചരിച്ച് കാണിച്ചു തരാൻ കൃഷ്ണമൂർത്തിക്ക് സാധിച്ചു. ആത്മാർത്ഥതയാണീ നോവലിന്റെ മുഖമുദ്ര. ഗുരുക്കന്മാരുടെ അനുഗ്രഹത്തിലൂടെ മാത്രം നേടിയെടുത്ത രചനാ കൗശലം. ജീവിതത്തിലെ ഓരോ രംഗങ്ങളും അതിസൂക്ഷ്മായി വിശകലനം ചെയ്യുന്ന അവതരണ രീതി. പിൻപാട്ടിൽ ശ്രീവത്സൻ ജെ. മേനോൻ എഴുതിയതുപോലെ "ഞങ്ങളുടെ (ഗുരുക്കന്മാരുടെ) അനുഗ്രഹം ഉണ്ട് മൂർത്തി, എന്നാൽ ചിട്ടസ്വരം മുതൽക്കുപാടൂ" എന്നതു കേട്ട മാത്രയിൽ തംബുരു കയ്യിലെടുത്ത മൂർത്തി ലയിച്ചു പാടാൻ തുടങ്ങി. ആ ധന്യമായ ജീവിതത്തെക്കുറിച്ചു പാടിയ പാട്ടിൽ ഒരിക്കൽ പോലും അപസ്വരം കേൾക്കാൻ സാധിച്ചില്ല. ഓരോ സ്വരങ്ങളും അത്ര മേൽ സാധകം ചെയ്തുറപ്പിച്ചിരുന്നു.

നാഗസ്വരത്തിലൂടെ ജീവന സംഗീതം പാടിപ്പോന്ന ഒരു സാധാരണ കുടുംബത്തിലെ ഒരു കുട്ടി അതിപ്രശസ്തനായ ഒരു സംഗീതവിദ്വാനായി ഉയർന്ന കഥ ജന്മവാസനയുടെയും കഠിനാധ്വാനത്തിന്റെയും ഫലമാണെന്ന് വാങ്മയ ചിത്രത്തിലൂടെ അവതരിപ്പിക്കാൻ മൂർത്തിക്കു അനായാസം സാധിച്ചു. സംഗീതം സ്വായത്തമാക്കാൻ അദ്ദേഹം അനുഭവിച്ച കഷ്ടപ്പാടുകൾ വായനക്കാരെ അത്ഭുതപ്പെടുത്തുന്നു. ഒരു പക്ഷെ പണ്ടുള്ള സംഗീതവിദ്വാന്മാരെല്ലാം ഈയൊരു അനുഭവത്തിലൂടെ കടന്നു പോയിട്ടുള്ളവരാകാം. കേവലം പ്രശസ്തിക്കും മത്സരങ്ങൾക്കും വേണ്ടി മാത്രം കലകളെ വാണിജ്യവത്കരിക്കുന്നവർ ഇത്തരം അനുഭവങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്.

ഗുരുക്കന്മാരുടെ ബഹുമാനം, ശിഷ്യരോടുള്ള വാത്സല്യം എല്ലാം തന്നെ നോവലിൽ വ്യക്തമായി ആവിഷ്കരിക്കുന്നു. ശെമ്മാങ്കുടി, ജി.എൻ. ബി, മുത്തയ്യ ഭാഗവതർ, ചെമ്പൈ, ലാൽഗുഡി, പട്ടമ്മാൾ, രാമനാട് കൃഷ്ണൻ പാറശാല പൊന്നമ്മാൾ, മാവേലിക്കര പ്രഭാകരവർമ്മ...തുടങ്ങി അനേകം പ്രഗത്ഭരുടെ ജീവിതവും സ്വഭാവവൈശിഷ്ട്യങ്ങളും ശിഷ്യവാത്സല്യവും ഈ നോവലിന്റെ ഇടമുറിയാത്ത തെളിനീരുറവായി ആദ്യന്തം കാണാം. കഴിഞ്ഞ തലമുറയിലും ഈ തലമുറയിലും പെട്ട സംഗീതകാരന്മാരെല്ലാം നോവലിന്റെ ഭാഗമായി കടന്നു വരുമ്പോൾ 'ചിട്ടസ്വരങ്ങൾ' ഒരു കാലഘട്ടത്തിന്റെ സംഗീത ചരിത്രം കൂടിയായി മാറുന്നു. ഇതിനിടയിലുടെ ജിവിതകഥ ഇടതടവില്ലാതെ മുന്നോട്ടു കൊണ്ടുപോകാൻ മൂർത്തി കാണിച്ച

രചനാകൗശലം പ്രത്യേകം അഭിനന്ദിക്കപ്പെടേണ്ടതു തന്നെയാണ്.

സംഗീതത്തെക്കുറിച്ച് ചിട്ടയായി പറയുമ്പോഴും കഥാകഥനത്തിനെ അതു തെല്ലും ബാധിക്കുന്നില്ല. താൻ ആരാധിക്കുന്ന കലാകാരന്മാരെക്കുറിച്ചും തനിക്കു കൂടി അടുപ്പമുള്ള പലരുടേയും അന്ത്യനിമിഷങ്ങളെക്കുറിച്ചും പറയുമ്പോൾ മൂർത്തിയുടെ വാക്കുകൾ കൂടുതൽ ഹൃദയസ്പർശിയായി മാറുന്നു. രചയിതാവിന്റെ ഉള്ളിലെ ചിത്രകാരനും കവിയും ചിലസന്ദർഭങ്ങളിലെങ്കിലും മറ നീക്കി പുറത്തുവരുന്നത് നമുക്കു കാണാൻ സാധിക്കും. ഒരു നല്ല കച്ചേരിയുടെ ചിട്ടവട്ടങ്ങളിലൂടെ കടന്നു പോകുന്ന ഹർഷഭരിതമായ അനുഭവം വായനക്കാർക്ക് ലഭ്യമാക്കുന്നു ചിട്ടസ്വരങ്ങൾ. എം.ടി.വാസുദേവൻ നായരുടെ അവതാരികയും അയ്മനം ജോണിന്റെ വായനാനുഭവവും ഫോട്ടോകളുടെ വിന്യാസവും കൃതിയെ കൂടുതൽ പ്രൗഢമാക്കുന്നു

രമാകൃഷ്ണൻ, വടശ്ശേരി
ട്രസ്റ്റി, സമകാലികസംഗീതം

SAMAKALIKA SANGEETHAM
A Bilingual/Bi Annual Journal Dedicated to Music
28/189A, Ullasnagar Colony Road
P.O.Chevarambalam, Kozhikode-673017
Phone : +91-495-2741096, Mob : +91-9846162317
e-mail:sangeethajournal@gmail.com
webpage:http://www.admadhavan.org/sangeetham.htm

Membership Form

Name :

Address-to which the Journal is to be sent :

Tel. No . (Off) : (Res) :

Mobile No : e-mail:

I send herewith cash/Photocopy of MO Receipt / Cheque/ DD/ for Rs.................(Rupees...) towards 10 Issues/Life Membership of the **journal of 200 Pages** by ordinary/speed/registered post. I hereby agree to abide by the terms and conditions of Membership of the journal.

Place:

Date:

Signature:

Subscription Rates for Membership :

	In India(*) (Rs)	**Abroad (US$)**
10 Issues	1300	250
Life(20 issues)	2500	400

*Inclusive of ordinary post (URP) charges only. Speed Post@Rs 40/-(average) **per issue** to be added to above, while sending payment, along with telephone number, for sending the hard copy by Speed post, as per latest postal rules.

Payment: Favoring 'SAMAKALIKA SANGEETHAM'
by Cash/MO/Cheque/DD/Transfer to HDFC Bank A/c No.50200004733013 (RTGS/NEFT/ISFC:HDFC0001255), Majestic Centre, Bye Pass Road, Near Baby Memorial Hospital, Kozhikode, 673004, Kerala, India.



SINGING THE SOUND OF SILENCE
by
Lavanya Mundayur

SAMAKALIKA SANGEETHAM
സമകാലിക സംഗീതം